# വാർഷിക റിപ്പോർട്ട്

2024–2025

## ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം | 1 |
| 2 | കമ്മീഷന്റെ  ചുമതലകളും അധികാരങ്ങളും | 3 |
| 3 | ബാലാവകാശ സംരക്ഷണത്തിന്റെ  പ്രസക്തി കേരളത്തിൽ | 6 |
| 4 | കമ്മീഷന്റെ ഘടനയും അംഗങ്ങളും | 7 |
| 5 | പരാതികളും അന്വേഷണവിചാരണയും | 8 |
| 6 | കമ്മീഷൻ സമർപ്പിച്ച പ്രധാന ശുപാർശകൾ | 11 |
| 7 | അന്വേഷണവിചാരണയിലെ പ്രതിസന്ധികൾ | 30 |
| 8 | കമ്മീഷൻ നടത്തിയ സന്ദർശനങ്ങൾ | 30 |
| 9 | സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 പ്രകാരമുള്ള പ്രവർത്തനങ്ങൾ | 35 |
| 10 | ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ ആക്റ്റ് – 2012) പ്രകാരമുള്ള പ്രവർത്തനങ്ങൾ | 40 |
| 11 | പോക്സോ സെല്ലിന്റെ മറ്റ് പ്രവർത്തനങ്ങൾ | 55 |
| 12 | 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ | 62 |
| 13 | ആർ.റ്റി.ഇ., പോക്സോ, ജെ.ജെ. കർത്തവ്യവാഹകർ സംഘടിപ്പിച്ച പരിപാടികൾ | 80 |
| 14 | പബ്ലിക്  റിലേഷൻസ് | 83 |
| 15 | കമ്മീഷൻ സംഘടിപ്പിച്ച മറ്റു പരിപാടികൾ | 85 |
| 16 | ബഡ്ജറ്റും ധനകാര്യവും | 91 |
| 17 | അനുബന്ധം 1, 2 | 94 |

# ആമുഖം

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (കമ്മീഷൻസ് ഫോർ ദ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് ആക്റ്റ് — സി.പി.സി.ആർ.) പ്രകാരം രൂപവൽക്കരിക്കപ്പെട്ട കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 2013 ജൂൺ മൂന്നിനാണ് പ്രവർത്തനം ആരംഭിച്ചത്. കമ്മീഷന്റെ പന്ത്രണ്ടാമത്തെ വാർഷിക റിപ്പോർട്ടാണിത്.

രാഷ്ട്രത്തിന്റെ പുരോഗതിയും വികസനവും നിർണ്ണയിക്കുന്ന അടിസ്ഥാന ഘടകങ്ങളിലൊന്നാണ് കുട്ടികൾ. കുട്ടികളുടെ സമഗ്രമായ വികസനവും സുരക്ഷിതത്വവും ഉറപ്പുവരുത്തേണ്ടത് രാഷ്ട്രത്തിന്റെ പ്രാഥമിക കർത്തവ്യമാണ്. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികളുടെ അതിജീവനം, ഉന്നമനം, സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്. ശിശുകേന്ദ്രീകൃത സമൂഹം എന്ന കാഴ്ചപ്പാടിന് അനുസൃതമായി കുട്ടികളുടെ ക്ഷേമം, സംരക്ഷണം, വിദ്യാഭ്യാസം, അവകാശങ്ങൾ, വികസനം എന്നിവയ്ക്ക് മുൻഗണന നൽകേണ്ടത് അനിവാര്യമാണ്.

ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിരിക്കുന്ന ബാലാവകാശ സംരക്ഷണത്തിന് അനുസൃതമാണ് സർക്കാർ കൊണ്ടുവരുന്ന നിയമങ്ങളും വിഭാവനം ചെയ്യുന്ന നയങ്ങളും പരിപാടികളും ഭരണ സംവിധാനങ്ങളും എന്ന് ഉറപ്പാക്കുക എന്നതാണ് കമ്മീഷന്റെ പ്രാഥമിക ചുമതല. കുട്ടികളുടെ അവകാശലംഘനങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടിക്ക് ശുപാർശ ചെയ്യുക എന്നത് കമ്മീഷന്റെ പ്രധാന കർത്തവ്യമാണ്. കുട്ടികളുമായി ബന്ധപ്പെട്ട നയങ്ങളിലും പരിപാടികളിലും സർക്കാരിനും ബന്ധപ്പെട്ട വകുപ്പിനുമാണ് കമ്മീഷൻ നിർദ്ദേശം നൽകുന്നത്. കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് പരിശീലനങ്ങളും ശില്പശാലകളും കൂടിയാലോചനാ യോഗങ്ങളും നടത്തുകയും മറ്റും കമ്മീഷന്റെ ചുമതലകളിൽ ഉൾപ്പെടുന്നു.

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിക്കുന്ന കർത്തവ്യങ്ങളും ചുമതലകളും നിർവഹിക്കുന്നതോടൊപ്പം 2024-25 വർഷത്തേക്ക് കമ്മീഷൻ തയ്യാറാക്കിയ നടപടി രൂപരേഖയ്ക്ക് അനുസൃതമായ പരിപാടികളും പ്രവർത്തനങ്ങളും റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ ആസൂത്രണം ചെയ്ത് നടപ്പാക്കുകയുണ്ടായി.

കുട്ടികളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായും ഉടനടി തീരുമാനം കൈകൊള്ളുന്നതിനും ജില്ലാതലത്തിൽ തന്നെ കർത്തവ്യവാഹകരുമായി കൂടിയാലോചനാ യോഗങ്ങൾ സംഘടിപ്പിച്ച് കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഉചിതമായ തീരുമാനങ്ങൾ എടുക്കുക, വേണ്ട നിർദ്ദേശങ്ങൾ വകുപ്പുകൾക്കും സർക്കാരിനും ശുപാർശയായി സമർപ്പിക്കുക.

കുട്ടികൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങൾ, ബാലാവകാശ ലംഘനങ്ങൾ തുടങ്ങിയ പരാതികൾ പൊതുജനങ്ങൾക്ക് കമ്മീഷനിൽ സമർപ്പിക്കുന്നതിനായി ഓൺലൈൻ കംപ്ലൈന്റ് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കി. ഇത്തരത്തിൽ കമ്മീഷനിൽ ലഭിക്കുന്ന പരാതികൾ കാലതാമസം കൂടാതെ ഓൺലൈനായി ഫയൽ ചെയ്ത് വേഗത്തിൽ പ്രശ്നപരിഹാരം കണ്ടെത്തുകയും ചെയ്തുവരുന്നു. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009, ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012, ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നീ നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിരീക്ഷണ സംവിധാനമായി ആർ.റ്റി.ഇ., പോക്സോ, ജെ.ജെ. സെല്ലുകളും പ്രവർത്തിക്കുന്നു.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നീ കേന്ദ്ര നിയമങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള ചുമതലയും കമ്മീഷനുണ്ട്. അതിന്റെ ഭാഗമായി 2024-25 വർഷത്തിൽ കുട്ടികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പ്രകടിപ്പിക്കുന്നതി നായി ട്രൈബൽ തീരദേശ ഗ്രാമീണ മേഖലകളിലെ തിരഞ്ഞെടുത്ത കുട്ടികളെ ബന്ധപ്പെടുത്തി ചിൽഡ്രൻസ് കോൺക്ലേവ് സംഘടിപ്പിച്ചു. കേരളത്തിൽ പ്രവർത്തിച്ചു വരുന്ന ഫാസ്ട്രാക്ക് സ്പെഷ്യൽ കോടതികളുടെ ഭൗതിക അന്തരീക്ഷം ശിശു സൗഹൃദമാണോ എന്ന് മനസ്സിലാക്കുന്നതിനും കോടതിയിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനുമായി പോക്സോ കോടതികൾ സന്ദർശനം നടത്തി. കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുക, പോക്സോ ആക്റ്റിന്റെ കൃത്യമായ നടത്തിപ്പ് ലക്ഷ്യപ്രാപ്തിയിലെത്തിക്കുക, ശൈശവ വിവാഹം തടയുക, ബാലക്ഷേമ സുരക്ഷാസമിതി കളുടെ പ്രവർത്തനം വിലയിരുത്തുക, ശിശു കേന്ദ്രീകൃത ദുരന്ത നിവാരണം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുക, ബാലസൗഹൃദ രക്ഷാകർത്തൃത്വം പ്രാവർത്തികമാക്കുക, ബാലവേല ബാലവിവാഹ വിമുക്ത കേരളം, ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിചരണം, പുനരധിവാസം എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരുമായി കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

കമ്മീഷന്റെ പ്രവർത്തനങ്ങൾ കൃത്യമായി പൊതുജനങ്ങളിലേക്കും വിവിധ പദ്ധതി പങ്കാളികളിലേക്കും എത്തിക്കുന്നതിനായി സമഗ്രമായ വെബ്സൈറ്റ് നിലവിലുണ്ട്. എക്സ്, ട്വിറ്റർ, യൂട്യൂബ് മുതലായ നവമാധ്യമങ്ങളിലൂടെയും കമ്മീഷൻ നിറസാന്നിധ്യമായി തുടരുന്നു.

## കമ്മീഷന്റെ ചുമതലകളും അധികാരങ്ങളും

2005-ലെ ബാലവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ് (സി.പി.സി.ആർ. ആക്റ്റ്), സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്), ലൈംഗിക കുറ്റകൃത്യങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്), ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 എന്നിവ പ്രകാരമുള്ള ചുമതലകളും കർത്തവ്യങ്ങളും അധികാരങ്ങളും ആണ് കമ്മീഷനുള്ളത്.

2005-ലെ സി.പി.സി.ആർ. ആക്റ്റിലെ 13-ാം വകുപ്പ് പ്രകാരം ചുവടെ പറയുന്നവ കമ്മീഷന്റെ ചുമതലകളാണ്:

- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമങ്ങളിലോ അതിൻ കീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ശുപാർശ ചെയ്യുക;
- കമ്മീഷന് യുക്തമെന്ന് തോന്നുന്ന പക്ഷം വാർഷികമായും അല്ലാതെയും ഇത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുക;
- ബാലാവകാശ ലംഘനവുമായി ബന്ധപ്പെട്ട കേസുകളിൽ അന്വേഷണ വിചാരണ ചെയ്ത് നടപടികൾ തുടങ്ങുന്നതിന് ശുപാർശ ചെയ്യുക;
- ഭീകരപ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതി ദുരന്തം, ഗാർഹിക പീഡനം, എച്ച്.ഐ.വി./എയ്ഡ്സ്, മനുഷ്യക്കടത്ത്, പീഡനം, ചൂഷണം, അശ്ലീലസാഹിത്യം, ലൈംഗികചൂഷണം എന്നിവ മൂലം ബുദ്ധിമുട്ടുന്ന കുട്ടികളുടെ അവകാശങ്ങൾ നിഷേധിക്കുന്ന എല്ലാ ഘടകങ്ങളും പരിശോധിക്കുകയും ഉചിതമായ പരിഹാരങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക;
- ദുരിതം അനുഭവിക്കുന്നതും പാർശ്വവത്ക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമവുമായി പൊരുത്തപ്പെടാത്തതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേതുൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശുപാർശ ചെയ്യുകയും ചെയ്യുക;
- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമ താല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ട ശുപാർശകൾ നടത്തുകയും ചെയ്യുക;

- ബാലാവകാശ മേഖലകളിൽ ഗവേഷണം നടത്തുകയും അത് പ്രോൽസാഹിപ്പിക്കുകയും ചെയ്യുക;
- സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, ലഭ്യമായ മറ്റു മാർഗ്ഗങ്ങൾ എന്നിവയിലൂടെ ബാലാവകാശങ്ങളുടെ സംരക്ഷണത്തിന് നിലവിലുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;
- സാമൂഹ്യസംഘടനകൾ ഉൾപ്പെടെയുള്ളവർ നടത്തുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങളോ മറ്റ് താമസസ്ഥലമോ കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങളോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യുകയും ആവശ്യമാണെന്ന് കാണുന്ന പക്ഷം ഈ അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടി സ്വീകരിക്കുകയും ചെയ്യുക;
- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘിക്കലും, കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പാക്കാതിരിക്കലും കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശരേഖകളോ നിർദ്ദേശങ്ങളോ നടപ്പാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തലും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണ വിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്കെടുക്കുകയും ചെയ്യുക.

***ബാലാവകാശസംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ 15-ാം വകുപ്പ് പ്രകാരം അന്വേഷണ വിചാരണയ്ക്കുശേഷം ചുവടെപ്പറയുന്ന നടപടികൾക്ക് കമ്മീഷന് അധികാരമുണ്ട്***

- ബാലാവകാശത്തിന്മേൽ ഗൗരവതരമായ ലംഘനമോ തത്സമയം പ്രാബല്യത്തി ലിരിക്കുന്ന ഏതെങ്കിലും നിയമത്തിന്റെ ലംഘനമോ നടന്നതായി അന്വേഷണ വിചാരണയിൽ വെളിപ്പെട്ടാൽ, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്നു തോന്നുന്ന നടപടികളോ ആരംഭിക്കുവാൻ സർക്കാരിനോടോ മറ്റ് അധികാരസ്ഥാപനത്തോടോ ശുപാർശ ചെയ്യുക;
- നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി ബഹു. സുപ്രീം കോടതി യേയോ ഹൈക്കോടതിയേയോ സമീപിക്കുക;
- ഇടക്കാല ആശ്വാസം പീഡിതനോ ആ വ്യക്തിയുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി സർക്കാരിനോടോ ബന്ധപ്പെട്ട അധികാരസ്ഥാപനത്തോടോ ശുപാർശ ചെയ്യുക;

### *സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ. ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും*

ആർ.റ്റി.ഇ. ആക്റ്റിലെ 31-ാം വകുപ്പ് പ്രകാരം, പ്രസ്തുത ആക്റ്റിലെ 2(സി) വകുപ്പിൽ നിർവചിക്കുന്ന പ്രകാരമുള്ള ഒരു കുട്ടിയുടെ, വിദ്യാഭ്യാസത്തിനുള്ള അവകാശം നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഇതുപ്രകാരം വിദ്യാഭ്യാസ അവകാശത്തിനുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചെയ്യുന്നതിനും അവ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ ശുപാർശ ചെയ്യുന്നതിനും കുട്ടിയുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷണ വിചാരണ ചെയ്യുന്നതിനും കമ്മീഷന് അധികാരമുണ്ട്. ഈ ആക്റ്റിലെ 32(4) വകുപ്പ് പ്രകാരം കമ്മീഷൻ പ്രസ്തുത നിയമത്തിൻ കീഴിലുള്ള അപ്പീൽ അധികാരസ്ഥാനം കൂടിയാണ്. കൂടാതെ, വിദ്യാഭ്യാസ അവകാശ നിരീക്ഷണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കമ്മീഷന് ബാലാവകാശ സംരക്ഷണ കമ്മീഷനുകൾ ആക്റ്റിലെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

### *ലൈംഗിക അതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്) പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും*

കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ്, 2012 (പോക്സോ ആക്റ്റ്)-ലെ 44-ാം വകുപ്പ് പ്രകാരം പോക്സോ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇതുപ്രകാരം, ചുവടെ പറയുന്ന കാര്യങ്ങൾ കമ്മീഷൻ നിരീക്ഷിക്കുന്നതാണ്:

- പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്;
- ടി കോടതികളിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്ന കാര്യം;
- വിചാരണഘട്ടത്തിലും വിചാരണയ്ക്കുമുമ്പും കുട്ടിയെ സഹായിക്കുന്നതിനായി സർക്കാരിതര സംഘടനകൾക്കും മനഃശാസ്ത്രം, സാമൂഹ്യസേവനം, മാനസിക ശാരീരിക ആരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട വിദഗ്ധർക്കും വ്യക്തികൾക്കുമായി പോക്സോ നിയമത്തിലെ 39-ാം വകുപ്പു പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതും അത്തരം മാർഗ്ഗനിർദ്ദേശങ്ങളുടെ നടപ്പാക്കലും;

- പോലീസ് ഉദ്യോഗസ്ഥർക്കും മറ്റു സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകുന്നതിനുള്ള മാർഗ്ഗരൂപരേഖകൾ തയ്യാറാക്കുന്നതും അവ നടപ്പാക്കുന്നതും;
- കൂടാതെ പോക്സോ നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ച അറിവ് പൊതുജനങ്ങൾ, കുട്ടികൾ, രക്ഷാകർത്താക്കൾ തുടങ്ങിയവർക്കെല്ലാം ഇലക്ട്രോണിക് മാധ്യമങ്ങൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളിലൂടെ നിശ്ചിത ഇടവേളകളിൽ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാരിനെ സഹായിക്കുന്നതും ലൈംഗികാതിക്രമങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതും.

### *ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ്, 2015 പ്രകാരമുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും*

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 109-ാം വകുപ്പു പ്രകാരം പ്രസ്തുത ആക്റ്റ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്. 2016 ജനുവരിയിലാണ് ടി ആക്റ്റ് പ്രാബല്യത്തിൽ വന്നത്. ഈ ആക്റ്റുമായി ബന്ധപ്പെട്ട മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ, മേൽപ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിയമത്തിലെ 110-ാം വകുപ്പ് പ്രകാരം സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളാൽ നിർദ്ദേശിക്കപ്പെടുന്ന പ്രകാരമാണ് കമ്മീഷൻ പ്രസ്തുത നിരീക്ഷണ കർത്തവ്യം നിർവ്വഹിക്കേണ്ടത്. ധാരാളം പദ്ധതിപ്പങ്കാളികൾ ഉൾപ്പെടുന്നതാണ് ബാലനീതി ആക്റ്റിലെ നിരീക്ഷണ ഓൺലൈൻ സംവിധാനം. സംവിധാനം കമ്മീഷനിൽ നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

### ബാലാവകാശ സംരക്ഷണത്തിന്റെ പ്രസക്തി — കേരളത്തിൽ

കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം മുതലായ മേഖലകളിൽ അസൂയാവഹമായ നേട്ടമാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്. എങ്കിലും ചില മേഖലകളിൽ നമുക്ക് ഇനിയും മുന്നോട്ടു പോകേണ്ടതുണ്ട്. ബാലാവകാശ കമ്മീഷന്റെ നേതൃത്വത്തിൽ ബാലസംരക്ഷണ സമിതികൾ തദ്ദേശീയതലത്തിൽ ശാക്തീകരിക്കുന്നതിന്റെ മുന്നോടിയായി ഘട്ടംഘട്ടമായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. തദ്ദേശതലത്തിൽ കുട്ടികളുടെ വിഷയങ്ങൾ സൗഹാർദ്ദപരമായി കൈകാര്യം ചെയ്യുന്നതിനും സമസ്ത മേഖലകളിലും ബാലസൗഹൃദ അന്തരീക്ഷം നിലനിർത്തുന്നതിനും പുതിയ ചുവടുവെപ്പുകൾ ആവശ്യമാണ്. ആയതിന് തദ്ദേശീയ സ്ഥാപനങ്ങളിലെ വാർഡുതല ബാലസംരക്ഷണ സമിതികളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്.

നമുക്ക് ഓരോ കുട്ടിയും വിലപ്പെട്ടതാണ്. ഇന്ന് സമൂഹത്തിൽ നിന്നും മാത്രമല്ല കുടുംബത്തിൽ നിന്നും കുട്ടികൾ ഭീഷണി നേരിടുന്നുവെന്നതാണ് യാഥാർഥ്യം. ഒരു കുട്ടിയെ ഉത്തരവാദിത്വമുള്ള പൗരനായി വളർത്തിയെടുക്കുന്നതിൽ മാതാപിതാക്കൾക്കും അധ്യാപകർക്കും സമൂഹത്തിനും നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്. നല്ല നാളേക്കായി പ്രതീക്ഷാനിർഭരമായ മനസ്സുമായി കാത്തിരിക്കുന്ന ബാല്യത്തിനായി കുട്ടികളായിരിക്കുമ്പോൾ തന്നെ അവർക്ക് മൂല്യങ്ങൾ പകർന്നു കൊടുക്കാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും സമൂഹത്തിനും കഴിയണം. അവരുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിന് നമുക്ക് വ്യക്തിപരമായ ഉത്തരവാദിത്തം ഉണ്ട്. എന്നാൽ, കുട്ടികൾക്ക് ഇന്ന് സ്വന്തം കുടുംബത്തിൽ നിന്നുപോലും പീഡനങ്ങളും ലൈംഗിക ചൂഷണവും നേരിടേണ്ടി വരുന്ന ദയനീയാവസ്ഥയാണ് പലയിടത്തും നിലനിൽക്കുന്നത്. പെൺകുട്ടികൾ മാത്രമല്ല, ആൺകുട്ടികൾ പോലും വീട്ടിനുള്ളിൽ ലൈംഗിക പീഡനത്തിന് ഇരയാകുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ വന്ന വിള്ളലുകൾ ഇവയ്ക്ക് കാരണമാകാം. സാങ്കേതികവിദ്യയുടെ കടന്നുകയറ്റം മൂലം കുട്ടികളും മുതിർന്നവരും തങ്ങളിലേക്കുതന്നെ ചുരുങ്ങുന്നതിനാൽ കുടുംബത്തിനുള്ളിൽ മനസ്സു തുറന്നു സംസാരിക്കാൻ കഴിയാതെ വരുന്ന അവസ്ഥയും ഇത്തരം പ്രശ്നങ്ങളിലേക്ക് നയിക്കപ്പെടുന്നു.

വിവിധ മേഖലകളിൽ കുട്ടികളുടെ പഠനം, അവരുടെ ഭക്ഷണം, പോഷകാഹാരം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. അതോടൊപ്പം തന്നെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് സ്കൂളിലെ സുരക്ഷ സംബന്ധിച്ച പ്രശ്നങ്ങൾ. സൈബർ മേഖലയിലെ ഓൺലൈൻ സുരക്ഷയും ലഹരിയോടുള്ള കുട്ടികളുടെ ആഭിമുഖ്യവും കൈകാര്യം ചെയ്യുവാൻ വകുപ്പുതല ഏകോപനത്തോടുകൂടിയുള്ള പ്രവർത്തനം ആവശ്യമാണ്.

കുട്ടികളെ നേർവഴിക്ക് നയിക്കുന്നതിൽ മാതാപിതാക്കളുടെ പങ്ക് വെളിവാക്കുന്നതാണ് ഇത്തരം സംഭവങ്ങൾ. അച്ഛനമ്മമാർക്കും മക്കൾക്കുമിടയിലുള്ള ബന്ധം ദൃഢമാക്കുന്നതിലൂടെ ജീവിതത്തിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളും കുട്ടി അവരുമായി പങ്കുവയ്ക്കുകയും കുട്ടി അപകടത്തിൽ ചെന്നുചാടുന്നത് അതുവഴി തടയാൻ അച്ഛനമ്മമാർക്ക് കഴിയുകയും ചെയ്യും, അതുകൊണ്ടുതന്നെ, കുടുംബബന്ധങ്ങൾ ദീപ്തവും ഭദ്രവുമാക്കേണ്ടത് കുടുംബത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും നിലനിൽപ്പിനും അത്യാവശ്യമാണ്.

## കമ്മീഷന്റെ ഘടനയും അംഗങ്ങളും

ചെയർപേഴ്സണും ആറ് അംഗങ്ങളും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന. 2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 17-ാം വകുപ്പ് പ്രകാരമാണ് സംസ്ഥാന സർക്കാർ കമ്മീഷൻ രൂപവത്ക്കരിച്ചിട്ടുള്ളത്. പ്രസ്തുത ആക്റ്റിലെയും 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ

കമ്മീഷൻ ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായാണ് ചെയർപേഴ്സന്റെയും അംഗങ്ങളുടെയും നിയമനം നടത്തുന്നത്. കമ്മീഷനുമായി ബന്ധപ്പെട്ട കർത്തവ്യങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിന് അംഗങ്ങൾക്ക് ജില്ലകൾ തിരിച്ച് ചുമതല നൽകിയിട്ടുണ്ട്.

മൂന്നാം കമ്മീഷൻ ചെയർപേഴ്സണായി 17-8-2023-ലെ സ.ഉ. (അച്ചടി) നമ്പർ 3/2023/വ.ശി.വി.വ. ഉത്തരവു പ്രകാരം ശ്രീ. കെ. വി. മനോജ് കുമാർ നാലാം കമ്മീഷൻ ചെയർപേഴ്സണായി 18-8-2023-ൽ ചുമതലയേറ്റു. 4-3-2024 തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 3/2024/വ.ശി.വി.വ. പ്രകാരം ശ്രീ. മോഹൻകുമാർ ബി., ശ്രീ. കെ. കെ. ഷാജു, ഡോ. വിൽസൺ എഫ്., ശ്രീമതി സിസിലി ജോസഫ് എന്നിവർ 7-3-2024-ന് കമ്മീഷൻ അംഗങ്ങളായി ചുമതലയേറ്റു. ശ്രീമതി സുനന്ദ, ശ്രീമതി ജലജമോൾ റ്റി. സി. എന്നിവർ 22-8-2022-ലെ സ. ഉ. (അച്ചടി) നമ്പർ 12/2022/വ.ശി.വി.വ. ഉത്തരവു പ്രകാരം 25-8-2022 മുതൽ കമ്മീഷനിലെ അംഗങ്ങളായി തുടർന്നു വരുന്നു.

### *കമ്മീഷന്റെ സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും*

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 21(1) വകുപ്പ് പ്രകാരം കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവ്വഹണത്തിനും ദൈനംദിന പ്രവർത്തനത്തിനുമായി സംസ്ഥാന സർക്കാരിന്റെ ഗവ. സെക്രട്ടറിയുടെ പദവിയിലുള്ള ഉദ്യോഗസ്ഥനെ കമ്മീഷന്റെ സെക്രട്ടറിയായി സംസ്ഥാന സർക്കാർ വിജ്ഞാപനം വഴി നിയമിക്കണമെന്നും കമ്മീഷന്റെ ചുമതലകളുടെ കാര്യക്ഷമമായ നിർവഹണത്തിന് ആവശ്യമായ ഉദ്യോഗസ്ഥരേയും ജീവനക്കാരേയും കമ്മീഷനിൽ ലഭ്യമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബാലാവകാശലംഘനം, നിഷേധം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ ഉചിതമായ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ അഡീഷണൽ നിയമ സെക്രട്ടറിയുടെ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കമ്മീഷൻ രജിസ്ട്രാറായും നിയമിച്ചിട്ടുണ്ട്. ഇതുകൂടാതെ, കമ്മീഷന്റെ ദൈനംദിന കാര്യങ്ങളുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ മറ്റുദ്യോഗസ്ഥർക്കും ജീവനക്കാർക്കും പുറമേ സാങ്കേതിക സഹായത്തിനും മറ്റുമായി കൺസൾട്ടന്റുമാരേയും നിയമിച്ചിട്ടുണ്ട്.

## പരാതികളും അന്വേഷണ വിചാരണയും

കമ്മീഷന്റെ പരാതിവിഭാഗം കമ്മീഷന്റെ രജിസ്ട്രാറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്. റിപ്പോർട്ട് കാലയളവിൽ കമ്മീഷന് 2368 പരാതികൾ ലഭിച്ചിരുന്നു. മാധ്യമവാർത്തകളുടേയും മറ്റും അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയായും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച കേസുകളിൽ കമ്മീഷൻ ബന്ധപ്പെട്ട അധികാരികളോട് റിപ്പോർട്ട് ആവശ്യപ്പെടുകയും അന്വേഷണ വിചാരണ സംബന്ധിച്ച അധികാരങ്ങൾ


വിനിയോഗിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്. പരാതികൾ നേരിട്ടും തപാലിലും ഓൺലൈനായുമാണ് കമ്മീഷന് ലഭിക്കുന്നത്. കൂടാതെ, സ്വമേധയായും ജില്ലകളിൽനിന്ന് ചൈൽഡ് വെൽഫെയർ കമ്മിറ്റി (സി.ഡബ്ല്യു.സി.) അയച്ചുതരുന്ന പരാതികളിലും കമ്മീഷൻ നടപടി സ്വീകരിക്കുന്നു. കമ്മീഷൻ ആസ്ഥാനത്തും ജില്ലകളിലും സിറ്റിംഗുകൾ നടത്താറുണ്ട്. പരാതിക്കാരെയും എതിർകക്ഷികളേയും നേരിൽ കേൾക്കുകയും ഓരോ കേസിലും ലഭ്യമാകുന്ന തെളിവുകൾ അപഗ്രഥിച്ചും വിഭിന്നമായ സാഹചര്യങ്ങൾ കണക്കിലെടുത്തും നീതിയുക്തവും ഉചിതവുമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ആവശ്യമായ ശുപാർശ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാപനത്തിനും നൽകുകയും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ ആവശ്യപ്പെടുകയും ചെയ്തുവരുന്നു. പരാതികളെക്കുറിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് റിപ്പോർട്ട് തേടിയും അങ്ങനെ ലഭിക്കുന്ന റിപ്പോർട്ടുകൾ വിശദമായി അപഗ്രഥിച്ചുമാണ് കമ്മീഷൻ ഉത്തരവുകൾ തയ്യാറാക്കുന്നത്.

കമ്മീഷനിൽ ലഭിച്ച കേസുകളിൽ വിവിധ പരാതികളിലായി പലവിധ ബാലാവകാശ ലംഘനങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. അവയിൽ കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ, ബാലനീതി നിയമത്തിനു കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾ, വിദ്യാഭ്യാസ അവകാശ നിഷേധം, ബാലാവകാശ ലംഘനം എന്നിവയുമായി ബന്ധപ്പെട്ട പരാതികളാണ് കമ്മീഷൻ പരിഗണിക്കുന്നത്. കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് (പോക്സോ ആക്റ്റ്) പ്രകാരവും ബാലനീതി നിയമപ്രകാരവുമുള്ള കേസുകളിൽ കമ്മീഷന് നേരിട്ട് പരാതികൾ ലഭിക്കുന്നത് കുറവാണ്. ഇത്തരം കേസുകളിൽ പ്രാഥമിക നടപടി സ്വീകരിക്കേണ്ടത് പോലീസും കുട്ടികൾക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ഉറപ്പാക്കേണ്ടത് ചൈൽഡ് വെൽഫെയർ കമ്മിറ്റികളുമാണ്. പോലീസ് യഥാസമയം നടപടി സ്വീകരിക്കാതിരിക്കുകയോ കുട്ടിക്ക് ആവശ്യമായ ശ്രദ്ധയും സംരക്ഷണവും ലഭിക്കാതിരിക്കുകയോ ചെയ്യുന്ന അവസരങ്ങളിൽ അത്തരം പരാതികൾ കമ്മീഷൻ മുമ്പാകെ നേരിട്ട് ഉന്നയിക്കപ്പെടുകയോ കമ്മീഷൻ സ്വമേധയാ നടപടി സ്വീകരിക്കുകയോ ചെയ്യാറുണ്ട്. അതുപോലെ 6 മുതൽ 14 വരെ വയസ്സ് പ്രായമുള്ള കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പരാതികൾ മാത്രമേ വിദ്യാഭ്യാസ അവകാശ നിയമത്തിനു കീഴിൽ പരിഗണിക്കുന്നുള്ളൂ. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ബാക്കി എല്ലാ പരാതികളും ബാലാവകാശ ലംഘനത്തിന്റെ ഭാഗമായാണ് പരിഗണിച്ചുവരുന്നത്.

### *കമ്മീഷനിൽ 2024-2025 വർഷം ലഭ്യമായ പരാതികളുടെ വിശദാംശങ്ങൾ*

കമ്മീഷനിൽ ലഭിക്കുന്ന പരാതികളിൽ 6 ശതമാനത്തോളം ആർ.റ്റി.ഇ. നിയമവുമായി ബന്ധപ്പെട്ടവയാണ്. അവയിൽ ഏറെയും അടിസ്ഥാന സൗകര്യങ്ങൾ, ജനനസർട്ടിഫിക്കറ്റ്, അധ്യാപകരുടെ അഭാവം, ഗതാഗത പ്രശ്നങ്ങൾ, കളിസ്ഥലത്തിന്റെ അപര്യാപ്തത എന്നിവയാണ്. കൂടാതെ പോക്സോ, ബാലനീതി, ബാലാവകാശ ലംഘനം, കുട്ടികളുമായി

ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ എന്നിവ സംബന്ധിച്ച പരാതികളും ലഭ്യമായിട്ടുണ്ട്. അവയുടെ രേഖാചിത്രം താഴെ കൊടുക്കുന്നു:




## പരാതികൾ സംബന്ധിച്ച വിശദ വിവരങ്ങൾ

2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ ലഭിച്ച പരാതികളിൽ ആർ.റ്റി.ഇ., പോക്സോ, ബാലനീതി എന്നിവ തരംതിരിച്ചുള്ള കണക്ക്, തീർപ്പാക്കിയ കേസുകളുടെയും അവശേഷിക്കുന്നവയുടെയും വിശദവിവരങ്ങൾ താഴെ പട്ടികയിൽ ലഭ്യമാക്കിയിരിക്കുന്നു:

**ജില്ലകളും പരാതികളുടെ എണ്ണവും (2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ)**

| ക്രമ നമ്പർ | ജില്ല | ആകെ എണ്ണം | ആർ.റ്റി.ഇ. | പോക്സോ | ജെ.ജെ. | ബാലാവകാശ ലംഘനം അല്ലാത്തവ | ബാലാവകാശ ലംഘനം ഉള്ളത് | മറ്റുള്ളവ | തീർപ്പാക്കിയ പരാതികളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
| 1 | തിരുവനന്തപുരം | **607** | 22 | 34 | 5 | 6 | 540 | 1 | **189** |
| 2 | കൊല്ലം | **203** | 19 | 9 | .. | .. | 174 | 2 | **61** |
| 3 | പത്തനംതിട്ട | **86** | 9 | 7 | 1 | 2 | 67 | .. | **32** |
| 4 | ആലപ്പുഴ | **159** | 10 | 6 | 1 | .. | 141 | 2 | **96** |
| 5 | കോട്ടയം | **82** | 8 | 3 | 1 | 1 | 69 | .. | **40** |

| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) |
|---|---|---|---|---|---|---|---|---|---|
| 6 | ഇടുക്കി | **86** | 2 | 2 | .. | .. | 82 | .. | **32** |
| 7 | എറണാകുളം | **206** | 19 | 14 | 4 | .. | 169 | 3 | **70** |
| 8 | തൃശ്ശൂർ | **149** | 6 | 8 | .. | 5 | 130 | 1 | **67** |
| 9 | പാലക്കാട് | **118** | 14 | 1 | 1 | .. | 104 | 2 | **39** |
| 10 | മലപ്പുറം | **202** | 25 | 9 | 5 | .. | 164 | 1 | **69** |
| 11 | കോഴിക്കോട് | **185** | 5 | 10 | .. | 2 | 168 | .. | **70** |
| 12 | വയനാട് | **45** | 5 | .. | 1 | .. | 36 | 3 | **16** |
| 13 | കണ്ണൂർ | **158** | 5 | 4 | .. | 2 | 145 | 2 | **45** |
| 14 | കാസറഗോഡ് | **82** | 4 | 5 | 1 | .. | 72 | .. | **27** |

## കമ്മീഷൻ സമർപ്പിച്ച പ്രധാന ശിപാർശകളും അതിന്റെ അടിസ്ഥാനത്തിൽ സർക്കാരും മറ്റ് അധികാരസ്ഥാനങ്ങളും പുറപ്പെടുവിച്ച ഉത്തരവുകളും

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നിർവഹിച്ചുവരുന്നത്. അവകാശങ്ങളുടെ ലംഘനം, അവകാശങ്ങൾ നിഷേധിക്കൽ, കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പാളിച്ചകൾ എന്നിവയും കമ്മീഷൻ പരിശോധിക്കുന്നുണ്ട്. കമ്മീഷന്റെ പരിഗണനയിൽ വന്നിട്ടുള്ള അത്തരം കേസുകളിൽ ഉചിതമായ ഉത്തരവുകൾ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകൾ കുട്ടികളുടെ ശാരീരികമായും മാനസികമായും വിദ്യാഭ്യാസപരമായും ആരോഗ്യപരമായുമുള്ള വികാസത്തിനും ഉന്നതിക്കും വേണ്ടിയുള്ളവയും ബാലാവകാശ ധ്വംസനങ്ങൾ തടയുന്നവയുമാണ്. 2023-24 വർഷത്തിൽ സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള അത്തരം പ്രധാനപ്പെട്ട ഉത്തരവുകളിൽ ചിലത് താഴെ വിവരിക്കുന്നു:

| *ക്രമ നമ്പർ* | *കേസ് നമ്പർ* | *വിഷയം* | *സർക്കാർ/മറ്റ് അധികാര സ്ഥാനത്തിന് നൽകിയ ശുപാർശ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | സി.ആർ.എം.പി. നമ്പർ 11811/01-സി/സി1/2022/കെ.ഇ.എസ്.സി.പി.സി.ആർ.<br>സി.ആർ.എം.പി. നമ്പർ 111374/01-ആർ/സി1/2022/കെ.ഇ.എസ്.സി.പി.സി.ആർ. | ഭിന്നശേഷി കുട്ടികൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെയും റാമ്പ് റെയിൽ, സി.ഡബ്ല്യു.എസ്.എൻ. ടോയിലെറ്റ് എന്നിവയുടെയും അപര്യാപ്തത സ്കൂളിൽ ഉണ്ടാകുന്നത് സംബന്ധിച്ചും | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ റാമ്പ്റെയിൽ, സി.ഡബ്ല്യു.എസ്.എൻ. ടോയിലെറ്റ് എന്നിവ എല്ലാ സ്കൂളുകളിലും ഉണ്ടെന്ന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | ഭിന്നശേഷി കുട്ടികളുടെ ക്ലാസ് മുറികൾ താഴത്തെനിലയിൽ ക്രമീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചുമുള്ള പരാതി | പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, തദ്ദേശസ്വയം ഭരണ വകുപ്പ് സെക്രട്ടറി എന്നിവർ ഉറപ്പ് വരുത്തേണ്ടതാണെന്നും സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ അപര്യാപ്തത സ്കൂളിൽ ഉണ്ടെങ്കിൽ ആയത് അടിയന്തര മായി നികത്തുന്നതിനും ഗ്രൗണ്ട് ഫ്ലോറിൽ അനുയോജ്യമായ ക്ലാസ് റൂമുകൾ ക്രമീകരിക്കുന്ന തിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന തിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകി |
| 2. | സി.ആർ.എം.പി. നമ്പർ 00810/01/2023/കെ.ഇ. എസ്.സി.പി.സി.ആർ. | ഹർജികക്ഷിയുടെ 2 ½ വയസ്സുള്ള മകന് പനിയും ശ്വാസംമുട്ടലുമായി തൈക്കാട് ഗവൺമെന്റ് ആശുപത്രിയിൽ എത്തിയ കുട്ടിക്ക് ചികിത്സ നിഷേധിച്ചത് സംബന്ധിച്ചുള്ള പരാതി | കേരളത്തിലെ മുഴുവൻ സർക്കാർ ആശുപത്രികളിലും കുട്ടികളെയും കൊണ്ടുവരുന്നവർക്ക് തക്ക സമയത്ത് അർഹതപ്പെട്ട ചികിത്സ നൽകുവാനും കുട്ടിയുടെ രോഗവിവരങ്ങൾ പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതിനും വേണ്ട നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ഒരു സർക്കുലർ മുഖാന്തിരം ഉത്തരവാക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി. |

| (1) | (2) | (3) | (4) |
|---|---|---|---|
| 3. | സി.ആർ.എം.പി.നമ്പർ 00960/01/2023/കെ.ഇ. എസ്.സി.പി.സി.ആർ. | തിരുവനന്തപുരം എസ്.എം.വി. ഗവ.മോഡൽ ബോയ്സ് ഹയർസെക്കണ്ടറി സ്കൂളിലെ ഹയർസെക്കണ്ടറി വിഭാഗം ജൂനിയർ അദ്ധ്യാപകൻ ഇതേ സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിനിയെ വലിയവടി കൊണ്ട് അടിച്ചു എന്നതാണ് ഹർജി സാരം | തിരുവനന്തപുരം ജില്ലയിലെ എസ്.എം.വി. ഗവ.മോഡൽ എച്ച്.എസ്.എസ്. –ലെ അദ്ധ്യാപകനെ പ്രസ്തുത സ്കൂളിൽ നിന്നും മറ്റൊരു സ്കൂളിലേക്ക് മാറ്റുന്നതിനും പ്രസ്തുത വിഷയത്തിൽ ഒരു വകുപ്പുതല അന്വേഷണം നടത്തുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി |
| 4. | സി.ആർ.എം.പി. നമ്പർ 00431/01/2023/കെ.ഇ. എസ്.സി.പി.സി.ആർ.<br>സി.ആർ.എം.പി. നമ്പർ 00684/11/2023/കെ.ഇ. എസ്.സി.പി.സി.ആർ. | ടൈപ്പ് 1 ഡയബറ്റിസ് ബാധിതനായ മകന്റെ ചികിത്സക്കുവേണ്ടി ഇൻഷുറൻസ് സ്ഥാപനങ്ങൾ ഇൻഷുറൻസ് നിഷേധിക്കുകയാണെന്നും ഇത്തരത്തിലുള്ള കുട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച പരാതി | ടൈപ്പ് 1 ഡയബറ്റിസ് ബാധിച്ച കുട്ടികളെ സർക്കാർ നിയന്ത്രണ ത്തിലുള്ള കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലോ സ്റ്റേറ്റ് സെക്യൂരിറ്റി മിഷന്റെ കീഴിലുള്ള മിഠായി പദ്ധതിയിലോ ഉൾപ്പെടു ത്തുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി |
| 5. | സി.ആർ.എം.പി. നമ്പർ 01502/01/2024/കെ.ഇ. എസ്.സി.പി.സി.ആർ. | ഹർജികക്ഷിയുടെ മകൻ തിരുവനന്തപുരം ജില്ലയിലെ ഇടവ എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്.-ൽ താല്ക്കാലിക അഡ്മിഷൻ എടുത്തുവെങ്കിലും ആധാർ / ജനനസർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തതിനാൽ അഡ്മിഷൻ നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്നും ഓണപരീക്ഷ ഉൾപ്പെടെ ക്ലാസ് പരീക്ഷകൾ എഴുതാൻ കഴിഞ്ഞിട്ടില്ലായെന്നും തുടർന്ന് പഠിക്കാൻ കഴിയുന്നില്ലായെന്നുള്ളതും ചൂണ്ടിക്കാട്ടി സമർപ്പിച്ച പരാതി | കുട്ടിയെ അടിയന്തരമായി 10-ാം ക്ലാസ് രജിസ്റ്ററിൽ ഉൾപ്പെടുത്താനും സമ്പൂർണ്ണ രജിസ്റ്ററിൽ ഉൾപ്പെടുത്തി അഡ്മിഷൻ നടപടികൾ പൂർത്തീകരിക്കുവാനും സ്കൂൾ ഹെഡ്മാസ്റ്റർക്ക് നിർദ്ദേശം നൽകി. കുട്ടിക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകി |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | സി.ആർ.എം.പി. നമ്പർ 00609/01/2024/കെ.ഇ. എസ്.സി.പി.സി.ആർ. | പരണിയം ഗവ. ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭാഗമായിരുന്ന ഗ്രൗണ്ട് തിരുപുറം ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈയേറിയെന്നും കുട്ടികൾക്ക് ഗ്രൗണ്ട് ലഭ്യമാകുന്നില്ല എന്നുമാണ് പരാതി | വിദ്യാഭ്യാസ ആവശ്യ ങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഗ്രൗണ്ട് ഉപയോഗിക്കാൻ പാടില്ലാത്തതും അത്യാവശ്യഘട്ടങ്ങളിൽ മാത്രം ഗ്രൗണ്ട് വിട്ടുനൽകുന്നതിന് ഗ്രൗണ്ടിന്റെ ഉടമസ്ഥാവകാശം പരണിയം ഗവ. വി.എച്ച്. എസ്.എസ്.-ന് നൽകി ഹെഡ്മാസ്റ്ററെ ചുമതലപ്പെടുത്തി. അതിക്രമിച്ച് കയറുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാൻ പൂവാർ എസ്.എച്ച്.ഒ.-യ്ക്ക് നിർദ്ദേശം നൽകി |
| 7. | സി.ആർ.എം.പി. നമ്പർ 6369/01-ആർ/2022/കെ.ഇ.എസ്. സി.പി.സി.ആർ. | പൊൻമുടി ഗവ. യു.പി.എസ്.-ലെ പാചകപ്പുരയ്ക്ക് സമീപം പുലിയെക്കണ്ടു എന്ന പത്രവാർത്തയിൽ സ്വമേധയാ എടുത്ത കേസ് | പൊൻമുടി ഗവ. യു.പി.സ്കൂളിലെ കുട്ടികൾക്കും ജീവനക്കാർക്കും വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതിനുവേണ്ടി ഉയരത്തിൽ ഫെൻസിംഗ് നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കണ മെന്ന് പെരിങ്ങമ്മല പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി |
| 8. | സി.ആർ.എം.പി. നമ്പർ 01413/01/2023/കെ.ഇ. എസ്.സി.പി.സി.ആർ. | വിദ്യാർത്ഥികളായ ഹർജികക്ഷികളുടെ വീട് ജപ്തിയായതോടുകൂടി പുറത്താക്കപ്പെട്ടുയെന്നും സ്കൂളിൽ പോകുവാനുള്ള പഠനോപകരണങ്ങളും യൂണിഫോമും മറ്റ് വസ്ത്രങ്ങളോ ലഭ്യമാക്കാതെ വീട് പൂട്ടി സീൽ ചെയ്തുയെന്നും പ്രതികൂല കാലാവസ്ഥയിലും അടച്ചുറപ്പില്ലാത്ത കാർ ഷെഡിലാണ് താമസിക്കുന്നത് എന്നും, | ഐ.ഡി.ഐ.ബി. ബാങ്ക് ഹർജികക്ഷികളുടെ യൂണിഫോം, പഠന ഉപകരണങ്ങൾ, മറ്റ് ആവശ്യസാധനങ്ങൾ എന്നിവ ഹർജികക്ഷി കളെ തിരികെ ഏൽപ്പി ക്കേണ്ടതാണെന്നും അത് പാലിക്കുന്നുണ്ടെന്ന് ജില്ലാ പോലീസ് മേധാവി ഉറപ്പുവരുത്തേണ്ടതാണെ ന്നും, ജില്ലാ ശിശു സംരക്ഷണ ഓഫീസർ കുട്ടികളെ സ്പോൺസർഷിപ്പ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന നിയമ പരിരക്ഷ നൽകി പഠനത്തിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് പരാതി സംഗതി | പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകി |
| 9. | സി.ആർ.എം.പി. നമ്പർ 2430/01-സി/സി1/2023/കെ.ഇ. എസ്.സി.പി.സി.ആർ. | ആക്കുളം ഗുഡ്ഷെപ്പേർഡ് സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന യു.കെ.ജി. വിദ്യാർത്ഥിയ്ക്ക് സ്കൂളിൽ വച്ച് ബഞ്ചിൽ നിന്ന് വീണ് തലയോട്ടിക്ക് പരിക്ക് പറ്റുകയും സ്കൂളിൽ നിന്ന് വേണ്ട പരിചരണം ലഭിക്കാത്തതിനാൽ കുട്ടിയുടെ നില ഗുരുതരമാവുകയും ചെയ്തത് സംബന്ധിച്ചുള്ളതാണ് പരാതി | ഹർജികക്ഷിയുടെ കുട്ടിയുടെ മുഴുവൻ ചികിത്സാ ചെലവുകളും വഹിക്കണമെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടിയുടെ കുടുംബത്തിന് രണ്ട് ലക്ഷത്തിൽ (2,00,000) കുറയാത്ത തുക ഫിക്സഡ് ഡെപ്പോസിറ്റ് ആയി ബാങ്കിൽ നിക്ഷേപി ക്കണമെന്നും ആക്കുളം ഗുഡ്ഷെപ്പേർഡ് സ്കൂൾ മാനേജർക്ക് നിർദ്ദേശം നല്കി. പ്രസ്തുത സ്കൂളിലെ അദ്ധ്യാപകർക്കും, പ്രിൻസിപ്പൽ, എച്ച്.എം. എന്നിവർക്കും ബാലാവകാശങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ട നടപടികൾ മാനേജർ സ്വീകരിക്കേണ്ട താണെന്നും നിർദ്ദേശം നല്കി |
| 10. | സി.ആർ.എം.പി. നമ്പർ 01612/01/2024/കെ.ഇ. എസ്.സി.പി.സി.ആർ.<br>സി.ആർ.എം.പി. നമ്പർ 01631/01/2024/കെ.ഇ. എസ്.സി.പി.സി.ആർ. | തിരുവനന്തപുരം കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ബീമാപള്ളി പ്രീപ്രൈമറി സ്കൂളിൽ പഠനത്തിനു യോഗ്യമല്ലാത്തതും ക്ലാസ്സ് മുറികൾ പൊട്ടിപൊളിഞ്ഞതും, തുരുമ്പിച്ച കളിക്കോപ്പുകളും, ശുചീകരണം ഇല്ലാത്തതും, ഗുരുതരമായ അവസ്ഥയിലുമാണെന്നും, സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തൊട്ട് അടുത്ത് മാലിന്യം | ബീമാപള്ളി പ്രീപ്രൈമറി സ്കൂളിന്റെ പ്രവർത്തനം ബീമാപള്ളി അർബൻ പ്രൈമറി ഹെൽത്ത് സെന്റർ കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രത്തിന്റെ ഒന്നാം നിലയിലേക്ക് താൽക്കാലികമായി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | നിക്ഷേപിച്ച് വൃത്തിഹീനമായ നിലയിൽ കിടക്കുന്നുയെന്നും ആയതിൽ കൊതുക്, ഈച്ചകൾ മുതലായവയുടെ വിളനിലമാകുന്നുവെന്നും ഇത് പരിസ്ഥിതിക്ക് അപകടം ഉളവാകുന്നുയെന്നും തൊട്ട് അടുത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മാലിന്യം നിക്ഷേപിക്കുന്നതുമൂലം ആരോഗ്യത്തിന് ഹാനി ഉണ്ടാക്കുമെന്നും ആയതിനാൽ പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെടണമെന്നും കുട്ടികൾക്ക് അനുകൂലമായ അന്തരീക്ഷം ഉണ്ടാക്കണമെന്നുമാണ് പരാതി സംഗതി | |
| 11. | സി.ആർ.എം.പി. നമ്പർ 01165/01/2024/കെ.ഇ. എസ്.സി.പി.സി.ആർ. | 70% ഭിന്നശേഷിയുള്ള മാതാപിതാക്കളുടെ മക്കൾക്ക് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിദ്യാഭ്യാസ ധനസഹായ പദ്ധതിയായ വിദ്യാകിരണം പദ്ധതിയിലും, ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിലിന് ഒറ്റത്തവണ ധനസഹായം നൽകുന്ന സ്വാശ്രയ പദ്ധതിയിലും അവരെ ഉൾപ്പെടുത്തണമെന്നാണ് പരാതി സംഗതി | ജില്ലാ സാമൂഹ്യ നീതി ഓഫീസർ ഹർജികക്ഷി കളായ കുട്ടികളുടെ വീട്ടിൽ പോയി അവർക്ക് ലഭ്യമാക്കേണ്ട വിദ്യാകിരണം പദ്ധതിയും കുട്ടികളുടെ അച്ഛന് ഒറ്റതവണ ധനസഹായം നൽകുന്ന സ്വാശ്രയ പദ്ധതിയിലും ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി |
| 12. | സി.ആർ.എം.പി. നമ്പർ 00564/02/2024/കെ.ഇ. എസ്.സി.പി.സി.ആർ.<br>സി.ആർ.എം.പി. നമ്പർ 00623/02/2024/കെ.ഇ. എസ്.സി.പി.സി.ആർ. | കൊല്ലം – തേവന്നൂർ ഗവ. എച്ച്.എസ്.എസ്.-ലെ രണ്ട് 6-ാം ക്ലാസ് വിദ്യാർത്ഥികളുടെ പേര് ജില്ലാതല സാമൂഹ്യശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടി മത്സരത്തിൽ തിരഞ്ഞെടുക്കപ്പെട്ടെന്ന് | ഹർജികക്ഷികളുടെ കുട്ടികളെ സംസ്ഥാനതല ജില്ലാതല സാമൂഹ്യശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടി മത്സരത്തിൽ പങ്കെടുക്കുന്നതിന് ആവശ്യമായ നടപടി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | ഔദ്യോഗികമായി പ്രഖ്യാപിച്ചശേഷം സംസ്ഥാനതല മത്സരത്തിന് പങ്കെടുക്കുന്നതിന് മറ്റൊരു കുട്ടിയെ ഉൾപ്പെടുത്തിയത് സംബന്ധിച്ചുള്ള പരാതി | സ്വീകരിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയ റക്ടർക്ക് നിർദ്ദേശം നൽകുകയും മേലിൽ തെറ്റുകൾ ആവർത്തി ക്കാതിരിക്കാനുള്ള കർശന നിർദ്ദേശം നൽകി |
| 13. | സി.ആർ.എം.പി. നമ്പർ 01416/03/2023/കെ.ഇ. എസ്.സി.പി.സി.ആർ. | കോന്നി ഐരവൺ പി.എസ്.വി.പി.എം.എച്ച്. എസ്.എസ്. സ്കൂളിലെ 9-ാം ക്ലാസ് വിദ്യർത്ഥിയായ ഹർജികക്ഷിയുടെ മകനെ സ്കൂളിൽ പഠിപ്പിക്കില്ല എന്നു പറഞ്ഞ് ഇറക്കി വിട്ടതും മാനസികമായി പീഡിപ്പിച്ചതും സംബന്ധിച്ച പരാതി | ഹർജികക്ഷിയുടെ കുട്ടിക്ക് ഒൻപതാം ക്ലാസിൽ പരീക്ഷ എഴുതിപ്പിക്കാനുള്ള എല്ലാ സഹായങ്ങളും സജ്ജീകരണങ്ങളും നല്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നല്കി. കുട്ടിക്ക് കൗൺസിലിംങ് ആവശ്യമുണ്ടെങ്കിൽ ആയത് ലഭ്യമാക്കുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസറെ ചുമതല പ്പെടുത്തി സ്കൂൾ ഹെഡ്മാസ്റ്റർക്കും ടീച്ചർക്കും എതിരെ വകുപ്പുതല അന്വേഷണം നടത്തുന്നതിനും കുറ്റക്കാരാണെങ്കിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി |
| 14. | സി.ആർ.എം.പി. നമ്പർ 00222/2023/കെ.ഇ. എസ്.സി.പി.സി.ആർ. | സംസ്ഥാന സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിലും സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സ്കൂളുകളിലും മധ്യവേനലവധിക്കാലത്ത് വിവിധതരം ക്ലാസുകൾ നടത്തുന്നുവെന്നതാണ് ഹർജി സംഗതി | പൊതുവിദ്യാഭ്യാസ വകുപ്പ് വേനൽക്കാലത്ത് ക്ലാസ്സ് നടത്തുന്നത് വിലക്കി ക്കൊണ്ട് പുറപ്പെടുവി ച്ചിട്ടുള്ള പരിപത്രം സംസ്ഥാനത്ത് കെ.ഇ.ആർ. ബാധകമായ വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ കൃത്യമായി പരിശോധിക്കേണ്ട താണെന്നും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബഹു. ഹൈക്കോടതി വിധി അനുസരിച്ചുള്ള സമയക്രമം പാലിക്കപ്പെടുന്നുണ്ടോ എന്നത് സി.ബി.എസ്.ഇ. റീജിയണൽ ഓഫീസർ, ഐ.സി.എസ്.ഇ. ചെയർപേഴ്സൺ എന്നിവർ ഉറപ്പുവരുത്തേണ്ടതാണെന്നും നിർദ്ദേശം നൽകി |
| 15. | സി.ആർ.എം.പി.നമ്പർ 02055/03/2024/കെ.ഇ. എസ്.സി.പി.സി.ആർ. | പത്തനംതിട്ട ജില്ലയിലെ കാഴ്ചശക്തിയില്ലാത്ത മാതാപിതാക്കളുടെ 13 വയസ്സുള്ള കുട്ടി ഭിക്ഷാടനം നടത്തുന്നുയെന്നും ശോചനീയമായ ജീവിത സാഹചര്യങ്ങളാണെന്നുമുള്ള ശിശു സംരക്ഷണ ഓഫീസറുടെ കത്തിൽ ബാലാവകാശ കമ്മീഷൻ സ്വമേധയാ എടുത്ത കേസ് | പത്തനംതിട്ട ജില്ലയിലെ കാഴ്ചശക്തിയില്ലാത്ത മാതാപിതാക്കളുടെ 13 വയസ്സുള്ള കുട്ടി ഉൾപ്പെടുന്ന കുടുംബത്തിന് വാസയോഗ്യമായ സ്ഥലം കണ്ടെത്തി ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള നടപടി വടശ്ശേരിക്കര പഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.<br><br>പുതുതായി നിർമ്മിക്കുന്ന ഭവനത്തിൽ പഠിപ്പുമുറി സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടി പട്ടികജാതി വികസന ഓഫീസർ സ്വീകരിക്കേണ്ടതാണ്.<br><br>ലൈഫ് മിഷൻ പദ്ധതി പ്രകാരം വാസയോഗ്യമല്ലാത്ത ഭൂമി നല്കി അന്ധരായ കുടുംബത്തെ കബളിപ്പിച്ചതിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് എതിരെ ഉചിതമായ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതും അവരിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്നുമുള്ള നിർദ്ദേശം നൽകി |

| (1) | (2) | (3) | (4) |
|---|---|---|---|
| 16. | സി.ആർ.എം.പി. നമ്പർ 1829/04/2022/കെ.ഇ. എസ്.സി.പി.സി.ആർ. | ആലപ്പുഴ ജില്ലയിൽ ഹോളി ഫാമിലി ഹയർസെക്കണ്ടറി സ്കൂളിൽ എസ്.എസ്.എൽ.സി. കുട്ടികൾക്കായി സംഘടിപ്പിച്ച പഠനയാത്രയിൽ ഹർജികക്ഷികളായ കുട്ടികൾക്ക് നേരിടേണ്ടി വന്ന മാനസിക പീഡനം സംബന്ധിച്ചും യാത്രയിൽ ഉടനീളം പ്രഥമാദ്ധ്യാപികയിൽ നിന്ന് പരീക്ഷയ്ക്ക് C.E. മാർക്ക് IT മാർക്ക് എന്നിവയിൽ കുറവുവരുത്തുമെന്ന് ഭീഷണി നേരിടേണ്ടിവന്നുവെന്നും മറ്റുമാണ് ഹർജി സംഗതി | പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നമ്പർ എം(4)700196/2022/ഡിജി. ഇ.ടി. സർക്കുലറിലെ പ്രധാന നിർദ്ദേശങ്ങൾ പാലിക്കപ്പെടാതെ നടത്തിയ പഠനയാത്ര സംബന്ധിച്ചും ടി യാത്രയിൽ കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണി യാകുന്ന വാഹനം ഉപയോഗിച്ചത് സംബ ന്ധിച്ചും സുതാര്യമായ അന്വേഷണം നടത്തണ മെന്നും കുട്ടികളെയും അദ്ധ്യാപകരെയും മാനസിക സംഘർഷ ത്തിലാക്കുന്ന തരത്തി ലുള്ള പ്രവർത്തനം പ്രഥമാദ്ധ്യാപികയുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ടെങ്കിൽ കർശനമായ താക്കീത് നൽകുന്നതിനും ടി സ്കൂളിൽ നിന്ന് മാറ്റി മറ്റൊരു സ്കൂളിലേക്ക് നിയമിച്ച് കുട്ടികൾക്ക് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും മാനേജ്മെന്റിന് നിർദ്ദേശം നൽകി |
| 17. | സി.ആർ.എം.പി. നമ്പർ 00342/04/2024/കെ.ഇ. എസ്.സി.പി.സി.ആർ. | ഹർജികക്ഷിയായ കുട്ടി നാലാം ക്ലാസ്സിൽ പഠിക്കുകയാണെന്നും ടിയാന്റെ മാതാവ് ഉപേക്ഷിച്ചിട്ട് പോയതിനാൽ അച്ഛനോടൊപ്പമാണ് താമസിക്കുന്നതെന്നും അമ്മയുടെയും അച്ഛന്റെയും സംരക്ഷണം ലഭിക്കണമെന്നും മറ്റുമാണ് ഹർജി സംഗതി. ടി പരാതി മനുഷ്യാവകാശ കമ്മീഷനിൽ നിന്ന് തുടർനടപടികൾക്കായി കമ്മീഷനിൽ ലഭ്യമായിട്ടുള്ളതാണ് | കുട്ടിയുടെ വിദ്യാഭ്യാസം, സംരക്ഷണം, സുരക്ഷിതത്വം എന്നിവ സംബന്ധിച്ചുള്ള നിരീക്ഷണം നടത്തി ഉചിതമായ സഹായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകി |

| (1) | (2) | (3) | (4) |
|---|---|---|---|
| 18. | സി.ആർ.എം.പി. നമ്പർ 01622/04/2024/കെ.ഇ. എസ്.സി.പി.സി.ആർ. | ആലപ്പുഴ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം സെന്റ് ജോസഫ് ബാലഭവന്റെ സംരക്ഷണയിലുള്ളതും സെന്റ് ജോസഫ് എച്ച്.എസ്.എസ്. പുളിങ്കുന്നിൽ തൽക്കാലികമായി പഠിച്ചുവരുന്നതുമായ കുട്ടിക്ക് ടി സ്കൂളിൽ ഹ്യുമാനിറ്റീസ് വിഷയത്തിൽ റെഗുലർ അഡ്മിഷൻ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നതാണ് ഹർജി ആവശ്യം | കുട്ടിക്ക് പുളിങ്കുന്ന് സെന്റ് ജോസഫ് സ്കൂളിൽ (സ്കൂൾ കോഡ് 04048) പ്ലസ് വൺ ഹ്യുമാനിറ്റീസ് വിഷയത്തിൽ പുതുതായി അഡ്മിഷൻ നൽകുന്നതിന് ഒരു സ്പെഷ്യൽ ഓർഡർ അനുവദിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി |
| 19. | സി.ആർ.എം.പി. നമ്പർ 01764/04/2024/കെ.ഇ. എസ്.സി.പി.സി.ആർ. | ആലപ്പുഴ ലജനുത്തൽ മുഹമ്മദീയ ഹയർസെക്കണ്ടറി സ്കൂളിലെ രണ്ട് കുട്ടികളെ സ്കൂളിൽ നിന്ന് പുറത്താക്കിയ വിഷയത്തിൽ മറ്റൊരു കുട്ടിയുടെ പിതാവ് ജില്ലാ ശിശുസംരക്ഷണ ഓഫീസർക്ക് നൽകിയ പരാതിയിൻമേൽ അന്വേഷണം നടത്തിയ റിപ്പോർട്ടാണ് തുടർനടപടികൾക്കായി കമ്മീഷനിൽ സമർപ്പിച്ചിട്ടുള്ളത്. ടി കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടേണ്ടതിൽ കമ്മീഷൻ അടിയന്തര നടപടി സ്വീകരിക്കണ മെന്നുമാണ് ഹർജിസാരം | ടി കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നതി നായി സ്കൂളിൽ തിരികെ പ്രവേശിപ്പിക്കുന്നതിനും ആവശ്യമായ കൗൺസിലിംങ്, കുട്ടികളുടെ വിദ്യാഭ്യാസം, ഉത്തമ വളർച്ച എന്നിവ സംബന്ധിച്ചുള്ള തുടർനിരീക്ഷണം നടത്തുന്നതിനും സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകി |
| 20. | സി.ആർ.എം.പി.നമ്പർ 00576/05/2023/കെ.ഇ. എസ്.സി.പി.സി.ആർ. | കോട്ടയം ജില്ലയിൽ അരുന്ധതിയാർചക്ലിയാർ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാത്തതുമൂലം ടി സമുദായത്തിലെ കുട്ടിൾക്ക് പട്ടിക ജാതിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യം ലഭിക്കുന്നില്ല എന്ന പരാതി | അരുന്ധതിയാർചക്ലിയാർ സമുദായത്തിന് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ജാതി നിർണ്ണയം സംബന്ധിച്ച് നരവംശ ശാസ്ത്ര പഠനം ഉൾപ്പെടെ നടത്തുന്ന തിനും, കിർത്താട്സ് മുഖേന പഠനം നടത്തി അർഹരായവരെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കണ്ടെത്തുന്നതിനും ആവശ്യമായ നടപടികൾ പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. കൂടാതെ 12-2-1986–ലെ സ.ഉ. (കൈ) നമ്പർ 10/1980/പ.ജ.പ.വ.വി.വ. ഉത്തരവ് പരിഷ്കരിക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ് |
| 21. | സി.ആർ.എം.പി. നമ്പർ 01193/06/2023/കെ.ഇ. എസ്.സി.പി.സി.ആർ. | ഹർജികക്ഷിയുടെ വീടിനോട് ചേർന്ന് പ്രവർത്തിച്ചുവരുന്ന സിമന്റ് ഇഷ്ടിക നിർമ്മാണ ശാലയിൽ നിന്നുണ്ടാകുന്ന ശബ്ദമലിനീകരണവും പൊടിശല്യവും നിമിത്തം കേൾവി തകരാളുള മകനടക്കമുള്ള കുടുംബത്തിന് അസ്വസ്ഥതകൾ നേരിടുന്നു എന്ന പരാതി | കാണക്കാരി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന മരിയൻ കോൺക്രീറ്റ് പ്രോഡക്ട് എന്ന സ്ഥാപനത്തിൽ നിന്ന് ഹർജിയിൽ പരാമർശിക്കുന്ന വിധത്തിലുള്ള മലിനീകരണ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനുള്ള നടപടി കാണക്കാരി പഞ്ചായത്ത് സെക്രട്ടറിയും, മലിനീ കരണ നിയന്ത്രണ ബോർഡ് എൻവയോൺ മെന്റൽ എഞ്ചിനീയർ എന്നിവർ സ്വീകരിക്കണ മെന്നും മലിനീകരണ പ്രശ്നം ഉണ്ടാകാൻ സാധ്യതയുള്ള മറ്റ് യൂണിറ്റുകളും പരിശോധന നടത്തുന്നതിനും നിർദ്ദേശം നൽകി |
| 22. | സി.ആർ.എം.പി. നമ്പർ 01594/06/2023/കെ.ഇ. എസ്.സി.പി.സി.ആർ. | ഹർജിക്കാരൻ 2023-ലെ അറക്കുളം സബ് ജില്ലാതല പ്രവൃത്തിപരിചയമേളയിൽ ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരുടെ പിഴവ് മൂലം സംസ്ഥാന മത്സരത്തിൽ പങ്കെടുക്കാനുള്ള അവസരവും പ്ലസ് വൺ പരീക്ഷയിൽ ലഭിക്കുമായിരുന്ന ഗ്രേസ് | കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ബാധ്യതയുള്ള ഉദ്യോഗസ്ഥർ കുട്ടികളുടെ അവകാശങ്ങൾ ലംഘിച്ചതിനുശേഷം ടാബുലേഷൻ ഷീറ്റിൽ കൃത്രിമത്വം ചെയ്യുന്നത് ഗുരുതരമായ ബാലാവകാശ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | മാർക്കും നഷ്ടപ്പെട്ടുവെന്നും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ കുറ്റകരമായ പിഴവുമൂലം ഹർജിക്കാരന്റെ അവസരം നഷ്ടപ്പെടുത്തുകയും മനോവിഷമം ഉണ്ടാക്കുകയും ചെയ്തു എന്നാണ് പരാതി | ലംഘനമാകുന്നു. ആയതിനാൽ ഈ വിഷയത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൊണ്ട് സമഗ്രമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കേണ്ടതാണ് |
| 23. | സി.ആർ.എം.പി. നമ്പർ 02096/10/2023/കെ.ഇ. എസ്.സി.പി.സി.ആർ. | വിദേശത്ത് നിന്ന് നാട്ടിലേക്ക് വന്ന, പ്ലസ് വണ്ണിന് മലപ്പുറം ജില്ലയിലെ IUHSS പറപ്പൂർ എന്ന സ്കൂളിൽ പഠിക്കുന്ന ഹർജികക്ഷികൾക്ക് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് അഡ്മിഷൻ നിരസിച്ചതാണ് ഹർജി. ആയതിനാൽ ഹർജികക്ഷികളുടെ വിദ്യാഭ്യാസം തുടരുവാനും പ്ലസ് വൺ പരീക്ഷ എഴുതാനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്നു മാണ് ഹർജി സാരം | ഹർജികക്ഷികൾ സർക്കാരിന് അപേക്ഷ നൽകുന്നപക്ഷം അടിയന്തരമായി കുട്ടികളുടെ തുടർപഠനം നടത്തുന്നതിനാവശ്യമായ സാഹചര്യം ഒരുക്കി കൊടുക്കുവാൻ പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് കമ്മീഷൻ ഉത്തരവ് നൽകി |
| 24. | സി.ആർ.എം.പി. നമ്പർ 00863/07/2023/കെ.ഇ. എസ്.സി.പി.സി.ആർ. | എറണാകുളം ചേന്ദമംഗലം കരിമ്പാടം ഡി.ഡി. സഭ ഹൈസ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ ഇല്ലാത്തതും ശുചിത്വമില്ലാത്തതും ആരോഗ്യ സുരക്ഷാ സംവിധാനങ്ങളില്ലാ ത്തതുകൊണ്ടും വിദ്യാർത്ഥി വിദ്യാർത്ഥിനികൾ മാനസിക ആരോഗ്യ വിഷമതകൾ അനുഭവിക്കുന്നുവെന്നും പ്രസ്തുത വിഷയത്തിൽ കമ്മീഷൻ ഇടപെട്ട് നടപടികൾ സ്വീകരിക്കണ മെന്നുമാണ് ഹർജി സംഗതി | ഡി ഡി സ്കൂളിൽ വൃത്തിയുള്ളതും ശുചിത്വമുള്ളതുമായ ശുചിമുറികൾ പരിപാലിക്കപ്പെടുന്നു വെന്നും വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ സ്കൂൾ മാനേജ്മെന്റ് നിർമ്മിച്ചുവെന്നും ഉറപ്പുവരുത്തുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി |

| (1) | (2) | (3) | (4) |
|---|---|---|---|
| 25. | സി.ആർ.എം.പി. നമ്പർ 00370/07/2023/കെ.ഇ. എസ്.സി.പി.സി.ആർ. | എറണാകുളം കിഴക്കമ്പലത്തുള്ള സെന്റ് മേരീസ് പബ്ലിക് സ്കൂളിൽ ലോവർ കിന്റർഗാർഡനിൽ 2020 ജൂൺ മാസം പ്രവേശനം നേടിയ ഹർജികക്ഷിയുടെ 2 മക്കളെ നീന്തൽ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി സ്കൂളിന്റെ തന്നെ സഹസ്ഥാപനമായ മരിയൻ സ്വിമ്മിംങ് അക്കാഡമിയുടെ പേരിൽ ഹർജികക്ഷിയിൽ നിന്ന് ആകെ 60,000 രൂപ കൈപ്പറ്റിയെന്നും എന്നാൽ കോവിഡ് മഹാമാരി കാരണം നീന്തൽ പരിശീലനപരിപാടി ഒരു ദിവസം പോലും നടപ്പിലാക്കാത്തതിനാൽ ആയതിനുവേണ്ടി സ്കൂൾ പ്രിൻസിപ്പൽ കൈപ്പറ്റിയ 60,000 രൂപ മടക്കി നൽകുവാൻ ആവശ്യപ്പെട്ടപ്പോൾ ആയതു നിഷേധിച്ചുവെന്നതുമാണ് ഹർജി സംഗതി | നീന്തൽ പരിശീലന പദ്ധതിക്കുവേണ്ടി ഹർജികക്ഷിയിൽ നിന്നും ഈടാക്കിയ 60,000 രൂപ സേവനം യാതൊന്നും ലഭ്യമാക്കാത്ത സാഹചര്യത്തിൽ സെന്റ് മേരീസ് മാനേജർ ഹർജികക്ഷിക്ക് മടക്കി നൽകുന്നതിനായി നിർദ്ദേശം നൽകി |
| 26. | സി.ആർ.എം.പി. നമ്പർ 00748/07/2023/കെ.ഇ. എസ്.സി.പി.സി.ആർ. | പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു കീഴിലുള്ള വളയൻ ചിറങ്ങര ഗവ.എൽ.പി. സ്കൂളിനോട് ചേർന്നുള്ള സ്ഥലം സ്കൂളിലെ കുട്ടികൾക്ക് കളി സ്ഥലമായി അനുവദിച്ച് കിട്ടുന്നതിന് കമ്മീഷൻ ഇടപെടണമെന്നാണ് പരാതി | പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിലുള്ള വളയൻ ചിറങ്ങര ഗവ.എൽ.പി. സ്കൂളിനോട് ചേർന്ന് സർവ്വേ നമ്പർ 444/3-ൽ പ്രതിപാദിച്ചിട്ടുള്ള കനാൽ പുറമ്പോക്കായി 82-21 ആർ വസ്തു ഉൾപ്പെടെയുള്ള സ്ഥലം സ്കൂളിന് കളി സ്ഥലമായി ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കുന്നത്ത്നാട് തഹസീൽദാർ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി |

| (1) | (2) | (3) | (4) |
|---|---|---|---|
| 27. | സി.ആർ.എം.പി. നമ്പർ 00424/07/2023/കെ.ഇ. എസ്.സി.പി.സി.ആർ. | എറണാകുളം ജില്ലയിൽ കോതമംഗലം പ്രദേശത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ട്യൂഷൻ/പരിശീലന കേന്ദ്രങ്ങളും സ്കൂളുകളും നിലവിലുണ്ടെന്നും നിയമ വിരുദ്ധമായി പ്രവർത്തിക്കുന്ന പ്രസ്തുത സ്ഥാപനങ്ങൾ നിർത്തലാക്കുന്നതിനുവേണ്ടി കമ്മീഷൻ ഇടപെടണമെന്നുമാണ് ഹർജി സംഗതി | 60 വിദ്യാർത്ഥികളും 7അദ്ധ്യാപകരും 5 അനദ്ധ്യാപകരും ഉള്ള ഇന്റർ നാഷണൽ പബ്ലിക് സ്കൂൾ സ്മാർട്ട് കിഡ്സ് ഡേ കെയർ എന്ന സ്ഥാപനം അടുത്ത അദ്ധ്യയനവർഷം മുതൽ പ്രവർത്തിക്കണമെങ്കിൽ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ അംഗീകാരം കരസ്ഥമാക്കിയിരിക്കണം എന്നത് പൊതുവിദ്യാഭ്യാസ സെക്രട്ടറിയും പൊതുവിദ്യാഭ്യാസ ഡയറക്ടറും ഉറപ്പു വരുത്തേണ്ടതാണ്.<br>അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കണമെങ്കിൽ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുടെ അംഗീകാരം കരസ്ഥമാക്കിയിരിക്കണം എന്നത് പൊതു വിദ്യാഭ്യാസ സെക്രട്ടറിയും പൊതുവിദ്യാഭ്യാസ ഡയറക്ടറും ഉറപ്പു വരുത്തേണ്ടതാണെന്ന് നിർദ്ദേശം നൽകി |
| 28. | സി.ആർ.എം.പി. നമ്പർ 00661/07/2024/കെ.ഇ. എസ്.സി.പി.സി.ആർ.<br>സി.ആർ.എം.പി. നമ്പർ 01418/07/2024/കെ.ഇ. എസ്.സി.പി.സി.ആർ. | ചൈൽഡ് ഹെൽപ് ഫൗണ്ടേഷൻ എന്ന സംഘടന സ്വകാര്യ ആശുപത്രിയിൽ ചികിത്സാർത്ഥം പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികളുടെ പേര്, വിലാസം, ചിത്രങ്ങൾ എന്നിവ സഹിതം സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് പൊതുജനങ്ങളിൽ നിന്ന് ഭീമമായ തുക ശേഖരിക്കുന്നുവെന്നും ഹർജികക്ഷിയേയും ഇപ്രകാരം ബന്ധപ്പെട്ട് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുവെന്നും | കുട്ടികളുടെ വിവരങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ പങ്കുവച്ച് ധനസമാഹരണം നടത്തുന്നത് അവരുടെ സ്വകാര്യത ലംഘിക്കുന്ന പ്രവൃത്തിയായതിനാൽ കുട്ടികളുടെ പേര് വിവരങ്ങൾ ഫോട്ടോകൾ തുടങ്ങിയ സ്വകാര്യ വിവരങ്ങൾ പത്ര മാധ്യമങ്ങൾ വഴിയോ സമൂഹമാധ്യമങ്ങൾ വഴിയോ പ്രസിദ്ധപ്പെടുത്തരുതെന്നും ഇക്കാര്യം കൃത്യമായി പാലിക്കപ്പെടണമെന്ന് ഉറപ്പു വരുത്തുന്നതിനായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | സർക്കാർ ആശുപത്രികളിൽ ചികിത്സാ സൗകര്യങ്ങൾ നിലനിൽക്കേ സ്വകാര്യ ആശുപത്രികളുമായി MOU ഒപ്പുവച്ച് സുതാര്യമല്ലാത്ത ധനസമാഹരണം നടത്തുന്നത് നിയമവിരുദ്ധമാണെന്നും ആയതു തടയുവാൻ നടപടികൾ സ്വീകരിക്കണമെന്നുമാണ് ഹർജി സംഗതി. | സമഗ്രമായ മാർഗ്ഗരേഖ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും വനിതാശിശുവികസന വകുപ്പ് സെക്രട്ടറിയും സംയുക്തമായി തയ്യാറാക്കേണ്ടതാണെന്ന നിർദ്ദേശം നൽകി. |
| 29. | സി.ആർ.എം.പി. നമ്പർ 00270/07/2023/കെ.ഇ. എസ്.സി.പി.സി.ആർ. | എറണാകുളം ജില്ലയിലെ തൃക്കാക്കര ഹിൽവാലി ഹയർസെക്കണ്ടറി സ്കൂളിലെ പ്ലസ് ടു കൊമേഴ്സ് വിദ്യർത്ഥിയായിരുന്ന ഹർജികക്ഷി തന്റെ മൊബൈൽ ഫോൺ 12-10-2022 മുതൽ സ്കൂളിൽ പിടിച്ചു വെച്ചിരിക്കുകയാണെന്നും, തന്റെ പിതാവ് സ്കൂൾ മാനേജരോട് അഭ്യർത്ഥിച്ചിട്ടും ഫോൺ തിരികെ തന്നില്ലെന്നും 5000 രൂപ ഫൈൻ അടച്ചാലേ ഫോൺ വിട്ടു തരികയുള്ളു എന്ന് മാനേജർ പറഞ്ഞിട്ടുള്ള തായും ഫൈൻ അടക്കു വാനുള്ള സാമ്പത്തിക ശേഷി ഹർജികക്ഷിയുടെ കുടുംബത്തിനില്ലാത്തതി നാൽ ടി വിഷയത്തിൽ കമ്മീഷൻ ഇടപെട്ട് ഫോൺ തിരികെ ലഭിക്കുവാനുള്ള നടപടികൾ ഉണ്ടാകണമെന്നുമാണ് ഹർജി സാരം. | ഹർജികക്ഷിയുടെ മൊബൈൽ ഫോൺ തിരികെ ലഭിച്ചിട്ടുള്ള താണ്. ഫോൺ തിരികെ നൽകുന്നതിനുവേണ്ടി ഫൈൻ ഇനത്തിൽ ഈടാക്കിയ 2500 രൂപ ഹർജികക്ഷിക്കു നൽകുന്നതിനുള്ള നിർദ്ദേശം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, സി.ബി.എസ്.ഇ. റീജിയണൽ ഓഫീസർ എന്നിവർ ഹിൽവാലി പബ്ലിക് സ്കൂൾ പ്രിൻസിപ്പാളിന് നൽകേണ്ടതാണ്. |
| 30. | സി.ആർ.എം.പി. നമ്പർ 00778/06/2023/കെ.ഇ. എസ്.സി.പി.സി.ആർ. | ഹർജികക്ഷിയുടെ മകന് യു.എസ്.എസ്. പരീക്ഷ റിസൾട്ടിൽ “BT invalid” എന്നു കാണിക്കുന്ന ഉത്തരം പരിശോധിച്ചപ്പോൾ കുട്ടിക്ക് സ്കോളർഷിപ്പ് കിട്ടാൻ | പരീക്ഷാഭവൻ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ കുട്ടി ആൻസർ ഷീറ്റ് ബബിൾ ചെയ്തതിൽ വന്ന വീഴ്ചകാരണമാണ് റിസൾട്ട് പ്രസിദ്ധീകരിക്കാൻ കഴിയാത്തതെന്ന് |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | യോഗ്യതയുണ്ടെന്നും അതിനാൽ കുട്ടിയുടെ പരീക്ഷാപേപ്പർ മാന്വലായി മൂല്യ നിർണ്ണയം നടത്തി കുട്ടിക്ക് അർഹമായ സ്കോളർഷിപ്പ് ലഭ്യമാക്കാൻ കമ്മീഷൻ ഇടപെടണമെന്നതുമാണ് ഹർജി സംഗതി. | ബോധിപ്പിച്ചു. മനഃപൂർവ്വ മല്ലാതെ കുട്ടിക്ക് സംഭവിച്ച വീഴ്ച യഥാസമയം കണ്ടെത്തി തിരുത്തുന്ന തിന് ഇൻവിജിലേറ്റർക്ക് വീഴ്ച സംഭവിച്ചതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ ഇൻവിജിലേറ്റർ ആയി പ്രവർത്തിക്കുന്നവർ ഉത്തരവാദിത്തബോധ ത്തോടെ പ്രവർത്തിക്കുന്ന തിന് പരീക്ഷാഭവൻ സെക്രട്ടറി നിർദ്ദേശം നൽകണമെന്ന് ശിപാർശ നൽകി |
| 31. | സി.ആർ.എം.പി. നമ്പർ 00386/09/2024/കെ.ഇ. എസ്.സി.പി.സി.ആർ. | ഒരു വിഡിയോ വ്ലോഗർ ഹർജികക്ഷിയുടെയും 11 വയസ്സുള്ള മകളുടെയും 8 വയസ്സുള്ള മകന്റെയും വീഡിയോ ചിത്രീകരിച്ചുവെന്നും അത് സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെട്ടതുമൂലം കുട്ടികൾക്കുണ്ടായ മാനസ്സിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി പ്രസ്തുത വീഡിയോ സമൂഹ മാധ്യമങ്ങളിൽ നിന്ന് പൂർണ്ണമായും നീക്കുവാനുള്ള ഹർജി. | ഹർജികക്ഷിയുടെയും കുട്ടികളുടെയും വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്നുണ്ടെങ്കിൽ ആയത് ഉടൻ നീക്കം ചെയ്യുവാൻ പാലക്കാട് ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തി. കുട്ടികൾ ബാലനീതി നിയമ പ്രകാരം "ശ്രദ്ധയും സംരക്ഷണവും ആവശ്യ മുള്ള കുട്ടികൾ"-ടെ വിഭാഗത്തിൽ ഉൾപ്പെടു ത്തേണ്ടവരാണോ എന്ന് ഡി.സി.പി.ഒ. അന്വേഷിച്ച് നടപടികൾ കൈക്കൊ ള്ളേണ്ടതാണ്. |
| 32. | സി.ആർ.എം.പി. നമ്പർ 00375/09/2024/കെ.ഇ. എസ്.സി.പി.സി.ആർ. | പാലക്കാട് ജില്ലാ, ഉപജില്ലാ മത്സരങ്ങളിൽ വിജയിച്ച പ്ലസ് വൺ വിദ്യാർത്ഥിക്ക് സർട്ടിഫിക്കറ്റുകൾ 4 മാസക്കാലമായി നൽകിയിട്ടില്ലെന്നും സമയബന്ധിതമായി അർഹിക്കുന്ന അംഗീകാരം ലഭിക്കാത്തതുകൊണ്ട് വിദ്യാർത്ഥിക്കുണ്ടായിട്ടുള്ള മനോവിഷമം കമ്മീഷൻ ഇടപെട്ട് ശാശ്വത പരിഹാരം ഉണ്ടാക്കണമെന്നാണ് ഹർജി സംഗതി. | കുട്ടിയുടെ ഗെയിംസ് മത്സര വിജയത്തിനുള്ള ജില്ലാ ഉപജില്ലാ സർട്ടിഫിക്കറ്റുകൾ 7 ദിവസത്തിനകം ലഭ്യമാക്കാൻ കമ്മീഷൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി |

| (1) | (2) | (3) | (4) |
|---|---|---|---|
| 33. | സി.ആർ.എം.പി. നമ്പർ 00047/09/2023/കെ.ഇ. എസ്.സി.പി.സി.ആർ. | പ്ലസ് ടു വിദ്യാർത്ഥിയായ ഹർജികക്ഷിയുടെ മാതാവ് ലൈഫ് മിഷൻ വഴി വീട് നിർമ്മിച്ചു കിട്ടുവാൻ സമർപ്പിച്ച അപേക്ഷ നിരസിച്ചതാണ് ഹർജി സംഗതി. | ഹർജികക്ഷിയുടെ ലൈഫ് പദ്ധതിയിലേക്കുള്ള അപേക്ഷ പ്രത്യേക പരിഗണന അർഹിക്കുന്ന തായതിനാൽ തദ്ദേശ സ്വയംഭരണ വകപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ തലത്തിൽ ഹർജികക്ഷിയുടെ ലൈഫ് പദ്ധതി അപേക്ഷ (നമ്പർ Life/8/1268/161712) പുനഃപരിശോധിച്ച് അനുകൂല തീരുമാനം കൈക്കൊള്ളാൻ കമ്മീഷൻ ഉത്തരവ് നൽകി. |
| 34. | സി.ആർ.എം.പി. നമ്പർ 3637/10/2023/കെ.ഇ. എസ്.സി.പി.സി.ആർ. | സ്കൂളുകളിൽ കുട്ടികൾ അധ്യാപകർക്ക് സമ്മാനങ്ങൾ കൊടുക്കുന്നുണ്ടെന്നും ലഭിക്കുന്ന സമ്മാനങ്ങളുടെയും തന്ന വിദ്യർത്ഥിയുടെ വിവരങ്ങളും ഫോട്ടോയുമടക്കം, അധ്യാപകർ സാമൂഹ്യമാധ്യമങ്ങളിൽ പങ്കുവെക്കുന്നതായും ഇതിനെതുടർന്ന് കുട്ടികൾക്കിടയിൽ ഒരു മത്സരമായി മാറുന്നുണ്ടെന്നും ടി പ്രവണത തടയണമെന്നുമാണ് പരാതി സംഗതി. | ഇത്തരം പ്രവണതകൾ ആരംഭിക്കുന്നതും തുടർന്നുകൊണ്ട് പോകുന്നതും, അധ്യാപക വിദ്യാർത്ഥി ബന്ധത്തെ മോശമായി ബാധിക്കുമെന്നും, കുട്ടികളുടെ അവകാശ സംരക്ഷണത്തിന് വിഘാതമാണെന്നും കമ്മീഷൻ വിലയിരുത്തി. പ്രീപ്രൈമറി മുതൽ ഹൈസ്കൂളുവരെയുള്ള വിദ്യാർത്ഥികൾ അവരുടെ അധ്യാപകർക്ക് സമ്മാനങ്ങൾ നല്കുന്ന പ്രവണതകൾ വിലക്കിക്കൊണ്ടുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് ടി പരാതിക്കും ബാധകമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു. |
| 35. | സി.ആർ.എം.പി. നമ്പർ 00753/10/2023/കെ.ഇ. എസ്.സി.പി.സി.ആർ. | സുപ്രഭാതം എന്ന മാധ്യമത്തിൽ “പീരിയഡുണ്ട്, തസ്തികയില്ല, 85% സ്കൂളുകളിലും കായികാധ്യാപകരില്ല” എന്ന തലക്കെട്ടോടെ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കമ്മീഷൻ സ്വമേധയാ എടുത്തതാണ് ഈ ഹർജിക്കാധാരം. | കുട്ടികളുടെ സർവ്വതോൻമുഖമായ ഉന്നമനത്തിനായി, അക്കാദമിക് വിഷയ ങ്ങളോടൊപ്പം കായിക വിദ്യാഭ്യാസവും കൊടുക്കേണ്ടതുണ്ടെന്ന് കമ്മീഷൻ വിലയിരുത്തി, എൽ.പി.യു.പി. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കായികാധ്യാപകരെ നിയമിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തി കമ്മീഷൻ ഉത്തരവ് നൽകി |
| 36. | സി.ആർ.എം.പി. നമ്പർ 10614/10/2022/കെ.ഇ. എസ്.സി.പി.സി.ആർ. | മലപ്പുറം ഉപജില്ലാ ചെസ് മത്സരം ഓൾ ഇന്ത്യാ ചെസ് ഫെഡറേഷന്റെയോ, ചെസ് നിയമ പ്രകാരമോ അല്ലാതെ നടത്തിയത് സംബന്ധിച്ച്. | ദേശീയ ചെസ് ഫെഡറേഷൻ അനുശാസിക്കുന്ന നിയമപ്രകാരം മാത്രമേ ചെസ് മത്സരം നടത്താൻ പാടുള്ളു എന്നും ചെസ് മത്സരം നടത്തുമ്പോൾ ഓൾ ഇൻഡ്യ ചെസ് ഫെഡറേഷന്റെ പരീക്ഷ പാസ്സായ ആർബിറ്ററിന്റെ സാന്നിധ്യത്തിൽ മാത്രമേ മത്സരം നടത്താവൂ എന്നും ഉത്തരവ് പുറപ്പെടുവിച്ചു. |
| 37. | സി.ആർ.എം.പി. നമ്പർ 01435/11/2024/കെ.ഇ. എസ്.സി.പി.സി.ആർ. | സ്കൂളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയിലറ്റ് സൗകര്യങ്ങൾ ഇല്ലായെന്നും ആയത് നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ പരാതി | കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയിലെറ്റ് സൗകര്യം നിർമ്മിക്കുന്നതിനും, സ്കൂൾ മാന്വൽ പ്രകാരം അടിസ്ഥാനസൗകര്യങ്ങൾ സ്ഥാപിയ്ക്കുന്നതിനും നിർദ്ദേശം നൽകി. |
| 38. | സി.ആർ.എം.പി. നമ്പർ 00560/13/2023/കെ.ഇ. എസ്.സി.പി.സി.ആർ. | സ്കൂളിൽ കുട്ടികൾ ഉപയോഗിച്ചുവരുന്ന മൂത്രപ്പുര സ്കൂൾ തുറക്കുന്നതിനുമുമ്പ് പൊളിച്ചു കളഞ്ഞു എന്ന പരാതി. | പൊളിച്ചു കളഞ്ഞ മൂത്രപ്പുര അടിയന്തരമായി പുനഃ സ്ഥാപിച്ച് 30 ദിവസത്തിനകം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകി. |
| 39. | സി.ആർ.എം.പി. നമ്പർ 00766/14/2024/കെ.ഇ. എസ്.സി.പി.സി.ആർ. സി.ആർ.എം.പി. നമ്പർ 00658/14/2024/കെ.ഇ. എസ്.സി.പി.സി.ആർ. | ഭർത്താവിൽ നിന്നും അകന്നു കഴിയുന്ന ഹർജികക്ഷിയുടെ 3 കുട്ടികളുടെ കസ്റ്റഡി സംബന്ധമായി പരാതി | കുട്ടികളുടെ ഉത്തമ താല്പര്യം സംരക്ഷിക്കുന്ന തിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റിയ്ക്ക് തീരുമാനം എടുക്കുന്നതിന് നിർദ്ദേശം നൽകി. |
| 40. | സി.ആർ.എം.പി. നമ്പർ 00880/14/2023/കെ.ഇ. എസ്.സി.പി.സി.ആർ. | സാവിത്രിഭായ് ഫുലെ ആശ്രമം സ്കൂളിലെ കുട്ടികൾക്ക് ഭക്ഷ്യവിഷ ബാധയുണ്ടായത് സംബന്ധിച്ച് സ്വമേധയാ എടുത്ത കേസ്. | പ്രസ്തുത സ്ഥാപനത്തിലെ കുടിവെള്ള സ്രോതസ് പരിശോധിക്കുന്നതിനും, സ്ഥാപനത്തിൽ നിരന്തരമായി സന്ദർശനം നടത്തി ആവശ്യമായ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകി |
| 41. | സി.ആർ.എം.പി.നം. 01268/14/2024/കെ.ഇ. എസ്.സി.പി.സി.ആർ. | ചികിത്സയിൽ കഴിഞ്ഞിരുന്ന മകൾക്ക് യഥാസമയം +1 –ന് അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാൽ പ്രത്യേക അനുമതി നൽകി പ്രവേശനം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ പരാതി. | സർക്കാരിലേക്ക് നൽകിയിട്ടുള്ള അപേക്ഷയിൽ തുടർനടപടി സ്വീകരിച്ച് സൗകര്യപ്രദമായ സ്കൂളിൽ കുട്ടിക്ക് +1 –ന് അഡ്മിഷൻ നൽകുന്നതിന് നിർദ്ദേശം നൽകി |
| 42. | സി.ആർ.എം.പി. നം. 01179/08/2023/കെ.ഇ. എസ്.സി.പി.സി.ആർ. | 15 വയസ്സുകാരിയായ കുട്ടിയെ രണ്ടു മാസത്തോളം സ്കൂളിൽ കയറാൻ അനുവാദം നൽകാതിരുന്നത് സംബന്ധിച്ച പരാതി. | കുട്ടിയുടെ ഉന്നമനാവകാശം മുന്നിൽകണ്ട് പ്രവർത്തിക്കേണ്ട സ്കൂൾ അധികൃതർ ആയതിന് വ്യത്യസ്തമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിക്കേണ്ടതും നടപടി സ്വീകരിക്കേണ്ടതുമാണ്. |
| 43. | സി.ആർ.എം.പി. നം. 1718/05/എൽ.എ.1/2023/ കെ.ഇ.എസ്.സി.പി. സി.ആർ. | ഹോമുകളിലെ കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനായി നൽകിയിട്ടുള്ള പരാതി. | കുട്ടികൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ CWC, ഗവ. മെഡിക്കൽ കോളേജ് സൂപ്രണ്ട് അർപ്പൂക്കര എന്നിവർ സ്വീകരിക്കേണ്ടതാണ് എന്ന നിർദ്ദേശം നൽകി. |
| 44. | സി.ആർ.എം.പി. നം. 00576/05/2023/കെ.ഇ. എസ്.സി.പി.സി.ആർ. | ചക്ലിയാർ സമുദായ അംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാകാത്തതുമൂലം ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച പരാതി. | ചക്ലിയാർ വിഭാഗത്തിന് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിനും ജാതി നിർണ്ണയം സംബന്ധിച്ച് നരവംശ ശാസ്ത്ര പഠനം ഉൾപ്പെടെ നടത്തുന്ന തിനും സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള കിർത്താഡ്സ് വഴി പഠനം നടത്തി അർഹരായവരെ കണ്ടെത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. |

## അന്വേഷണ വിചാരണയിലെ പ്രതിസന്ധികൾ

ബാലാവകാശ ലംഘനം, ബാലവകാശ നിഷേധം എന്നിവ സംബന്ധിച്ച അന്വേഷണ വിചാരണയിൽ ആശ്വാസ നടപടികൾക്കായി ശുപാർശകൾ നല്കുന്നതും കമ്മീഷന്റെ സുപ്രധാന കർത്തവ്യമാണ്. ഇപ്രകാരം നൽകുന്ന ശുപാർശകൾ 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 45 പ്രകാരം സർക്കാരിനും മറ്റ് ബന്ധപ്പെട്ട അധികാര സ്ഥാനങ്ങൾക്കും അയച്ചുകൊടുക്കുകയും അതിന്മേൽ സ്വീകരിക്കുന്ന നടപടി സംബന്ധിച്ച റിപ്പോർട്ട് നിശ്ചിത ദിവസങ്ങൾക്കകം കമ്മീഷന് സമർപ്പിക്കുവാനാവശ്യപ്പെടുകയും ചെയ്യുകയാണ് കമ്മീഷൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി. എന്നാൽ ഇത്തരത്തിൽ നടപടി റിപ്പോർട്ട് ലഭിക്കുന്നതിന് പലപ്പോഴും വളരെയധികം കാലതാമസം ഉണ്ടാകുന്നു എന്നത് വസ്തുതയാണ്. ഇത് ശുപാർശകളുടെ അടിസ്ഥാനത്തിലുള്ള ക്ഷേമകാര്യങ്ങളും ബാലാവകാശ സംരക്ഷണവും കുട്ടികൾക്ക് ലഭിക്കുന്നതിൽ അനാവശ്യമായ കാലതാമസം ഉണ്ടാക്കുന്നതിനാൽ ഇത്തരം അനാസ്ഥ ഒഴിവാക്കേണ്ടതുണ്ട്.

## കമ്മീഷൻ നടത്തിയ സന്ദർശനങ്ങൾ

- വണ്ടിപെരിയാർ കേസുമായി ബന്ധപ്പെട്ട് സ്പെഷ്യൽ പ്രോസിക്യൂട്ടർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുമായി കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ കൂടിയാലോചനകൾ നടത്തുകയും സമഗ്രമായ റിപ്പോർട്ട് ബഹു.മുഖ്യമന്ത്രിക്കു സമർപ്പിക്കുകയും ചെയ്തു.
- വാഴക്കാട് പഞ്ചായത്തിൽ ദുരൂഹ സാഹചര്യത്തിൽ പെൺകുട്ടി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് കൂടിയാലോചനയോഗം നടത്തി. വാഴക്കാടും, സമീപ പഞ്ചായത്തായ ചീക്കോടിലെയും മുഴുവൻ അംഗൻവാടി പരിധിയിലെയും കുട്ടികൾക്ക് സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലേഴ്സിനെ ഉപയോഗപ്പെടുത്തി കുട്ടികൾക്കെതിരായ അതിക്രമം, പോക്സോ ആക്റ്റ് എന്നീ വിഷയങ്ങളിൽ അവബോധന ക്ലാസുകൾ നൽകാനും അതിന് ശേഷം റിപ്പോർട്ട് സമർപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു.
- എറണാകുളം പനമ്പിള്ളി നഗറിലെ വനിഷ്ക അപ്പാർട്ട്മെന്റിൽ നിന്നും പ്രസവിച്ചിട്ട് 3 മണിക്കൂർ മാത്രം പ്രായമുള്ള ചോരക്കുഞ്ഞിനെ എറിഞ്ഞ് കൊന്ന സംഭവത്തിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് 2024 മേയ് 3-ന് കമ്മീഷൻ ചെയർപേഴ്സൺ മനോജ്കുമാർ കെ.വി. സ്ഥലം സന്ദർശിച്ചു.
- വയനാട് ഉരുൾപ്പൊട്ടലുമായി ബന്ധപ്പെട്ട് 2024 ആഗസ്റ്റ് 2-ന് മേപ്പാടി ദുരന്ത മേഖലയിൽ കുട്ടികൾ താമസിക്കുന്ന ക്യാമ്പുകളിൽ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും സന്ദർശനം നടത്തി. കുട്ടികളുടെ പുനരധിവാസവും അവർക്ക്

ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ബാലാവകാശ കമ്മീഷൻ നിർദ്ദേശം നൽകി.

- ദുരന്തവുമായി ബന്ധപ്പെട്ട് കുട്ടികളിലുണ്ടായ മാനസിക-ശാരീരിക ആഘാതങ്ങൾ വളരെ വലുതാണ്. ഉരുൾപൊട്ടലിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, മാനസികസമ്മർദ്ദം നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗുകൾ നൽകുന്നതിനും, കൂടാതെ കുട്ടികൾ ഉല്ലാസത്തോടെയും സന്തോഷത്തോടെയും അവരുടെ അതിജീവനം സാധ്യമാക്കുന്നതിനുള്ള പരിപാടികൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. മാന്ത്രികനായ ശ്രീ. ഗോപിനാഥ് മുതുകാട് വിവിധ മാജിക്കുകൾ അവതരിപ്പിക്കുകയും കുട്ടികളെ മാജിക് പഠിപ്പിക്കുകയും ചെയ്തു. ചലച്ചിത്ര മേഖലയിലെ ഹാസ്യനടൻ ശ്രീ. വിനോദ് കോവൂർ കുട്ടികളോടൊപ്പം പാട്ട് പാടുകയും, വിവിധ കലാപരിപാടികൾ ദുരിതാശ്വാസ ക്യാമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. കുട്ടികൾ നേരിടുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സംബന്ധിച്ച് മെഡിക്കൽ കോളേജ് സൈക്യാട്രിക് വിദഗ്ദ്ധൻ ഡോ.മോഹൻറോയ് ക്ലാസുകൾ നയിച്ചു. സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ കമ്മീഷൻ അംഗങ്ങളായ കെ.കെ. ഷാജു, മോഹൻകുമാർ ബി., വിൽസൺ എഫ്., ജില്ലാ ശിശുസംരക്ഷണ ഓഫീസർ എന്നിവർ പങ്കെടുത്തു.
- കണ്ണൂർ ജില്ലയിലെ ആറളം ഫാം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 27-8-2024-ന് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ സ്കൂൾ സന്ദർശിക്കുകയും സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ, പ്രിൻസിപ്പൽ, പി.ടി.എ. പ്രസിഡന്റ്, സ്കൂൾ അദ്ധ്യാപകർ എന്നിവരുമായി ചർച്ച നടത്തുകയും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശം നൽകുകയും ചെയ്തു.
- ജി.എച്ച്.എസ്.എസ്. അഞ്ചൽ വെസ്റ്റ് സ്കൂളിലെ കുട്ടികളെ സ്കൂളിൽ നിന്നും പുറത്താക്കിയതായി കമ്മീഷനിൽ ലഭിച്ച പരാതിയിന്മേൽ അന്വേഷണത്തിനായി കമ്മീഷൻ ചെയർപേഴ്സണും അംഗമായ വിൽസൺ എഫ്. സ്കൂൾ സന്ദർശിക്കുകയും ബന്ധപ്പെട്ട അദ്ധ്യാപകരുമായി കൂടിക്കാഴ്ച നടത്തുകയും ചെയ്തു.
- ആറളം വെളിമാനത്തെ സെന്റ് സെബാസ്റ്റ്യൻ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് 2024 സെപ്റ്റംബർ 20-ന് കർത്തവ്യവാഹകരുടെ

കൂടിയാലോചനാ യോഗം കൂടി. ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്, ഇരിട്ടി, സ്റ്റേഷൻ ഹൗസ് ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ കമ്മീഷൻ വിലയിരുത്തുകയും സ്വീകരിക്കേണ്ട തുടർനടപടികൾ നിർദ്ദേശിക്കുകയും ചെയ്തു.

- ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ 5 വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കുട്ടികൾക്കിടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. വി. ശശി എം.എൽ.എ. കമ്മീഷന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 2024 ഡിസംബർ 6-ന് മണ്ഡലത്തിലെ കർത്തവ്യവാഹകരുടെ യോഗം സംഘടിപ്പിക്കുകയും സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- കോഴിക്കോട് മുഹമ്മദ് അലി ജൗഹർ ഹയർസെക്കന്ററി സ്കൂളിലെ ഷഹബാസ് എന്ന വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട് 2025 മാർച്ച് 20-ന് കർത്തവ്യവാഹകരുടെ യോഗം കൂടി. കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, ചൈൽഡ് വെൽഫെയർ പ്രൊട്ടക്ഷൻ കമ്മിറ്റി ഭാരവാഹികൾ, സ്കൂൾ പ്രഥമാധ്യാപകൻ, സ്കൂൾ പ്രിൻസിപ്പൽ, പി.ടി.എ. ഭാരവാഹികൾ എന്നിവർ യോഗത്തിൽ പങ്കെടുക്കുകയും കുട്ടികളിൽ വർദ്ധിച്ചുവരുന്ന അക്രമവാസന എന്ന വിഷയവുമായി ബന്ധപ്പെട്ട് ചർച്ച നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- ബഹു. കമ്മീഷൻ അംഗം ശ്രീമതി സിസിലി ജോസഫ്, 29-5-2024-ന് പോലീസ് ഉദ്യോഗസ്ഥരുടെ മീറ്റിംഗിൽ പങ്കെടുത്തു. 12-4-2024-ൽ ഉദയഗിരി പഞ്ചായത്ത് ഹാളിൽ ജലദൗർലഭ്യം മൂലം വിഷമം അനുഭവിക്കുന്ന കുട്ടികൾക്ക് കമ്മീഷൻ ഉത്തരവ് പ്രകാരം ഉള്ള കാര്യങ്ങൾ നടപ്പിൽ വരുത്താൻ വേണ്ടി സംഘടിപ്പിച്ച കൂടിയാലോചനായോഗത്തിൽ പങ്കെടുത്തു. 1-6-2024-ന് കരിക്കോട്ടക്കരി സെന്റ് തോമസ് യു.പി.സ്കൂളിൽ വച്ച് കുട്ടികൾ സ്കൂളിലേക്ക് വരുന്നതിനും ഡ്രോപ്പ് ഔട്ട് ആകാതിരിക്കാനും വേണ്ടി നടത്തിയ "കളിക്കൂട്ടം" അവധിക്കാല ഏകദിന ക്യാമ്പിലും, 19-6-2024-ൽ കർത്തവ്യവാഹകരുടെ അവലോകനയോഗത്തിലും പങ്കെടുത്തു. 28-1-2025-ൽ ജുവനൈൽ ജസ്റ്റീസ്, പോക്സോ, ആർ.റ്റി.ഇ. കർത്തവ്യവാഹകരുടെ ജില്ലാതല അവലോകനയോഗത്തിൽ പങ്കെടുത്തു. 3-1-2025-ലെ ഇരിട്ടിയിലെ വികാസ്ഭവൻ സ്പെഷ്യൽ സ്കൂൾ കം റസിഡൻഷ്യൽ കെയർ സെന്റർ സന്ദർശിച്ചു. കണ്ണൂർ തളിപറമ്പ് പോക്സോ കോടതികൾ, പയ്യാമ്പലം ബഥാനിയ ചിൽഡ്രൻസ് ഹോം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

- ബഹു. കമ്മീഷൻ അംഗം ശ്രീ. ഷാജു കെ.കെ., 28-5-2024-ന് പാലക്കാടുള്ള ആൺകുട്ടികളുടെ ഗവ. ചിൽഡ്രൻസ് ഹോം, എൻട്രി ഹോം പാലക്കാട് എന്നിവിടങ്ങളും, 28-5-2024-ന് എറണാകുളം കാക്കനാടുള്ള പെൺകുട്ടികളുടെ ഗവ.ചിൽഡ്രൻസ് ഹോം, 14-6-2024-ന് എറണാകുളം ആലുവ S.O.S. ചിൽഡ്രൻസ് വില്ലേജ്, 20-7-2024-ന് എറണാകുളം പെരുമ്പാവൂരിൽ പ്രവർത്തിക്കുന്ന സ്നേഹജ്യോതി ശിശുഭവനും കോതമംഗലം നെല്ലിക്കുഴിയിൽ സ്ഥിതിചെയ്യുന്ന പീസ് വാലി ചിൽഡ്രൻസ്ഹോം, 16-11-2024-ന് എറണാകുളം കാക്കനാട് ഗവ. ചിൽഡ്രൻസ്ഹോം 15-2-2025-ന് ഗവ. റസിഡൻഷ്യൽ സ്കൂൾ 22-2-2025-ന് കാക്കനാട് ഒബ്സർവേഷൻ ഹോം എന്നിവിടങ്ങൾ സന്ദർശനം നടത്തി.
- ബഹു. കമ്മീഷൻ അംഗം ശ്രീമതി ജലജമോൾ റ്റി.സി., ശിശുദിനവാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ പരിപാടികളുടെ ഭാഗമായി കോട്ടയം ചെങ്ങളം ഗവൺമെന്റ് ഹൈസ്കൂളിൽ വച്ച് 19-11-2024-ന് കമ്മീഷൻ തീരുമാന പ്രകാരം സംഘടിപ്പിച്ച "പ്രകൃതിദുരന്തങ്ങളും കുട്ടികളും" എന്ന വിഷയത്തിൽ നടന്ന ബോധവൽക്കരണ ക്ലാസ്സിലും തിരുവഞ്ചിയൂർ ഗവൺമെന്റ് ബോയ്സ് ഹോം സംഘടിപ്പിച്ച പരിപാടിയിലും പങ്കെടുത്തു. ശിശുദിന വാരാചരണവുമായി ബന്ധപ്പെട്ട് തൃശ്ശൂർ വിവേകാനന്ദോദയം സ്കൂളിൽ സംഘടിപ്പിച്ച ചിത്രരചനാ മത്സരം ഉദ്ഘാടനം ചെയ്തു. 17-11-2024-ന് തെരുവിലുപേക്ഷിക്കുന്ന കുട്ടികളുടെ സംരക്ഷണാർത്ഥം അമ്മത്തൊട്ടിലിന്റെ പ്രസക്തി സംബന്ധിച്ചുള്ള സന്ദേശം ജനങ്ങളിലേക്കെത്തിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ തുറവൂർ, പൂച്ചാക്കൽ, തൈക്കാട്ടുശ്ശേരി എന്നിവിടങ്ങളിൽ ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രചാരണപരിപാടി ഉദ്ഘാടനം ചെയ്തു. ഭക്ഷ്യവിഷബാധയെ തുടർന്ന് കുട്ടികൾ ആശുപത്രിയിൽ ചികിത്സ തേടി എന്ന വാർത്തയെ തുടർന്ന് കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും 22-7-2024-ന് ആലപ്പുഴ ലൂഥറൻ ഹൈസ്കൂൾ സന്ദർശിക്കുകയും ചെയ്തു.ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ കളക്ട്രേറ്റിൽ വച്ച് കർത്തവ്യവാഹകരുടെ അവലോകന യോഗം നടത്തി. "ഉത്തമരക്ഷാകർതൃത്വം"എന്ന വിഷയത്തിൽ കുടുംബശ്രീയുമായി ചേർന്ന് കമ്മീഷൻ നടത്തിയ പരിശീലന പരിപാടിയിൽ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ ഉദ്ഘാടനം ചെയ്തു. 17-1-2025-ന് പീച്ചി ഡാമിൽ മൂന്നു കുട്ടികൾ മുങ്ങി മരിച്ചതുമായി ബന്ധപ്പെട്ട് കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടിയിൽ ബഹു. കമ്മീഷൻ മെമ്പർ ശ്രീമതി ജലജമോൾ റ്റി. സി., ശ്രീ. ഷാജു കെ. കെ. എന്നിവർ ഡാം സന്ദർശിച്ച് സ്ഥിതിഗതികൾ പരിശോധിച്ചു.

- ബഹു. കമ്മീഷൻ അംഗം ശ്രീമതി എൻ. സുനന്ദ, 10-12-2024-ന് പത്തനംതിട്ട ജില്ലയിലെ അന്ധരായ മാതാപിതാക്കളുടെ കുട്ടി ഭിക്ഷാടനം നടത്തുന്നു എന്ന വാർത്തയുമായി ബന്ധപ്പെട്ട് സ്വമേധയാ കേസ്സെടുക്കുകയും കുട്ടിയുടെ വീട് സന്ദർശിക്കുകയും ചെയ്തു. CRMP No. 00107/03/2025/KeSCPCR നമ്പർ കേസിൽ പട്ടികജാതി വിദ്യാർത്ഥിയെ 60 പേർ ചേർന്ന് 2019 മുതൽ 2024 വരെ പല സ്ഥലങ്ങളിൽ വച്ച് പീഡിപ്പിച്ച സംഭവത്തിൽ 13-1-2025-ന് കുട്ടിയുടെ വീട് സന്ദർശനം നടത്തി. 25-2-2025-ന് തിരുവല്ല ബിലീവേഴ്സ് ചർച്ച് സ്കൂളിലെ കുട്ടികളുടെ മാനസിക സമ്മർദ്ദം സംബന്ധിച്ച് കുട്ടികൾ നൽകിയ പരാതിയിൻമേൽ സ്കൂൾ സന്ദർശിച്ചു. 13-2-2025-ന് വഴുതക്കാട് സർക്കാർ റസിഡൻഷ്യൽ ബ്ലൈൻഡ് സ്കൂളിലെ ഹോസ്റ്റലിൽ കുട്ടികൾക്ക് ബുദ്ധിമുട്ട് നേരിടുന്നതുമായ ബന്ധപ്പെട്ട പരാതിയുമായി ബന്ധപ്പെട്ട് സ്കൂൾ സന്ദർശിച്ചു. 3-3-2025-ന് തിരുവനന്തപുരം തൈക്കാട് ശിശുക്ഷേമ സമിതിയിൽ നവജാത ശിശു മരിച്ചതുമായി ബന്ധപ്പെട്ടും ബഹു. കമ്മീഷൻ അംഗം ശ്രീമതി എൻ. സുനന്ദ സ്ഥലം സന്ദർശിച്ചു. അധ്യാപക ദിനവുമായി നടത്തിയ പരിപാടിയിൽ കുട്ടികൾക്ക് സംഭവിച്ച ബാലാവകാശ ലംഘനത്തെ കുറിച്ചുള്ള പരാതിയുമായി ബന്ധപ്പെട്ട് 6-11-2024-ന് തിരുവനന്തപുരം സെന്റ് ജോസഫ് സ്കൂൾ, ജലദൗർലഭ്യവുമായി ബന്ധപ്പെട്ട പരാതിയുമായി ബന്ധപ്പെട്ട് വഴുതക്കാട് കോട്ടൺഹിൽ എച്ച്.എസ്.എസ്. സ്കൂൾ, മാലിന്യ പ്രശ്നവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിനുമേൽ 1-10-2024-ന് ബീമാപള്ളി പ്രീ-പ്രൈമറി സ്കൂൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.
- ബഹു. കമ്മീഷൻ അംഗം. ഡോ. വിൽസൺ എഫ്, 5-10-2024-ന് സി.എം.എസ്. ചിൽഡ്രൻസ് ഹോം (ഗേൾസ്), സി.എം.എസ്. ചിൽഡ്രൻസ് ഹോം (ബോയ്സ്) എന്നിവയും, 10-10-2024-ന് സി.എസ്.ഐ. ബാലിക മന്ദിരവും, 11-11-2024-ന് ചെറുവാരക്കോണം സി.ഇ. ഹോം കരുണാലയവും, 20-11-2024-ന് ശ്രീ കാരുണ്യ റെസിഡൻഷ്യൽ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ (ഗേൾസ്), വെങ്ങാനൂരിലെ Juergen Tekas Children's Village (ബോയ്സ്) ഉം 15-12-2024-ന് ശ്രീ കരുണാലയ റസിഡൻഷ്യൽ ഹോം ഫോർ ഡിസേബിൾഡ് ചിൽഡ്രൻ (ബോയ്സ്) എന്നീ ഹോമുകൾ സന്ദർശിച്ച് കുട്ടികളുടെ പഠന-ഭക്ഷണ കാര്യങ്ങൾ അന്വേഷിച്ചറിയുകയും പോരായ്മകൾ കണ്ടെത്തിയവയിൽ ആവശ്യമായ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.
- ബഹു. കമ്മീഷൻ അംഗം ശ്രീ. മോഹൻകുമാർ ബി., 13-4-2024-ന് ചായ്യോത്ത് എൻട്രി ഹോം, 14-5-2024-ന് കാസർഗോഡ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയും ബോയ്സ് ഹോം, 14-8-2024-ന് കോഴിക്കോട് സി.ഡബ്ല്യു.സി., 7-12-2024-ന് പടന്നക്കാട് ഹോം, 24-12-2024-ന് കാസർഗോഡ് ചിൽഡ്രൻസ് ഹോം, 28-1-2025-ന് കാസർഗോഡ് ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് എന്നിവ സന്ദർശിച്ചു.

## സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം ആക്റ്റ്, 2009 (ആർ.റ്റി.ഇ.ആക്റ്റ് ) പ്രകാരമുള്ള പ്രവർത്തനങ്ങൾ

### *അധ്യയന വർഷാരംഭത്തിന് മുന്നോടിയായി കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് വിവിധ വകുപ്പുകളുമായി കൂടിയാലോചനായോഗം*

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിന് മുന്നോടിയായി കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട വകുപ്പുകളുടേയും കർത്തവ്യവാഹകരേയും ഉൾപ്പെടുത്തി 23-5-2024-ന് കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

കുട്ടികളുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങളുടെ നിരീക്ഷണ അതോറിറ്റി എന്ന നിലയിൽ 2024 ജൂൺ മാസം അധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പായി വിവിധ വകുപ്പുകൾ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ മനസിലാക്കുന്നതിനുവേണ്ടിയാണ് ഈ യോഗം സംഘടിപ്പിച്ചത്. സമൂഹം വളരെ നിസാരം എന്ന് കരുതുന്ന വിഷയങ്ങൾ പോലും കുട്ടികളെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യവും, ഗൗരവവും, അർഹിക്കുന്നതായിരിക്കും. സമീപകാലത്തു മഴ നനയാതിരിക്കാൻ റോഡരികിലെ കട വരാന്തയിൽ കയറിനിന്ന കുട്ടി വൈദ്യുതാഘാതമേറ്റ് മരിച്ചതുമായി ബന്ധപ്പെട്ട സംഭവത്തെ അടിസ്ഥാനപ്പെടുത്തി ചെയർപേഴ്സൺ സംസാരിച്ചു. വഴിയിലും, വഴിവക്കിലും കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുന്നു. അധ്യാപക പരിശീലനത്തിൽ ബാലനീതി ആക്റ്റ് 2015-ന് കൂടുതൽ പ്രാധാന്യം നൽകേണ്ടതാണെന്നും, ആഴത്തിൽ പഠിക്കുന്നത് അധ്യാപകരെ പുതിയ തലത്തിലേക്ക് നയിക്കുന്നതിന് സഹായകരമാകും എന്ന് ചെയർപേഴ്സൺ അഭിപ്രായപ്പെട്ടു.

മലയോര മേഖലകളിൽ കുട്ടികൾക്ക് യാത്ര ചെയ്തു സ്കൂളുകളിൽ എത്താൻ സഹായിക്കുന്ന “വിദ്യാവാഹിനി” പദ്ധതി പ്രകാരമുള്ള വാഹനങ്ങൾ ലഭ്യമാകുന്നില്ല എന്നതും, വയനാട് ജില്ലയിൽ തോണിയിൽ യാത്ര ചെയ്തു സ്കൂളുകളിലേക്ക് വരേണ്ടിവരുന്നതും, സ്കൂൾ ബസുകളുടെ സുരക്ഷിതത്വം, ഡ്രൈവർമാരുടെ പരിചയ സമ്പന്നത, സ്വഭാവം, ക്രിമിനൽ പശ്ചാത്തലം, സ്കൂൾ പരിസരത്തു നടക്കുന്ന കച്ചവടങ്ങൾ ഇവയൊക്കെ സസൂക്ഷ്മമായി നിരീക്ഷിക്കേണ്ട വിഷയങ്ങളാണ്. ഇതിന് വിവിധ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനവും നടപടികളും ആവശ്യമാണ് എന്ന് ചെയർപേഴ്സൺ ഓർമ്മിപ്പിച്ചു. യോഗത്തിൽ പങ്കെടുക്കുന്ന എല്ലാ വകുപ്പുകളും അധ്യയന വർഷത്തിന്റെ ആരംഭവുമായി ബന്ധപ്പെട്ട് കുട്ടികളുടെ സുരക്ഷിതത്വത്തെ മുൻനിർത്തി സ്വീകരിച്ചിട്ടുള്ള നടപടികൾ പങ്കുവെയ്ക്കുകയും കമ്മീഷൻ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

***അധ്യാപക പരിശീലനം കൂടിയാലോചനാ യോഗം***

ബാലാവകാശ സംരക്ഷണ നിയമങ്ങളെക്കുറിച്ച് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലെയും അധ്യാപകർക്ക് ഏകദിന പരിശീലനം നൽകുക എന്ന ലക്ഷ്യം മുൻനിർത്തി ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ 4-7-2024-ന് 11 മണിക്ക് കമ്മീഷൻ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. കുട്ടികളുടെ അവകാശങ്ങളെ കുറിച്ചും ഉത്തരവാദിത്വങ്ങളെ കുറിച്ചും, ബാലനീതി നിയമം, പോക്സോ ആക്റ്റ്, ആർ.ടി.ഇ. ആക്റ്റ്, കുട്ടികൾക്ക് നേരിടേണ്ടിവരുന്ന സൈബർ അതിക്രമങ്ങൾ എന്നിവയെക്കുറിച്ചും അധ്യാപകർ മനസ്സിലാക്കിയിരിക്കേണ്ടത് അനിവാര്യമാണ്. എങ്കിൽ മാത്രമേ കുട്ടികളുടെ ജീവിതത്തിലും അവരുടെ സാമൂഹിക ജീവിതത്തിലും അധ്യാപകർക്ക് കാര്യമായ ഇടപെടലുകൾ നടത്തുന്നതിന് സാധിക്കുകയുള്ളൂ. അതിനാൽ കുട്ടികളുടെ അവകാശങ്ങൾ ബാലനീതി ആക്റ്റ്, പോക്സോ ആക്റ്റ്, ആർ.ടി.ഇ. ആക്റ്റ് സൈബർ സുരക്ഷ എന്നീ വിഷയങ്ങളിൽ പരിശീലനം ജില്ലാതലത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്. ജില്ലയിൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ തലത്തിൽ ഓരോ അധ്യാപകരെ വീതം പങ്കെടുപ്പിച്ച് പരിശീലനം നടത്തുകയും തുടർന്ന് ഇപ്രകാരം പരിശീലനം ലഭിച്ച അധ്യാപകർ അതാത് ജില്ലയിലെ സ്കൂളുകളിലെ മറ്റ് അധ്യാപകർക്ക് പ്രസ്തുത വിഷയത്തിൽ പരിശീലനം നൽകി അവബോധം സൃഷ്ടിക്കുക എന്നതാണ് മൂന്നാംഘട്ട പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് ചെയർപേഴ്സൺ അറിയിച്ചു.

***കണ്ണൂർ - ആറളം ഫാം ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ സംബന്ധിച്ച് സംഘടിപ്പിച്ച കൂടിയാലോചനാ യോഗം***

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ നേതൃത്വത്തിൽ ആറളം ഗവ. ഹയർ സെക്കന്ററി സ്ക്കൂളിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 27-8-2024 തീയ്യതി ആറളം ഗവ. ഹയർ സെക്കന്ററി സ്ക്കൂളിൽ വച്ച് കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു. സ്കൂളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൂടിയാലോചനായോഗത്തിൽ കർത്തവ്യവാഹകർ ഉന്നയിക്കുകയും ബാലാവകാശകമ്മീഷൻ ചെയർപേഴ്സൺ വിഷയങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ വകുപ്പുകൾക്ക് നിർദേശിക്കുകയും ചെയ്തു.

**ശിപാർകൾ**

1. ട്രൈബൽ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടഞ്ഞ് കുട്ടികളെ സ്കൂളിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനും, ഊരിനെ നവലോകവുമായി ബന്ധപ്പെടുത്തുന്നതിനും, കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും പദ്ധതി തയ്യാറാക്കാൻ “ഊരുണർത്തൽസമിതി” യോഗം ചേരുന്നതിന് ജില്ലാ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്;
2. യാത്രാ സൗകര്യത്തിന്റെ പരിമിതി കാരണം കുട്ടികൾക്ക് സ്കൂളിൽ എത്തുന്നതിന് സാധിക്കുന്നില്ല എന്ന് കമ്മിഷൻ വിലയിരുത്തുന്നു. കുട്ടികൾ സ്കൂളിൽ സ്ഥിരമായി വരുന്നതിന് യാത്രാ സൗകര്യം മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ് അതിനായി

എല്ലാ വകുപ്പുകളും യോജിച്ച് പ്രവർത്തിക്കേണ്ടതാണ്. വിദ്യാഭ്യാസം, പഞ്ചായത്ത്, പട്ടികവർഗ്ഗം, ഗതാഗതം എന്നീ വകുപ്പുകൾ പ്രത്യേകം യോഗം കൂടി യാത്രാ സൗകര്യം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്;

3. കൗമാരപ്രായം എന്ന് പറയുന്നത് കുട്ടികൾക്കും മാതാപിതാക്കൾക്കും ഒരുപോലെ ബുദ്ധിമുട്ടേറിയ ഒരു കാലഘട്ടമാണ്. ഹോർമോൺ മാറ്റങ്ങൾ കാരണം കുട്ടികൾ ശാരീരികവും വൈകാരികവുമായ നിരവധി പ്രശ്നങ്ങൾ നേരിടുന്നു. ഈ പ്രായത്തിൽ ആവശ്യങ്ങളും പ്രശ്നങ്ങളും കൈകാര്യം ചെയ്യാനുള്ള ഏക മാർഗ്ഗം അവയെക്കുറിച്ച് അറിയുകയും അവയെ നേരിടാൻ പഠിക്കുകയും ചെയ്യുക എന്നതാണ്. അങ്കണവാടികൾ കേന്ദ്രീകരിച്ച് കൗമാര കുട്ടികൾക്കും അമ്മമാർക്കും കൃത്യമായ ബോധവൽക്കരണം നൽകേണ്ടതിന് വനിതാ ശിശുവികസന വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്;
4. സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ് (ആർ.റ്റി.ഇ. ആക്റ്റ്) 2009-ലെ 19-ാം വകുപ്പ്, എല്ലാ വിദ്യാലയങ്ങളിലും ചുറ്റുമതിൽ നിർമ്മിച്ച് കുട്ടികളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്നു. കുട്ടികളുടെ സുരക്ഷ മുൻനിർത്തി സ്കൂളിലെ ഇടിഞ്ഞുപോയ ചുറ്റുമതിൽ, ബോയ്സ് ഹോസ്റ്റൽ, ഹയർ സെക്കന്ററി പുതിയ ബ്ലോക്ക് എന്നിവയ്ക്ക് എത്രയും വേഗം ചുറ്റുമതിൽ നിർമ്മിക്കുന്നതിനായി സ്കൂൾ അധികൃതരും, പഞ്ചായത്തും, പട്ടികജാതി-പട്ടികഗോത്ര വർഗ്ഗ വകുപ്പും നടപടി സ്വീകരിക്കേണ്ടതാണ്;
5. പണി പൂർത്തിയായിട്ടും തുറന്നു പ്രവർത്തിക്കാത്ത ആൺ കുട്ടികളുടെ ഹോസ്റ്റൽ, ലാബ് എന്നിവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പും, പട്ടികജാതി-പട്ടികഗോത്രവർഗ്ഗ വകുപ്പും സ്വീകരിക്കേണ്ടതാണ്.
6. വിദ്യാലയങ്ങളിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വളരെ ഗൗരവമുള്ള പ്രശ്നമാണ്. സ്കൂളിൽ നിന്നും കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്തി തിരികെ സ്കൂളിൽ എത്തിക്കുന്നതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പും, പഞ്ചായത്തും, പട്ടികജാതി-പട്ടികഗോത്രവർഗ്ഗ വികസന വകുപ്പും സ്വീകരിക്കേണ്ടതാണ്;
7. സ്കൂളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞു പോകുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ആയത് പരിഹരിക്കുന്നതിന് സ്കൂൾ/പ്രീമെട്രിക് കൗൺസിലർമാരുടെയും, ട്രൈബൽ പ്രൊമോട്ടർമാരുടെയും, ഡി.സി.പി. യുടെയും വിദ്യാഭ്യാസ വകുപ്പിനെയും ഉൾപ്പെടുത്തി ക്രിയാത്മകമായ ഇടപെടലുകൾ നടത്തുന്നതിന് വിദ്യാഭ്യാസ വകുപ്പും, വനിതാ ശിശുവികസന വകുപ്പും നടപടി സ്വീകരിക്കേണ്ടതാണ്;
8. 9-ാം ക്ലാസ് മുതലുള്ള കുട്ടികൾക്ക് പാഠപുസ്തകങ്ങൾ സൗജന്യമല്ലാത്തതിനാൽ ആയത് വാങ്ങി നൽകുന്നതിനായി പഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഫണ്ട് ഉറപ്പാക്കുന്നത് ഉചിതമായിരിക്കും;

9. പട്ടികജാതി-പട്ടികഗോത്രവർഗ്ഗ വിഭാഗത്തിൽ വിദ്യാഭ്യാസം നേടിയ ആളുകളെ സ്കൂൾ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കും കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി പ്രത്യേകം പദ്ധതികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ഇത്തരം ആളുകളെ ഉപയോഗിച്ച് മാതാപിതാക്കൾക്ക് ബോധവത്കരണം നൽകി കുട്ടികളെ സ്കൂളിൽ എത്തിക്കാനും സാധിക്കുന്നതാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പും, പട്ടികജാതി-പട്ടികഗോത്ര വർഗ്ഗ വകുപ്പും സ്വീകരിക്കേണ്ടതാണ്;
10. നിരവധി പദ്ധതികൾ ഓരോ വകുപ്പിന് കീഴിലും ഉണ്ട്. എന്നാൽ അവയെ ഏകോപിപ്പിച്ച് ഏകീകൃതമായ രീതിയിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വകുപ്പുകൾ തയ്യാറാവണം. അതിനാവശ്യമായ നടപടികൾ വകുപ്പുകൾ സ്വീകരിക്കേണ്ടതാണ്.

***ചിറയിൻകീഴ് നിയോജകമണ്ഡലം***

***കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം***

ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ എല്ലാ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിലെ കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 2024 ഡിസംബർ 6-രാവിലെ 10 മണിക്ക് ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ എക്സ്സൈസ്, പോലീസ്, വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ, ശിശുസംരക്ഷണ ഓഫീസർ, ഹൈസ്കൂളിലെ പ്രഥമ അധ്യാപകർ, ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾമാർ, പി.റ്റി.എ. പ്രസിഡന്റുമാർ, എസ്.എം.സി. ചെയർമാൻമാർ എന്നിവരെ ഉൾപ്പെടുത്തി കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു. പ്രസ്തുത യോഗത്തിൽ ബഹു. എം. എൽ. എ. ശ്രീ. ശശി, കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ്കുമാർ, കമ്മീഷൻ അംഗങ്ങൾ ശ്രീ. കെ. കെ. ഷാജു, ഡോ. എഫ്. വിൽസൺ എന്നിവർ പങ്കെടുത്തു. ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയും, മണ്ഡലം ബാലസൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ തയ്യാറാക്കിയ ബാലസൗഹൃദ നിയോജക മണ്ഡലം കർമ്മപദ്ധതി ബഹു. എം.എൽ.എ.-ക്ക് കൈമാറുകയും ചെയ്തു.

***ചിൽഡ്രൻസ് കോൺക്ലേവ് 2025***

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ കുട്ടികളുടെ അതിജീവനം, ഉന്നമനം, സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ ഉറപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്. ശിശുകേന്ദ്രീകൃത സമൂഹം എന്ന കാഴ്ചപ്പാടിന് അനുസൃതമായി കുട്ടികളുടെ ക്ഷേമം, സംരക്ഷണം, വിദ്യാഭ്യാസം, അവകാശങ്ങൾ, വികസനം എന്നിവയ്ക്ക് മുൻഗണന നൽകേണ്ടത് അനിവാര്യമാണ്. കുട്ടികൾക്ക് അവരുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പ്രകടിപ്പിക്കാനുള്ള ഒരു സവിശേഷ വേദിയായാണ് ചിൽഡ്രൻസ് കോൺക്ലേവ്

സംഘടിപ്പിച്ചത്. കോൺക്ലേവ് ഉദ്ഘാടനം ബഹു. മന്ത്രി വീണജോർജ് ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ.വി. മനോജ്കുമാർ അധ്യക്ഷനായിരുന്നു.




കമ്മീഷൻ അംഗങ്ങളായ ശ്രീമതി എൻ. സുനന്ദ, ശ്രീമതി ജലജമോൾ റ്റി. സി., ശ്രീമതി സിസിലി ജോസഫ്, ശ്രീ. ബി. മോഹൻകുമാർ, ഡോ. എഫ്. വിൽസൺ, ശ്രീ. കെ. കെ. ഷാജു എന്നിവർ പങ്കെടുത്തു. ട്രൈബൽ-തീരദേശ-ഗ്രാമീണ മേഖലകളെ ഉൾപ്പെടുത്തി ഒരു ജില്ലയിൽനിന്നും 5 കുട്ടികളെ വീതം പങ്കെടുത്ത കോൺക്ലേവിൽ, വിദ്യാഭ്യാസ അവകാശവും ഇന്ത്യൻ ഭരണഘടനയും എന്ന വിഷയത്തിൽ ശ്രീ. കെ. ജയകുമാർ IAS (Rtd.) ഡയറക്ടർ, ഐ.എം.ജി., ദുരന്ത നിവാരണവും പാഠ്യപദ്ധതിയും എന്ന വിഷയത്തിൽ ഡോ. കെ. ജി. താര ദുരന്തനിവാരണ അതോറിറ്റി മുൻ മേധാവി, ജീവിതത്തിന്റെ A+ എന്ന വിഷയത്തിൽ ഡോ. ജി. എസ്. പ്രദീപ്, കുട്ടികളുടെ സുരക്ഷ, സംരക്ഷണം-അവകാശങ്ങൾ എന്ന വിഷയത്തിൽ ശ്രീ. കെ. കെ. സുബൈർ കെ.എ.എസ്., അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേരള കെമിക്കൽ എക്സാമിനേഷൻ ലാബ് എന്നീ പ്രമുഖർ സംവദിച്ചു. 14 ജില്ലകളിൽ നിന്നും പങ്കെടുത്ത 70 കുട്ടികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ചർച്ച ക്രമീകരിച്ചു. കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത കാര്യങ്ങൾ ഗ്രൂപ്പ് പ്രതിനിധികൾ അവതരണം നടത്തി. ക്രോഡീകരിച്ച റിപ്പോർട്ടും ശിപാർശകളും സർക്കാരിന് സമർപ്പിച്ചു.

II

## ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്ന നിയമം (പോക്സോ ആക്റ്റ്-2012) നടപ്പിലാക്കുന്നതിൽ കമ്മീഷൻ കൈക്കൊണ്ട പ്രവർത്തനങ്ങൾ

കുട്ടികളെ ലൈംഗിക അതിക്രമങ്ങളിൽ നിന്നും സംരക്ഷിച്ച് അവരുടെ സർവ്വതോന്മുഖമായ വളർച്ചയും വികസനവും സാധ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ നിയമമാണ് പോക്സോ ആക്റ്റ് 2012. പ്രസ്തുത ആക്റ്റിലെ വകുപ്പ് 44 പ്രകാരം സംസ്ഥാനത്ത് ആക്റ്റിന്റെ നിരീക്ഷണ ചുമതല കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.


### *സംസ്ഥാന പോലീസിൽനിന്നും ലഭ്യമായ വിവരങ്ങൾ*

ലൈംഗികാതിക്രമ (പോക്സോ) കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പോലീസ് വിഭാഗം നിർണായക പങ്ക് വഹിച്ചു വരുന്നു. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരു പോലീസ് ഉദ്യോഗസ്ഥനെ (ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ) കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി നിയമിച്ചിരിക്കുന്നു. കുട്ടികൾ ഉൾപ്പെടുന്നതും, കുട്ടികളെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നതുമായ എല്ലാ കേസുകളും അനുബന്ധ കാര്യങ്ങളും ചൈൽഡ് വെൽഫെയർ പോലീസ് ഓഫീസർ (സി.ഡബ്ല്യു.പി.ഒ.) മുഖേന നിർവഹിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ ആക്റ്റ് പ്രകാരമുള്ള കേസുകൾ സംബന്ധിച്ച വിവരങ്ങൾ കമ്മീഷൻ തയ്യാറാക്കിയ നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമയിൽ ജില്ലകളിൽനിന്ന് ശേഖരിച്ച് സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ മുഖാന്തിരം കമ്മീഷനിൽ ലഭ്യമാക്കി ക്രോഡീകരിക്കുന്നു. ഇപ്രകാരം ക്രോഡീകരിച്ച റിപ്പോർട്ട് വിശകലനം ചെയ്തതിൽ നിന്ന് 2024-ൽ സംസ്ഥാനത്ത് 4607 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോക്സോ ആക്റ്റ് പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കമ്മീഷൻ വിലയിരുത്തുന്നു. സമൂഹത്തിൽ നിയമ സാക്ഷരത, ബോധവൽകരണ പ്രവർത്തനങ്ങൾ കൂടിയതും കേസുകൾ റിപ്പോർട്ട് ചെയ്യുന്നതിലുള്ള എണ്ണം വർദ്ധിക്കാൻ കാരണമായിട്ടുണ്ട്.

***വാർഷികാടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ലൈംഗികാതിക്രമ കേസുകളുടെ എണ്ണം***


സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ (എസ്.സി.ആർ.ബി.) മുഖാന്തിരം 2013 മുതൽ 2024 വരെ കമ്മീഷനിൽ ലഭ്യമാക്കിയ പോക്സോ കേസുകളുടെ എണ്ണം, 2013-ൽ 1002 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയും അത് 2024 ആയപ്പോൾ 4607 ആയി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.


സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ അപഗ്രഥിച്ചതിൽ നിന്നുമുള്ള ലൈംഗിക കുറ്റകൃത്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.





***കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ ജില്ലാടിസ്ഥാനത്തിൽ***

2024-ൽ സംസ്ഥാനത്തൊട്ടാകെ 4607 കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ താരതമ്യം ചെയ്തതിൽ നിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇതിൽ തിരുവനന്തപുരം ജില്ലയിൽ 602 കേസുകൾ (തിരുവനന്തപുരം സിറ്റിയിൽ 190, റൂറലിൽ 412), കൊല്ലം ജില്ലയിൽ 433 കേസുകൾ (കൊല്ലം സിറ്റിയിൽ 203, റൂറലിൽ 230), പത്തനംതിട്ട 176, ആലപ്പുഴ 328, കോട്ടയം 238, ഇടുക്കി 224, എറണാകുളം ജില്ലയിൽ 438 (എറണാകുളം സിറ്റിയിൽ 166, റൂറലിൽ 272) തൃശ്ശൂർ ജില്ലയിൽ 365 (തൃശ്ശൂർ സിറ്റിയിൽ 183, റൂറലിൽ 182), പാലക്കാട് 260, മലപ്പുറം 506, കോഴിക്കോട് ജില്ലയിൽ 464 (കോഴിക്കോട് സിറ്റിയിൽ 185, റൂറലിൽ 279), വയനാട് 194, കണ്ണൂർ ജില്ലയിൽ 211 (കണ്ണൂർ സിറ്റിയിൽ 114, റൂറലിൽ 97), കാസർഗോഡ് 157, കേരള റെയിൽവേ പോലീസിൽ 11 കേസുകളുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.


ജില്ലാടിസ്ഥാനത്തിൽ ലൈംഗീകാതിക്രമ കേസുകൾ
602
433
176
328
238
224
438
365
260
506
464
194
211
157
11
തിരുവനന്തപുരം
കൊല്ലം
പത്തനംതിട്ട
ആലപ്പുഴ
കോട്ടയം
ഇടുക്കി
എറണാകുളം
തൃശ്ശൂർ
പാലക്കാട്
മലപ്പുറം
കോഴിക്കോട്
വയനാട്
കണ്ണൂർ
കാസർഗോഡ്
റെയിൽവേ പോലീസ്



പോലീസ് ജില്ലാടിസ്ഥാനത്തിൽ ലൈംഗീകാതിക്രമ കേസുകൾ
190
412
203
230
176
328
238
224
166
272
183
182
260
506
185
279
194
114
97
157
11
തിരുവനന്തപുരം സിറ്റി
തിരുവനന്തപുരം റൂറൽ
കൊല്ലം സിറ്റി
കൊല്ലം റൂറൽ
പത്തനംതിട്ട
ആലപ്പുഴ
കോട്ടയം
ഇടുക്കി
എറണാകുളം സിറ്റി
എറണാകുളം റൂറൽ
തൃശ്ശൂർ സിറ്റി
തൃശ്ശൂർ റൂറൽ
പാലക്കാട്
മലപ്പുറം
കോഴിക്കോട് സിറ്റി
കോഴിക്കോട് റൂറൽ
വയനാട്
കണ്ണൂർ സിറ്റി
കണ്ണൂർ റൂറൽ
കാസർഗോഡ്
റെയിൽവേ പോലീസ്

***രജിസ്റ്റർ ചെയ്തിട്ടുള്ള പോക്സോ കേസുകളും അതിജീവിതരായ കുട്ടികളുടെ വിശദാംശങ്ങളും***





മേൽ വർഷത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 4607 പോക്സോ കേസുകളിൽ അതിജീവിതരായ 4651 കുട്ടികളാണുള്ളത്. പല കേസുകളിലും ഒന്നിൽ കൂടുതൽ അതിജീവിതരായ കുട്ടികളുണ്ടെന്നാണ് ഈ കണക്ക് സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിൽ കുടുംബങ്ങളിലും സമൂഹത്തിലും വിദ്യാലയങ്ങളിലും പോക്സോ നിയമത്തെക്കുറിച്ചും ശിക്ഷാ നടപടികളെക്കുറിച്ചും ബാലസൗഹൃദ നടപടിക്രമങ്ങളെക്കുറിച്ചും നിർബന്ധിത ബോധവത്കരണവും കുട്ടികൾക്ക് സ്വയം പ്രതിരോധ പരിശീലനങ്ങളും നൽകേണ്ടതുണ്ട്.

***പോക്സോ അതിജീവിതരായ കുട്ടികൾ ലിംഗാടിസ്ഥാനത്തിൽ***



2024 വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളിലെ അതിജീവിതരായ 4651 കുട്ടികളിൽ 3969 (85%) പെൺകുട്ടികളും 658 (14%) ആൺകുട്ടികളുമാണുള്ളത്. 24 (1%) കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിവരങ്ങൾ പോലീസിൽനിന്നും കമ്മീഷനിൽ ലഭ്യമാക്കിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടില്ല. ലൈംഗികാതിക്രമങ്ങൾക്ക് കൂടുതലായും വിധേയരാക്കപ്പെടുന്നത് പെൺകുട്ടികളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.


***പോക്സോ അതിജീവിതരായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം***




മേൽ സൂചിപ്പിച്ച കാലയളവിൽ ലഭ്യമായ 4607 കേസുകൾ വിശകലനം ചെയ്തതിൽ കുറ്റകൃത്യം ചെയ്ത 5044 പ്രതികളിൽ കുറ്റകൃത്യത്തിനിരയായ കുട്ടികളും പ്രതികളും തമ്മിലുള്ള ബന്ധം മേൽ സൂചിപ്പിക്കുന്ന പ്രകാരം വിശദീകരിച്ചിരിക്കുന്നു. ഇതിൽ 153 (3%) പേർ അധ്യാപകരും 755 (15%) പേർ കമിതാക്കളും 511 (10%) പേർ കുടുംബാംഗങ്ങളും 594 (12%) പേർ അയൽക്കാരും 397 (8%) പേർ ബന്ധുക്കളും 39 (1%) പേർ വാൻ/ബസ്/ഓട്ടോഡ്രൈവർമാരും 517 (10%) പേർ സുഹൃത്തുക്കളും 827 (16%) പേർ പരിചിതരും (പരിചിതരുടെ മേൽ പട്ടികയിൽപെടാത്തവ), 376 (8%) പേർ അപരിചതരും 875 (17%) പേരുടെ ബന്ധം വ്യക്തമാക്കാത്തവരുടെയും ആണെന്ന് കമ്മീഷൻ മനസിലാക്കുന്നു. ഇതിൽനിന്നും കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ


ഉത്തരവാദിത്വപ്പെട്ട മാതാപിതാക്കളും ബന്ധുക്കളും സമൂഹവും പോലീസും സർക്കാരും അവരുടെ ഉത്തരവാദിത്വം വീഴ്ച്ച കൂടാതെ നിർവ്വഹിച്ചെങ്കിൽ മാത്രമേ കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉന്നമനവും നമുക്ക് ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ എന്ന് കാണാവുന്നതാണ്.

***അതിജീവിതരായ കുട്ടികളുടെ പ്രായം മാനദണ്ഡമാക്കിയുള്ള വിശകലനം***





ലൈംഗിക അതിക്രമങ്ങളെ അതിജീവിച്ച 4651 കുട്ടികളിൽ 15 മുതൽ 18 പ്രായപരിധിയിലുള്ള 53% (2447) കുട്ടികളും 10 മുതൽ 14 പ്രായപരിധിയിലുള്ള 34% (1608) കുട്ടികളും 5 മുതൽ 9 പ്രായപരിധിയിലുള്ള 10% (458) കുട്ടികളും 0 മുതൽ 4 പ്രായപരിധിയിലുള്ള 2% (76) കുട്ടികളും പ്രായം വ്യക്തമല്ലാത്ത/രേഖപ്പെടുത്താത്ത 1% (62) കുട്ടികളും ലൈംഗിക അതിക്രമത്തിന് വിധേയരായി കാണുന്നു. കുട്ടികൾക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങളോട് പ്രതികരിക്കാനുള്ള ശേഷി വളർത്തിയെടുക്കേണ്ടതും പ്രായത്തിന് അനുസരിച്ചുള്ള സുരക്ഷാ അവബോധം ലഭ്യമാക്കുന്നതിന് മാതാപിതാക്കളും രക്ഷിതാക്കളും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട് എന്നും കാണുന്നു.

***ലൈംഗികാതിക്രമം നടന്ന സ്ഥലം സംബന്ധിച്ച വിശദാംശങ്ങൾ***





4607 പോക്സോ കേസുകളിൽ കൃത്യം നടന്ന സ്ഥലം വിശകലനം ചെയ്യുമ്പോൾ 24% (1095) കേസുകളിൽ കൃത്യം നടന്നത് കുട്ടികളുടെ വീടുകളിലും 14% (634) കേസുകൾ പ്രതികളുടെ വീടുകളിലും 12% (547) കേസുകൾ പൊതുസ്ഥലങ്ങളിലും 12% (545) കേസുകൾ മറ്റുള്ള സ്ഥലങ്ങളിലും (ഹോസ്റ്റൽ, സൈബർ ഇടങ്ങൾ, ജീവിതയുടെയോ പ്രതിയുടെയോ ബന്ധുക്കളുടെ വീടുകൾ തുടങ്ങിയവ), 4% (197) കേസുകൾ വ്യത്യസ്ത സ്ഥലങ്ങളിലും 3% (144) കേസുകൾ സ്കൂളിലും 2% (109) കേസുകൾ വാഹനങ്ങളിലും 2% (95) കേസുകൾ ഒറ്റപ്പെട്ട സ്ഥലങ്ങളിലും 2% (78) കേസുകൾ ഹോട്ടൽ അഥവാ ലോഡ്ജുകളിലും 1% (65) കേസുകൾ മതസ്ഥാപനങ്ങളിലും 1% (46) കേസുകൾ സുഹൃത്തുക്കളുടെ ഭവനങ്ങളിലും 0.47% (22) കേസുകൾ ശിശുസംരക്ഷണ സ്ഥാപനങ്ങളിലും 0.45% (21) കേസുകൾ ആശുപത്രികളിലും ആണ്. എന്നാൽ 23% (1054) കേസുകളിൽ അതിക്രമം നടന്നതിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

***ലൈംഗികാതിക്രമ കേസുകളിലെ പ്രതികളുടെ വിശദാംശങ്ങൾ***





മേൽ വർഷത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 4607 കേസുകളിൽ 5044 പ്രതികളാണുള്ളത്. പല കേസുകളിലും ഒന്നിലധികം പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട് എന്നാണ് ഈ കണക്ക് സൂചിപ്പിക്കുന്നത്. ലിംഗാടിസ്ഥാനത്തിൽ പ്രതികളുടെ വിശദാംശങ്ങൾ വിശകലനം ചെയ്തതിൽ 5044 കുറ്റവാളികളിൽ 4708 (93%) പുരുഷന്മാരും 121 (3%) സ്ത്രീകളുമാണ്. പോലീസിൽ നിന്നും ലഭ്യമായ റിപ്പോർട്ടിൽ നിന്നും 215 (4%) പേരുടെ വിശദാംശങ്ങൾ വ്യക്തമായി രേഖപ്പെടുത്താത്തവയുമാണ്.

***ലൈംഗികാതിക്രമ കേസുകളിലെ ദിവ്യാംഗരായ അതിജീവിതരുടെ വിവരങ്ങൾ***




പോലീസിൽ നിന്ന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ടി വർഷത്തിൽ റിപ്പോർട്ട് ചെയ്ത 4651 അതിജീവിതരിൽ 104 (2%) കുട്ടികൾ ഭിന്നശേഷി നേരിടുന്നവർ ആണെന്നും 558 (12%) കുട്ടികൾ ഭിന്നശേഷി ഉള്ളവർ ആണോ അല്ലെയോ എന്ന് വ്യക്തമല്ലാത്തവയുമാണ്. ഇതിൽനിന്നും ഭിന്നശേഷി കുട്ടികൾക്കും അവരുടെ നിയമാനുസൃത രക്ഷകർത്താക്കൾക്കും ലൈംഗികാതിക്രമങ്ങളെ പറ്റി അവബോധം നൽകുകയും അവരുടെ പരിരക്ഷ ഉറപ്പാക്കുന്നതിന് എല്ലാവിധ സംവിധാനങ്ങളും സർക്കാർ തലത്തിൽ നടപ്പിലാക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും വേണം.

***ലൈംഗികാതിക്രമ കേസുകളിലെ അതിജീവിതരുടെ കേസ് 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കുമുമ്പാകെ റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശങ്ങൾ***




ടി വർഷത്തിൽ റിപ്പോർട്ട് ചെയ്ത 4651 ലൈംഗികാതിക്രമ കേസുകളിൽ 82 (2%) കേസുകൾ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും 349 (7%) കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമല്ലാത്തവയുമാണ്.

### ***ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്നും ലഭ്യമായ വിവരങ്ങൾ***

2012-ലെ പോക്സോ ആക്റ്റ് നടപ്പാക്കുന്നതിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ സുപ്രധാന പങ്കുവഹിക്കുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്നും ലൈംഗികാതിക്രമത്തിന് വിധേയരായ കുട്ടികളുടെ വിവരങ്ങൾ കമ്മീഷൻ മാസാടിസ്ഥാനത്തിൽ ശേഖരിച്ച് വിശകലനം ചെയ്യുന്നു.


കുട്ടികൾക്കെതിരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ സംബന്ധിച്ച വിവരം 2012-ലെ പോക്സോ ആക്റ്റിലെ 19(6)-ാം വകുപ്പ് പ്രകാരം പോലീസ് ഉദ്യോഗസ്ഥർ 24 മണിക്കൂറിനുള്ളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2024 കാലയളവിൽ പോലീസ് വകുപ്പിൽ നിന്നും 4607 പോക്സോ കേസുകളെ സംബന്ധിച്ച വിവരമാണ് കമ്മീഷനിൽ ലഭ്യമാക്കിയത്. എന്നാൽ ശ്രദ്ധയും സംരക്ഷണവുമായി ബന്ധപ്പെട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ ലഭിച്ച വിശദാംശങ്ങളിൽ 2482 വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.



***ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കപ്പെട്ട ശ്രദ്ധയും സംരക്ഷണവും ആവശ്യമായ അതിജീവിതരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ***


2024 ജനുവരി മുതൽ ഡിസംബർ വരെ 2482 കേസുകളാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ എത്തിയിരിക്കുന്നത്.

**ജില്ല തിരിച്ചുള്ള സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു**




***ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ***

ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ പോലീസ് മുഖാന്തിരം റിപ്പോർട്ട് ചെയ്യപ്പെട്ട 2482 കേസുകളിൽ 331 (13%) ആൺകുട്ടികളും 2151 (87%) പെൺകുട്ടികളും ഉൾപ്പെടുന്നു എന്ന് മനസിലാക്കുന്നു.




***കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ***

പോക്സോ ആക്റ്റിലെ വകുപ്പ് 33 (8) പ്രകാരം പോക്സോ അതിജീവിതരായ കുട്ടിയുടെയോ അല്ലെങ്കിൽ കുട്ടിയ്ക്കുവേണ്ടി സമർപ്പിക്കപ്പെടുന്ന അപേക്ഷയുടെയോ അടിസ്ഥാനത്തിൽ ഇടക്കാലശ്വാസമോ, പുനരധിവാസത്തിനായോ പ്രത്യേക കോടതിയിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാരം ലഭ്യമാക്കുന്നുണ്ട്.

കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും പോക്സോ ആക്റ്റിന്റെ നിരീക്ഷണത്തിന്റെ ഭാഗമായി ലൈംഗികാതിക്രമത്തെ അതിജീവിച്ച കുട്ടികൾക്ക് ലഭ്യമാക്കിയ നഷ്ടപരിഹാരത്തിനെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുന്നതിനായി ഒരു ചോദ്യാവലി കമ്മീഷൻ തയ്യാറാക്കിയിട്ടുണ്ട്. ഇത് പ്രകാരം ലഭ്യമാക്കുന്ന വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ ശേഖരിച്ച് വിശകലനം ചെയ്തുവരുന്നു.


കേരള നിയമ സേവന അതോറിറ്റിയിൽ നിന്നും കുട്ടികൾക്ക് അനുവദിച്ച നഷ്ടപരിഹാരത്തുകയുടെ വിശദാംശങ്ങൾ ഒറ്റതവണയായി കമ്മീഷൻ ശേഖരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിജീവിതരായ കുട്ടികൾക്ക് അനുവദിച്ച നഷ്ടപരിഹാര തുകയെ സംബന്ധിച്ച് പുരോഗതി ഉണ്ടെങ്കിലും അപര്യാപ്തത നിലനിൽക്കുന്നു.

***2024-2025-ൽ കേരള നിയമ സേവന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാര തുക അനുവദിച്ച അതിജീവിതരായ കുട്ടികളുടെ വിശദാംശങ്ങൾ***





2024-2025 സാമ്പത്തിക വർഷത്തിൽ 160 അതിജീവിതരായ കുട്ടികൾക്ക് കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയിൽ നിന്നും നഷ്ടപരിഹാര (ഇടക്കാല/അന്തിമ) തുക ലഭ്യമായിട്ടുണ്ട്.

***കോടതിയിൽ നിന്നും ഇടക്കാല നഷ്ടപരിഹാരത്തിനായി ഉത്തരവ് ലഭിച്ച അതിജീവിതരായ കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ***





***കോടതിയിൽ നിന്നും അന്തിമ നഷ്ടപരിഹാരത്തിനായി ഉത്തരവ് ലഭിച്ച അതിജീവിതരായ കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ***




ഇടക്കാല നഷ്ടപരിഹാരത്തിനായി 28 ആൺകുട്ടികൾക്കും 156 പെൺകുട്ടികൾക്കും അന്തിമ നഷ്ടപരിഹാരത്തിനായി 81 ആൺകുട്ടികൾക്കും 419 പെൺകുട്ടികൾക്കും സംസ്ഥാനത്തെ പോക്സോ കോടതികളിൽ നിന്നും ഉത്തരവ് ലഭിച്ചിട്ടുണ്ട്.

***ജില്ലാ നിയമസേവന അതോറിറ്റിയിൽ നിന്നും ഇടക്കാല നഷ്ടപരിഹാര തുകയ്ക്ക് അപേക്ഷ സമർപ്പിച്ച അതിജീവിതരായ കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ***





***ജില്ലാ നിയമസേവന അതോറിറ്റിയിൽ നിന്നും അന്തിമ നഷ്ടപരിഹാര തുകയ്ക്ക് അപേക്ഷ സമർപ്പിച്ച അതിജീവിതരായ കുട്ടികളുടെ ലിംഗാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ***




ഇടക്കാല നഷ്ടപരിഹാരത്തുകയ്ക്ക് പോക്സോ അതിജീവിതരായ 8 ആൺകുട്ടികളും 34 പെൺകുട്ടികളും അന്തിമ നഷ്ടപരിഹാരത്തുകയ്ക്ക് അതിജീവിതരായ 4 ആൺകുട്ടികളും 30 പെൺകുട്ടികളും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

***ജില്ലാടിസ്ഥാനത്തിൽ അനുവദിച്ച ഇടക്കാല നഷ്ടപരിഹാര തുക, അന്തിമ നഷ്ടപരിഹാര തുക എന്നിവയുടെ വിശദാംശങ്ങൾ***




പോക്സോ കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലും കേരള നിയമസേവന അതോറിറ്റി മുഖാന്തിരവും ലൈംഗികാതിക്രമത്തിന് വിധേയരായ കുട്ടികൾക്ക് ഇടക്കാല നഷ്ടപരിഹാര തുകയായി 36,25,000 രൂപയും അന്തിമ നഷ്ടപരിഹാര തുകയായി 2,11,95,000 രൂപയും 2024-2025 സാമ്പത്തിക വർഷത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

## പോക്സോ സെല്ലിന്റെ മറ്റ് പ്രവർത്തനങ്ങൾ

***ബഹു. ഹൈക്കോടതി ജസ്റ്റിസ് പി.ബി. സുരേഷ്കുമാറിന്റെ 2020-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട വകുപ്പുകളുമായുള്ള സംസ്ഥാനതല യോഗം***

സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം കുട്ടികൾക്കെതിരെ നടക്കുന്ന ലൈംഗികാതിക്രമങ്ങൾ ഓരോ വർഷവും വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. 2021-ൽ 3322 കേസുകളും, 2022-ൽ 4582 കേസുകളും, 2023-ൽ 4633 കേസുകളും, 2024 ഏപ്രിൽ വരെ 1816 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോക്സോ ആക്റ്റിന്റെ കൃത്യമായ നടത്തിപ്പ് ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ കർത്തവ്യവാഹകരുടെ ഓരോ ഘട്ടത്തിലുമുള്ള കൂട്ടായ ചർച്ചയും വിശകലനവും അഭിപ്രായ രൂപീകരണവും അനിവാര്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആക്റ്റുമായി ബന്ധപ്പെട്ട് കമ്മീഷന്റെ ആഭിമുഖ്യത്തിൽ 14 ജില്ലകളിലെയും കർത്തവ്യവാഹകരുമായി യോഗങ്ങൾ സംഘടിപ്പിക്കുകയും അവർ വിവിധ പ്രശ്നങ്ങൾ ഉന്നയിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ അഭിഷേക് എ. & അനൂപ് കെ. V. സ്റ്റേറ്റ് ഓഫ് കേരള എന്നീ കേസുകളിലെ വിധിന്യായത്തിൽ വിവിധ വകുപ്പുകൾ നടപ്പിലാക്കിയ കാര്യങ്ങൾ സംബന്ധിച്ച് ചർച്ച നടത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കർത്തവ്യവാഹകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമായി കമ്മീഷന്റെ നേതൃത്വത്തിൽ 2024 ആഗസ്റ്റ് 31-ാം തീയതി വെള്ളയമ്പലം ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വെച്ച് ബഹു. കേരള ഹൈക്കോടതി ജസ്റ്റിസ് എസ്. മനു ഉദ്ഘാടനം ചെയ്തു.




യോഗത്തിൽ ശ്രീമതി എൻ. സുനന്ദ (കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം) പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. ശ്രീ. കെ. വി. മനോജ്കുമാർ (കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ) അധ്യക്ഷത വഹിച്ചു. ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകൻ അഡ്വ. ജോൺ എസ്. റാൽഫ് മുഖ്യ പ്രഭാഷണം നടത്തി. തുടർന്ന് സംസ്ഥാനത്തെ 14 ജില്ലകളിലും കമ്മീഷന്റെ

നേതൃത്വത്തിൽ നടന്ന കർത്തവ്യവാഹകരുടെ യോഗങ്ങളിൽ ബാലാവകാശ സംരക്ഷണ നിയമങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളിൽ സംസ്ഥാനതലത്തിൽ പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ വകുപ്പ് മേധാവികളുമായി ചർച്ച ചെയ്ത് റിപ്പോർട്ടും ശിപാർശകളും വകുപ്പുകളിലേക്ക് തുടർ നടപടികൾക്കായി കമ്മീഷൻ സമർപ്പിച്ചു. കമ്മീഷൻ അംഗങ്ങൾ, ഉദ്യോഗസ്ഥർ, കർത്തവ്യവാഹകർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു. കമ്മീഷൻ മെമ്പർ ശ്രീ. എഫ്. വിൽസൺ ചർച്ച നയിച്ചു. ബാലാവകാശ സംരക്ഷണ കമ്മീഷൻ മെമ്പർ ശ്രീമതി ജലജമോൾ ടി. സി. പരിപാടിയിൽ പങ്കെടുത്തവർക്കും രജിസ്ട്രാർ ശ്രീമതി മിനി ഭാസ്കർ എസ്. ചർച്ചയിൽ പങ്കെടുത്തവർക്കും നന്ദി പ്രകാശിപ്പിച്ചു.

### *ഡോക്ടർമാർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കും മേഖലാതല പരിശീലനം*

പോക്സോ ആക്റ്റിന്റെ നിരീക്ഷണ സംവിധാനം എന്ന നിലയിൽ 14 ജില്ലകളിലെയും കുട്ടികളുടെ വൈദ്യപരിശോധനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഡോക്ടർമാർക്കും അതുപോലെ കോടതി നടപടിക്രമങ്ങളിൽ കുട്ടികളെ സഹായിക്കുന്ന പബ്ലിക് പ്രോസിക്യൂട്ടർമാർക്കും കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ മേഖലാതല പരിശീലന പരിപാടി 2024 ഡിസംബർ 17-ന് തിരുവനന്തപുരം ജില്ലയിലെ മസ്കറ്റ് ഹോട്ടലിലും 2024 ഡിസംബർ 21-ന് കോഴിക്കോട് ജില്ലയിലെ മാന്യുവൽ സൺസ് മലബാർ പാലസ് ഹോട്ടലിൽ വച്ചും സംഘടിപ്പിച്ചു. പരിശീലന പരിപാടികളുടെ ഉദ്ഘാടനകർമ്മം തിരുവനന്തപുരം ജില്ലയിൽ ബഹു. അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. ഗോപാലകൃഷ്ണ കുറുപ്പ്, കോഴിക്കോട് ജില്ലയിൽ ബഹു. കേരള ഹൈക്കോടതി ജസ്റ്റിസ് ഡോ. കൗസർ എടപ്പഗത്ത് എന്നിവരാണ് നിർവഹിച്ചത്.






പോക്സോ അതിജീവിതരായ കുട്ടികളുടെ വൈദ്യപരിശോധനാ വേളയിൽ ഡോക്ടർ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. പി. ബി. ഗുജറാൾ (റിട്ട. ചീഫ് കൺസൾട്ടന്റ് ഫോറൻസിക് മെഡിസിൻ & പോലീസ് സർജൻ), ഡോ. എൻ. ആർ. റീന (കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ്), പോക്സോ ആക്റ്റ് എന്ന വിഷയത്തെ സംബന്ധിച്ച് ശ്രീമതി അംബിക ദേവി (കേരള ഹൈക്കോടതി സ്പെഷ്യൽ ഗവ. പ്ലീഡർ), ശ്രീ. കെ. സോമൻ (ബഹു. ജഡ്ജ്, കേരള കോ-ഓപ്പറേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം), ഗർഭസ്ഥശിശുവും ഡി.എൻ.എ. പരിശോധനയും എന്ന വിഷയത്തെപ്പറ്റി ഡോ. പി. മനോജ് (സൈന്റിഫിക് ഓഫീസർ & ഡെപ്യൂട്ടി ജനറൽ മാനേജർ മോളിക്യുലാർ ഫോറൻസിക് & ഡി.എൻ.എ. ടെക്നോളജീസ്, ആർ.ജി.സി.ബി.) എന്നിവർ ക്ലാസുകൾ നയിച്ചു. പ്രസ്തുത പരിശീലന പരിപാടികളിൽ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ് കുമാർ അധ്യക്ഷത വഹിച്ചു. തുടർന്നുള്ള പാനൽ ചർച്ചയിൽ ഡോ. പി. ബി. ഗുജറാൾ, ഡോ. എൻ. ആർ. റീന, ശ്രീമതി അംബിക ദേവി, ശ്രീ. കെ. സോമൻ, ഡോ. പി. മനോജ്, ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ, കമ്മീഷൻ അംഗങ്ങൾ, ഉദ്യോഗസ്ഥർ, 14 ജില്ലകളിൽ നിന്നും ഇരുന്നൂറ്റി അൻപതോളം ഡോക്ടർമാർ, അൻപതോളം സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എന്നിവരും പങ്കെടുത്തു.

### ***ബാലാവകാശ നിയമങ്ങൾ എന്ന വിഷയത്തിൽ ഡോക്ടർമാർക്കും സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർക്കുമുള്ള കൈപുസ്തകം***

ലൈംഗിക കുറ്റകൃത്യവുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്ന ഡോക്ടേഴ്സ്/ആരോഗ്യ വിദഗ്ദ്ധർ, സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, പ്രത്യേക കോടതി, നിയമ സേവന അതോറിറ്റി എന്നിവയുടെ നടപടിക്രമങ്ങൾ, വൈദ്യപരിശോധനയുമായി ബന്ധപ്പെട്ട ഇന്ത്യയിലെ പ്രധാന നിയമ വ്യവസ്ഥകൾ, അതിജീവിതരുമായി ബന്ധപ്പെട്ട സുപ്രീം കോടതി/ഹൈക്കോടതികളുടെ വിധിന്യായങ്ങൾ, ശാസ്ത്രീയമായി കുട്ടിയുടെ പ്രായം നിർണ്ണയിക്കൽ, കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്നവർ പാലിക്കേണ്ട തത്ത്വങ്ങൾ, ഐക്യരാഷ്ട്രസഭയുടെ കുട്ടികൾക്കായുള്ള അവകാശ ഉടമ്പടി എന്നിവ ഉൾക്കൊള്ളിച്ച് കൈപുസ്തകം തയ്യാറാക്കി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ, ഡോക്ടർമാർ എന്നിവർക്ക് വിതരണം ചെയ്തു.

### ***ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി (പോക്സോ കോടതി) സന്ദർശനം***

കുട്ടികളെ ലൈംഗിക അതിക്രമങ്ങളിൽ നിന്നും സംരക്ഷിച്ച് അവരുടെ സർവതോന്മുഖമായ വളർച്ചയും ഉന്നമനവും സാധ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് പോക്സോ ആക്റ്റ്, 2012. പ്രസ്തുത ആക്റ്റിലെ വകുപ്പ് 44 പ്രകാരം സംസ്ഥാനത്ത് ആക്റ്റ്, നടപ്പാക്കുന്നതിന്റെ നിരീക്ഷണ ചുമതല കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. പോക്സോ ആക്റ്റിലെ 28-ാം വകുപ്പിൽ ആക്റ്റിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി സംസ്ഥാനത്ത് ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികളുടെ പ്രവർത്തനം വ്യവസ്ഥ ചെയ്യുന്നു. 33(4)-ാം വകുപ്പ് സ്പെഷ്യൽ കോടതി ഒരു കുട്ടിയുടെ കുടുംബാംഗത്തെയോ രക്ഷാകർത്താവിനെയോ സുഹൃത്തിനെയോ ബന്ധുവിനെയോ കുട്ടിക്ക് വിശ്വാസമോ, ഉത്തമബോധ്യമോ ഉള്ള ഒരാളെയോ കുട്ടിയോടൊപ്പം നിൽക്കാൻ അനുവദിച്ചുകൊണ്ട് കോടതി ഒരു ബാലസൗഹൃദാന്തരീക്ഷം സൃഷ്ടിക്കണം എന്നും നിഷ്കർഷിക്കുന്നു. പോക്സോ ആക്റ്റിൽ വ്യവസ്ഥ ചെയ്യുന്ന സ്പെഷ്യൽ കോടതികളുടെ പ്രവർത്തനങ്ങളും നടപടിക്രമങ്ങളും കമ്മീഷന്റെ നിരീക്ഷണ പരിധിയിൽ വരുന്നതാകുന്നു.

ഈ ആക്റ്റ് പ്രകാരം ഓരോ ജില്ലയിലും പ്രവർത്തിക്കുന്ന പോക്സോ കോടതികൾ ശിശുസൗഹൃദ അന്തരീക്ഷത്തിന് മുൻതൂക്കം നൽകിക്കൊണ്ടുള്ള സജ്ജീകരണങ്ങൾ വിചാരണ നടപടികളിൽ സ്വീകരിക്കണമെന്ന് ആക്റ്റിൽ പ്രതിപാദിച്ചിരിക്കുന്നതിനാൽ ഫസ്റ്റ് ക്ലാസ്സ് അഡീഷണൽ സെഷൻസ് കോടതികളെ കുട്ടികളുടെ 'പ്രത്യേക കോടതികളായി' സംസ്ഥാന സർക്കാർ നാമകരണം ചെയ്തിരിക്കുന്നു.

പോക്സോ ആക്റ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ കുട്ടി ഉൾപ്പെടുന്ന നിയമ നടപടിക്രമങ്ങളുടെ എല്ലാ ഘട്ടത്തിലും, കുട്ടിയുടെ ശരിയായ വികസനത്തിന് അവന്റെയോ അവളുടെയോ സ്വകാര്യതയ്ക്കും രഹസ്യാത്മകതയ്ക്കും ഉള്ള അവകാശം എല്ലാ രീതിയിലും എല്ലാവരാലും സംരക്ഷിക്കുകയും മാനിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്നും കുട്ടിയുടെ ആരോഗ്യപരമായ ശാരീരിക-മാനസിക-

ബൗദ്ധിക-സാമൂഹിക വികാസം ഉറപ്പുവരുത്താൻ പരമപ്രധാനം കുട്ടിയുടെ ഉത്തമതാല്പര്യവും നന്മയുമാണെന്ന രീതിയിൽ എല്ലാ ഘട്ടത്തിലും നിയമം പ്രാവർത്തികമാക്കേണ്ടത് ആവശ്യമാണ്.

പ്രത്യേക കോടതികൾ സജ്ജീകരിച്ചിരിക്കുന്നത് പോക്സോ കേസുകൾ സമയബന്ധിതമായി പൂർത്തീകരിക്കുക, വിക്ടിം കോമ്പൻസേഷൻ സ്കീം കൃത്യമായി നടപ്പിലാക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ അതിക്രമത്തെ അതിജീവിച്ച കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ പുനരധിവാസ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുവാനും കേസിന്റെ വിചാരണയും നിയമ നടപടികളും ബാല സൗഹൃദവും ഫലപ്രദവുമായ രീതിയിൽ സമയബന്ധിതമായി നടപ്പിലാക്കുവാനും വേണ്ടിയാണ്.

ഇതിന്റെ ഭാഗമായി പോക്സോ കോടതികൾ ശിശുസൗഹൃദമാണോ എന്ന് പരിശോധിക്കാനും ടി കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനും വേണ്ടി പോക്സോ മോണിറ്ററിംഗ് സെല്ലിന്റെ ചുമതല വഹിക്കുന്ന കമ്മീഷൻ അംഗം ശ്രീമതി അഡ്വ. എൻ. സുനന്ദ എറണാകുളം ജില്ലാ കോടതി സമുച്ചയത്തിൽ സ്ഥിതി ചെയ്യുന്ന പോക്സോ കോടതി മാതൃകാ പോക്സോ കോടതിയായി കണക്കിലെടുത്ത് 2025 ജനുവരി 6-ന് സന്ദർശിക്കുകയും



ബഹുമാനപ്പെട്ട അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി (പോക്സോ), ബഹുമാനപ്പെട്ട എറണാകുളം ജില്ലാ നിയമസഹായ അതോറിറ്റി സെക്രട്ടറി (സീനിയർ സിവിൽ ജഡ്ജി) എന്നിവരുമായി സംവദിക്കുകയും ചെയ്തു.

പോക്സോ ആക്റ്റ് അനുശാസിക്കും പ്രകാരം കോടതികൾ പ്രവർത്തിക്കുന്നുണ്ടോ, കോടതികളിൽ നിന്നും അതിജീവിതരായ കുട്ടികൾക്ക് നീതി ലഭ്യമാകുന്നുണ്ടോ, നിയമം അനുശാസിക്കും പ്രകാരം കോടതികൾ ബാലസൗഹൃദം ആണോ വിക്ടിം കോമ്പൻസേഷൻ സ്കീം നടപ്പാക്കുന്നുണ്ടോ മുതലായവയുടെ നിരീക്ഷണം ആയിരുന്നു സന്ദർശന ഉദ്ദേശം. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികളിലെ ഭൗതികാന്തരീക്ഷം ശിശുസൗഹൃദമാണോ എന്നത് മനസ്സിലാക്കുന്നതിനും കോടതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തുന്നതിനുമായി നാലാം കമ്മീഷന്റെ 18-ാമത് യോഗത്തിൽ സംസ്ഥാനത്തെ പോക്സോ കോടതി സാഹചര്യങ്ങൾ മനസ്സിലാക്കി റിപ്പോർട്ടും ശുപാർശകളും സർക്കാരിന് നൽകാൻ തീരുമാനിച്ചു.

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2025 മാർച്ച് 6, 7, 14, 17 തീയതികളിലായി ബാലാവകാശ കമ്മീഷൻ അംഗം (പോക്സോ സെൽ i/c) ശ്രീമതി എൻ. സുനന്ദ, കമ്മീഷൻ അംഗം ശ്രീമതി സിസിലി ജോസഫ്, ലീഗൽ അസിസ്റ്റന്റ് ശ്രീ. ശരത് എ. എസ്., പോക്സോ സെല്ലിലെ ഉദ്യോഗസ്ഥർ എന്നിവർ തിരുവനന്തപുരം ജില്ലയിലെ അഡീഷണൽ ഡിസ്ട്രിക്റ്റ് & സെഷൻസ് കോടതി (പോക്സോ കോടതി), വഞ്ചിയൂർ, ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി, പാറ്റൂർ, ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി I, നെയ്യാറ്റിൻകര, ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി II, നെയ്യാറ്റിൻകര, ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി, കാട്ടാക്കട, ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി, നെടുമങ്ങാട്, ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി, വർക്കല, ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതി, ആറ്റിങ്ങൽ എന്നീ ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികൾ സന്ദർശിച്ച് ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികളിലെ ജഡ്ജിമാർ, കോടതി ജീവനക്കാർ എന്നിവരുമായി സംവദിച്ചു.

### *നെട്ടയം ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്റർ സന്ദർശനം*

കേരള സർക്കാർ 13-3-2023-ൽ പുറപ്പെടുവിച്ച G.O. (Ms.) 17/2012/SWD എന്ന നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ച് നടപ്പാക്കി വരുന്ന നിർഭയ നയത്തിന്റെ അടിസ്ഥാനത്തിൽ വനിതാ ശിശുവികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുകയും പുനരധിവാസ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

വനിതാ ശിശുവികസന വകുപ്പിന്റെ കീഴിലുള്ള നിർഭയ സെല്ലിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തുടനീളമുള്ള 18 സ്ഥാപനങ്ങളിലെ കുട്ടികൾ ഗർഭകാലം മുതൽ ഗർഭാനന്തരം വരെയും, ഗർഭഛിദ്രത്തിന് വിധേയരായവർക്കും ആവശ്യമായ സമഗ്ര ആരോഗ്യ പരിചരണം നൽകുന്നതിനായിട്ടാണ് ഇന്റഗ്രേറ്റഡ് ചൈൽഡ് കെയർ സെന്റർ എന്ന സ്ഥാപനത്തിലേക്ക് കുട്ടികളെ മാറ്റി താമസിപ്പിക്കുന്നത്. ടി സ്ഥാപനത്തിൽ എല്ലാ ജില്ലകളിലെയും കുട്ടികളെ മുകളിൽ പരാമർശിച്ചിരിക്കുന്ന നടപടിക്രമങ്ങൾക്കായി പ്രവേശിപ്പിച്ചിരിക്കുന്നു.

പോക്സോ ആക്റ്റ് 2012, വകുപ്പ് 44 പ്രകാരമുള്ള ടി നിയമത്തിന്റെ നിരീക്ഷണ ചുമതലയുടെ ഭാഗമായി ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നടപടിക്രമങ്ങൾ ബാലസൗഹൃദപരമാണോയെന്ന് നിരീക്ഷിക്കുന്നതിന്റെയും ഭാഗമായി കമ്മീഷൻ സ്ഥാപനം സന്ദർശിച്ച് റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പുകൾക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അവലോകനം നടത്തുന്നതിന് 2025 ഫെബ്രുവരി 28-ന് കമ്മീഷൻ അംഗങ്ങളായ ശ്രീമതി എൻ. സുനന്ദ, ശ്രീമതി സിസിലി ജോസഫ്, പോക്സോ സെൽ അംഗങ്ങളായ ശ്രീമതി മോനിഷ മോഹൻ, കുമാരി പ്രവീണ എ. ആർ. എന്നിവർ ടി സ്ഥാപനം സന്ദർശിച്ചു.

**III**

## 2015-ലെ ബാലനീതി ആക്റ്റ് (ജെ. ജെ. ആക്റ്റ്)
## (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും)

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 109-ാം വകുപ്പ് പ്രകാരം പ്രസ്തുത ആക്റ്റിന്റെ നിരീക്ഷണ ചുമതല കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

ഈ നിയമവുമായി ബന്ധപ്പെട്ട മാതൃകാചട്ടങ്ങൾ ദേശീയതലത്തിൽ നിലവിൽ വന്നു. എന്നാൽ മേൽ പ്രകാരമുള്ള ചട്ടങ്ങൾ സംസ്ഥാനതലത്തിൽ പുറപ്പെടുവിക്കപ്പെട്ടിട്ടില്ല.

കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ ജെ.ജെ. സെൽ പ്രവർത്തനം ആരംഭിച്ചത് 2019 ജൂൺ മാസത്തിലാണ് [G.O. (Rt.) No. 363/2018/SJD dated 18-6-2018].

കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിലെ ജുവനൈൽ ജസ്റ്റീസ് സെല്ലിന്റെ 2024-25 വർഷത്തെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

***ശൈശവ വിവാഹവുമായി ബന്ധപ്പെട്ട് വർക്കല പോലീസ് സ്റ്റേഷനിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കർത്തവ്യ വാഹകരുടെ അവലോകനയോഗം സംഘടിപ്പിച്ചു.***

ശൈശവ വിവാഹം സമൂഹത്തിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്. അതിനാൽ തന്നെ ശൈശവ വിവാഹം തടയുക എന്നത് ഓരോ പൗരന്റെയും കടമയാണ്. ശൈശവ വിവാഹം കുട്ടികളുടെ ബാല്യം കവർന്നെടുക്കുകയും അവരുടെ ക്ഷേമത്തിന് ഭീഷണിയാകുകയും ചെയ്യുന്നു. ശൈശവ വിവാഹത്തിന് ഇരയാകാൻ സാധ്യതയുള്ളതും ഇരയാക്കപ്പെട്ടതുമായ കുട്ടികൾക്ക് പുനരധിവാസം ഉറപ്പാക്കേണ്ടതും നിയമസഹായങ്ങൾ അടിയന്തരമായി നൽകേണ്ടതും അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. 2024 മാർച്ച് 19-ാം തീയതി കമ്മീഷൻ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ കൂടിയ ശൈശവ വിവാഹ നിരോധന നിയമ ഓഫീസർമാരുടെ അവലോകനയോഗത്തിൽ തിരുവനന്തപുരം വർക്കല പോലീസ് സ്റ്റേഷനിൽ ശൈശവ വിവാഹവുമായി ബന്ധപ്പെട്ട കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകാറുണ്ടെന്ന് അറിയിച്ചു. തുടർന്ന് വർക്കല പ്രദേശത്ത് ചുമതലയുള്ള ശൈശവ വിവാഹ നിരോധന ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വർക്കല പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറെയും തിരുവനന്തപുരം ജില്ലാ വനിതാ ശിശുവികസന ഓഫീസറെയും ഐ.സി.ഡി.എസ്. സൂപ്പർവൈസറെയും ഉൾപ്പെടുത്തി 2024 ജൂൺ 18-ന് കമ്മീഷന്റെ കാര്യാലയത്തിൽ വച്ച് കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

***ബാലക്ഷേമ സുരക്ഷാ സമിതികളുടെ (സി.ഡബ്ല്യൂ.പി.സി.) പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി കർത്തവ്യവാഹകരെ ഉൾപ്പെടുത്തി കൂടിയാലോചനായോഗം സംഘടിപ്പിച്ചു.***

കുട്ടികളുടെ ക്ഷേമം ഉറപ്പാക്കുവാനുള്ള പ്രാഥമിക ഉത്തരവാദിത്വം മാതാപിതാക്കളിൽ നിക്ഷിപ്തമാണെങ്കിലും അത് നടപ്പാക്കുന്നതിൽ സർക്കാരിന്റെയും സമൂഹത്തിന്റെയും പങ്ക് വളരെ നിർണായകമാണ്. കുടുംബങ്ങളിൽ പോലും കുട്ടികൾ അതിക്രമത്തിനും ചൂഷണങ്ങൾക്കും ഇരയാകുന്ന സാഹചര്യം നിലവിലുള്ളതിനാൽ ഇത്തരത്തിൽ ഇരയാകുന്ന കുട്ടികളെ സംരക്ഷിക്കുന്നതിനും ഏറ്റെടുക്കുന്നതിനും ബാലക്ഷേമ സുരക്ഷാ സമിതികളുടെ പ്രവർത്തനം കൊണ്ട് സാധ്യമാകുമെന്നും ബാലക്ഷേമ സുരക്ഷാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയാണെങ്കിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിയിലേക്കും കമ്മീഷനിലേക്കും എത്തുന്ന പരാതികൾ ഒരു പരിധിവരെ കുറയ്ക്കാനാകുമെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഈ സാഹചര്യത്തിലാണ് വനിതാ ശിശു വികസന വകുപ്പിന്റെ മിഷൻ വാൽസല്യ പദ്ധതിയുടെ രൂപരേഖയിൽ കുട്ടികളുടെ അവകാശങ്ങൾ താഴേതലം മുതൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനങ്ങൾ അതിനാവശ്യമായ സാമൂഹ്യാധിഷ്ഠിത സുരക്ഷാ സമിതികൾ രൂപീകരിക്കുന്നത്. ഇങ്ങനെ നൂതനമായ രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെയും, തദ്ദേശസ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെയും ഉൾപ്പെടുത്തി 2024 ജൂലൈ 19-ന് കമ്മീഷന്റെ കാര്യാലയത്തിൽ വച്ച് കൂടിയാലോചനായോഗം സംഘടിപ്പിച്ചത്.

**ബാലസൗഹൃദ രക്ഷാകർതൃത്വം—പരിശീലന പരിപാടി**

***കുടുംബശ്രീയുടെ സംസ്ഥാനതല കർത്തവ്യവാഹകരെ ഉൾപ്പെടുത്തി കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു.***

കുടുംബങ്ങളിൽ കുട്ടികളുടെ സുരക്ഷയും വികാസവും ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ബാലസൗഹൃദ രക്ഷാകർതൃത്വം 'സുരക്ഷിത ബാല്യം സുന്ദര ഭവനം' എന്ന പദ്ധതിക്ക് 2023-ൽ തുടക്കം കുറിച്ചിരുന്നു. സ്വന്തം കുടുംബങ്ങളിൽ പോലും കുട്ടികൾ സുരക്ഷിതരല്ലാത്ത പശ്ചാത്തലം കേരളത്തിൽ ഉരുത്തിരിഞ്ഞു വരുന്നതായി വാർത്തകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ സാമൂഹിക വികസനവും മെച്ചപ്പെട്ട ജീവിത നിലവാരവും പ്രോത്സാഹിപ്പിക്കുവാൻ കുട്ടികളുടെ എല്ലാവിധ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഐക്യരാഷ്ട്ര സഭയുടെയും മറ്റ് അന്താരാഷ്ട്ര സമ്മേളനങ്ങളുടെയും സാർവ്വദേശീയ പ്രഖ്യാപനങ്ങൾ നിഷ്കർഷിക്കുന്ന രീതിയിൽ കുട്ടികളുടെ അവകാശസംരക്ഷണം സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിന് എല്ലാ ജില്ലകളിലും 'ബാലസൗഹൃദ രക്ഷാകർതൃത്വം' പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് മുന്നോടിയായി കുടുംബശ്രീയുടെ സംസ്ഥാനതല കർത്തവ്യവാഹകരെ ഉൾപ്പെടുത്തി 2024-ന് കമ്മീഷന്റെ കാര്യാലയത്തിൽ വച്ച് കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

## ശിശുകേന്ദ്രീകൃത ദുരന്തനിവാരണം

### *കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം സംഘടിപ്പിച്ചു*

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ജൂലൈ 29-ന് ശിശുകേന്ദ്രീകൃത ദുരന്തനിവാരണം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തൈക്കാട് ഗവ. ഗസ്റ്റ് ഹൗസ് മിനി കോൺഫറൻസ് ഹാളിൽ വച്ച് കൂടിയാലോചനായോഗം സംഘടിപ്പിച്ചു. പ്രകൃതിദുരന്തങ്ങളും മനുഷ്യനിർമ്മിത ദുരന്തങ്ങളും കുട്ടികളിൽ വലിയ സ്വാധീനം ചെലുത്തുന്ന ഘടകങ്ങളായതിനാൽ ദുരന്തനിവാരണത്തിന്റെ എല്ലാ ഘട്ടങ്ങളിലും, ദുരന്തത്തിന് മുമ്പുള്ള മുന്നൊരുക്ക നടപടികളിലും, ദുരന്തം നടക്കുമ്പോഴുള്ള പ്രതികരണ നടപടികളിലും, വീണ്ടെടുക്കൽ നടപടികളിലും, ഭാവിയിൽ സമാനദുരന്തങ്ങൾ ഉണ്ടാകുമ്പോൾ സ്വീകരിക്കേണ്ട ലഘൂകരണ നടപടികളിലും, കുട്ടികളുടെ ആവശ്യങ്ങൾക്കും അവകാശങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുകവഴി ഒരു ശിശുകേന്ദ്രീകൃത ദുരന്തനിവാരണ നയം രൂപീകരിക്കേണ്ടത് അനിവാര്യമാണ്. ദുരന്തസമയത്ത് ഭീതി ഒഴിവാക്കി രക്ഷപ്പെടുവാനുള്ള മാർഗ്ഗങ്ങളാണ് കുട്ടികൾ പഠിക്കേണ്ടത്. കുട്ടികൾക്ക് വേഗത്തിൽ ഗ്രഹിക്കാൻ താല്പര്യമുളവാക്കുന്ന മാർഗ്ഗങ്ങളിലൂടെയോ, കൂടുതൽ നൂതനമായ മറ്റ് വഴികളിലൂടെയോ ദുരന്തങ്ങളെ അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനും അവരെ പ്രാപ്തരാക്കുന്നതിനുള്ള വഴികൾ സ്വീകരിക്കുന്നതിന് സർക്കാരിതര വകുപ്പുകളുടെയും മറ്റ് സംവിധാനങ്ങളുടെയും ആശയങ്ങൾ സ്വരൂപിക്കുന്നതിനുള്ള പ്രാഥമിക നടപടി സ്വീകരിക്കുകയാണ് കൂടിയാലോചനാ യോഗം ലക്ഷ്യമിടുന്നതെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീ. മോഹൻകുമാർ ബി., സ്വാഗത പ്രസംഗത്തിൽ സൂചിപ്പിച്ചു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ്കുമാർ യോഗത്തിന്റെ അധ്യക്ഷനായി.



ദുരന്തങ്ങളെ അഭിമുഖീകരിക്കുവാനും അതിജീവിക്കുവാനും ഉതകുന്ന ഒരു ജീവിത ശൈലി വികസിപ്പിക്കുവാനും അത് നിത്യ ജീവിതത്തിന്റെ ഭാഗമാക്കുവാൻ കുട്ടികളെ പ്രാപ്തമാക്കേണ്ടതുണ്ടെന്നും വിവിധ വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ ഏറെ പ്രസക്തമാണെന്നും യോഗത്തിൽ അദ്ദേഹം പറയുകയുണ്ടായി. കേരളത്തെ സംബന്ധിച്ചിടത്തോളം ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പലപ്പോഴും ദുരന്ത സാധ്യതകൾ വർദ്ധിപ്പിക്കുന്നുണ്ടെന്നും, മുൻകാലങ്ങളിൽ ദുരന്തങ്ങൾ ആകസ്മികമായി ഉണ്ടാകുന്ന ഒന്നായി കരുതപ്പെട്ടിരുന്നെങ്കിലും ഇന്ന് അത് ഒരു തുടർച്ചയായി മാറിയിട്ടുണ്ടെന്നും, ശാസ്ത്ര സാങ്കേതിക സഹായത്തോടെ മുന്നൊരുക്കങ്ങളും, പ്രതിരോധ പരിപാടികളും, ലഘൂകരണ പ്രക്രിയകളും, ജീവിതത്തെ പുനർക്രമീകരിക്കുന്ന സമീപനങ്ങൾക്കുമാണ് പ്രാധാന്യം കൊടുക്കേണ്ടതെന്നും മുഖ്യപ്രഭാഷണത്തിൽ പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീമതി മിനി സുകുമാർ പറയുകയുണ്ടായി. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ഡോ. വിൽസൺ എഫ്. ആശംസ അറിയിച്ചു. യോഗത്തിൽ ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങളായ ശ്രീമതി എൻ. സുനന്ദ, ശ്രീമതി ജലജമോൾ റ്റി. സി., ശ്രീ. കെ. കെ. ഷാജു എന്നിവർ ചർച്ചകളുടെ ക്രോഡീകരണം നടത്തുകയും ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ശ്രീമതി സിസിലി ജോസഫ് നന്ദി പറയുകയും ചെയ്തു.

***വയനാട് ജില്ലയിലെ ദുരന്തവുമായി ബന്ധപ്പെട്ട കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങളും, ദുരന്തമുഖത്തെ അഭിമുഖീകരിച്ച് മാനസികസമ്മർദ്ദം നേരിടുന്ന കുട്ടികൾക്ക് സാന്ത്വനവും.***

വയനാട് ജില്ലയിൽ ഉണ്ടായ ദുരന്തവുമായി ബന്ധപ്പെട്ട് കുട്ടികളിലുണ്ടായ മാനസിക-ശാരീരിക ആഘാതങ്ങൾ വളരെ വലുതാണ്. ഉരുൾപൊട്ടലിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട കുട്ടികളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, മാനസികസമ്മർദ്ദം നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ കൗൺസിലിങ്ങുകൾ നൽകുന്നതിനും, കുട്ടികളുടെ കഴിവുകളെ വികസിപ്പിക്കുന്നതിനും, ഉല്ലാസത്തോടെയും സന്തോഷത്തോടെയും അവരുടെ അതിജീവനം സാധ്യമാക്കുന്നതിനുള്ള പരിപാടികളും കമ്മീഷൻ സംഘടിപ്പിച്ചു.



മാന്ത്രിക ലോകത്ത് വിസ്മയം സൃഷ്ടിച്ച ശ്രീ. ഗോപിനാഥ് മുതുകാട് അനുയോജ്യമായ വിവിധ മാജിക്കുകൾ അവതരിപ്പിക്കുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്തു. കൂടാതെ ചലച്ചിത്ര മേഖലയിലെ ഹാസ്യനടൻ ശ്രീ. വിനോദ് കോവൂർ കുട്ടികളോടൊപ്പം പാട്ട് പാടുകയും, വിവിധ കലാപരിപാടികൾ ദുരിതാശ്വാസ ക്യാമ്പിൽ അവതരിപ്പിക്കുകയും ചെയ്തു. കുട്ടികൾ നേരിടുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സംബന്ധിച്ച് മെഡിക്കൽ കോളേജ് സൈക്യാട്രിക് വിദഗ്ധൻ ഡോ. മോഹൻറോയ് ക്ലാസുകൾ നയിച്ചു. സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ്കുമാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ കമ്മീഷൻ അംഗങ്ങളായ ശ്രീ. കെ. കെ. ഷാജു, ശ്രീ. മോഹൻകുമാർ ബി., ശ്രീ. എഫ്. വിൽസൺ എന്നിവർ പങ്കെടുക്കുകയും ചെയ്തു.




***സംസ്ഥാനത്തെ ബാലവേല-ബാലവിവാഹ വിമുക്തമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം സംഘടിപ്പിച്ചു.***

ഗുരുതരമായ ഒരു സാമൂഹ്യ വിപത്ത് എന്ന നിലയിൽ ശൈശവ വിവാഹം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്. അതിനാൽതന്നെ ശൈശവ വിവാഹം തടയുക എന്നത് ഓരോ പൗരന്റെയും കടമ കൂടിയാണ്. ശൈശവ വിവാഹം മനുഷ്യാവകാശ ലംഘനമാണ്. ശാരീരികവും മാനസികവും ബൗദ്ധികവും ആയ പക്വത എത്താത്ത പ്രായത്തിൽ നടക്കുന്നതിനാൽ തന്നെ ശൈശവ വിവാഹം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ വളരെ വലുതാണ്. കുട്ടികൾ ചെറുപ്രായത്തിൽ തന്നെ ബാലവേലയിൽ എത്തപ്പെടുന്ന സാഹചര്യങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കപ്പെടാതിരിക്കുന്നതിനും, കുട്ടികൾക്ക് ലഭ്യമാകേണ്ട അവകാശങ്ങളും മറ്റ് അടിസ്ഥാന ആവശ്യങ്ങളും നിഷേധിക്ക

പ്പെടാതിരിക്കുന്നതിനും, സംസ്ഥാനത്തെ ബാലവേല-ബാലവിവാഹ വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കേണ്ടത് അനിവാര്യമാണ്. ആയതിന് മുന്നോടിയായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ വനിതാ ശിശു വികസന ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ, ശൈശവ വിവാഹ നിരോധന ഓഫീസർമാർ, റീജിയണൽ ലേബർ കമ്മീഷണർമാർ, എല്ലാ ജില്ലാ ലേബർ ഓഫീസർമാർ, പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് ഓഫീസർമാർ, വിദ്യാഭാസ വകുപ്പ് ഓഫീസർമാർ എന്നിവരെ ഉൾപ്പെടുത്തി 2024 ആഗസ്റ്റ് 21-ന് കോട്ടയം സീസർ പാലസിൽ വച്ചും തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി 2024 ആഗസ്റ്റ് 23-ന് കോഴിക്കോട് ഹോട്ടൽ സ്പാനിൽ വച്ചും കൂടിയാലോചനായോഗങ്ങൾ സംഘടിപ്പിച്ചു.

***ബാലസൗഹൃദ രക്ഷാകർതൃത്വം 'സുരക്ഷിത ബാല്യം സുന്ദര ഭവനം' കുടുംബശ്രീയുടെ തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ്പേഴ്സൺമാരെ ഉൾപ്പെടുത്തി കേരളത്തിലുടനീളം ഏകദിന പരിശീലനപരിപാടി സംഘടിപ്പിച്ചു.***

ബാലസൗഹൃദകേരളം യാഥാർത്ഥ്യമാക്കുക, ബാലാവകാശ സാക്ഷരത ഉറപ്പു വരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലുടനീളം നടത്തി വരുന്ന ബൃഹത്ത് പ്രചാര പദ്ധതിയാണ് ബാലസൗഹൃദകേരളം. കുടുംബങ്ങളിൽ കുട്ടികളുടെ സുരക്ഷയും വികാസവും ഉറപ്പു വരുത്തുന്നതിനായി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ബാലസൗഹൃദ രക്ഷാകർതൃത്വം 'സുരക്ഷിത ബാല്യം സുന്ദര ഭവനം' എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടന കർമ്മം ബഹു. നിയമ വ്യവസായവകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു.



മാതാപിതാക്കളിൽനിന്നോ രക്ഷിതാക്കളിൽനിന്നോ ഉണ്ടാകുന്ന അതിക്രമങ്ങൾ, ലൈംഗികവും അല്ലാത്തതുമായ ചൂഷണങ്ങൾ, അവഗണനകൾ എന്നിവയിൽനിന്നും കുട്ടികൾക്കുള്ള സംരക്ഷണം ഭരണകൂടം ഉറപ്പുവരുത്തുന്നു. ബാലനീതി ആക്റ്റ്, 2015, വകുപ്പ് 3-ലെ (V) പ്രകാരം കുട്ടിയുടെ പരിപാലനത്തിനും പരിപോഷണത്തിനും സംരക്ഷണത്തിനുമുള്ള പ്രാഥമിക ഉത്തരവാദിത്തം കുടുംബങ്ങൾക്കുണ്ട്. മേൽ ഉദ്ധരിച്ച നിയമലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും കുടുംബങ്ങളിൽ കുട്ടികൾ സുരക്ഷിതരായി വളരുന്നതിനുമുള്ള സാഹചര്യങ്ങൾ ഉളവാക്കുന്നതിനുമായി എല്ലാ ജില്ലകളിലെയും കുടുംബശ്രീയുടെ തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ്പേഴ്സൺമാരെ ഉൾപ്പെടുത്തി ഏകദിന പരിശീലന പരിപാടി 2024-25 കാലയളവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടത്തി.

### *ശിശുദിനാഘോഷം 2024*

ശിശുദിനാഘോഷം 2024 കുട്ടികളുടെ അവകാശങ്ങളും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുവേണ്ടി നിരവധി പ്രവർത്തനങ്ങളാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിവരുന്നത്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രകൃതി ദുരന്തങ്ങളും കുട്ടികളും എന്ന വിഷയത്തെ ആസ്പദമാക്കി 2024-25 വർഷം ശിശുദിനാഘോഷം സംസ്ഥാനതലത്തിൽ കമ്മീഷൻ സംഘടിപ്പിച്ചു. ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം എന്നിവിടങ്ങളിൽ കുട്ടികളുടെ കലാപരിപാടികളും, ക്വിസ്, ചിത്രരചന മൽസരങ്ങളും ശിശുദിന റാലികളും ശിശുദിന പ്രവർത്തി പരിചയമേളകളും ബോധവൽക്കരണ പ്രവർത്തനങ്ങളും 2024 നവംബർ 14 മുതൽ 20 വരെയുള്ള ദിവസങ്ങളിൽ സംഘടിപ്പിച്ചു. കുട്ടികൾക്ക് ഈ ദിവസങ്ങൾ ഉല്ലാസപ്രദമായിരുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ശിശുദിനാഘോഷം കേരളത്തിലെ 36 ശിശുസംരക്ഷണ സ്ഥാപനങ്ങളിൽ നടത്തുകയുണ്ടായി.

### *ശിശുദിനാഘോഷം സംഘടിപ്പിച്ച 36 ശിശുസംരക്ഷണ സ്ഥാപനങ്ങൾ*

| *ക്രമ നമ്പർ* | *സ്ഥാപനത്തിന്റെ പേര്* |
|---|---|
| (1) | (2) |
| 1 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, പൂജപ്പുര |
| 2 | ഹോം മാനേജർ, ഇന്റഗ്രേറ്റഡ് കെയർ സെന്റർ, നെട്ടയം, തിരുവനന്തപുരം |
| 3 | ഹോം മാനേജർ, എൻട്രി ഹോം, പൂജപ്പുര |
| 4 | ഹോം മാനേജർ, ആഫ്റ്റർ കെയർ ഹോം, വെഞ്ഞാറമൂട് |
| 5 | ഹൗസ്മദർ, എസ്.ഒ.എസ്. മോഡൽ, വെള്ളനാട്, തിരുവനന്തപുരം |
| 6 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കൊല്ലം |
| 7 | ഹോം മാനേജർ. അസ്സീസി വിമൺ ആന്റ് ചിൽഡ്രൻ ഹോം, കൊട്ടിയം |
| 8 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട |

| (1) | (2) |
|---|---|
| 9 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, നൂറനാട്, ആലപ്പുഴ |
| 10 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം, ആലപ്പുഴ |
| 11 | ശിശുവികാസ് ഭവൻ, ആലപ്പുഴ (സെക്രട്ടറി, ശിശുക്ഷേമ സമിതി, ആലപ്പുഴ) |
| 12 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻ ഹോം ഫോർ ഗേൾസ്, മായിത്തറ |
| 13 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കോട്ടയം |
| 14 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കോട്ടയം |
| 15 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, ഇടുക്കി |
| 16 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, എറണാകുളം |
| 17 | മാനേജർ, ഹോളിക്രോസ് വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, എറണാകുളം |
| 18 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ആന്റ് ഒബ്സർവേഷൻ ഹോം, തൃശ്ശൂർ |
| 19 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, പ്രത്യാശ ഫോർ ഇന്റഗ്രേറ്റഡ് സോഷ്യൽ ആക്ഷൻ, തൃശ്ശൂർ |
| 20 | അഡ്മിനിസ്ട്രേറ്റർ, മോഡൽ വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, തൃശ്ശൂർ, (കേരള മഹിളാ സമഖ്യ സൊസൈറ്റി) |
| 21 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പാലക്കാട് |
| 22 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, പാലക്കാട് (കേരള മഹിളാ സമഖ്യ സൊസൈറ്റി) |
| 23 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തവനൂർ |
| 24 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, മലപ്പുറം |
| 25 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോഴിക്കോട് |
| 26 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കോഴിക്കോട് |
| 27 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോഴിക്കോട് |
| 28 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണിയാമ്പറ്റ |
| 29 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, വയനാട്, (കേരള മഹിളാ സമഖ്യ സൊസൈറ്റി) |
| 30 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തലശ്ശേരി |
| 31 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, തലശ്ശേരി |
| 32 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കണ്ണൂർ (സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിളാ സമഖ്യ സൊസൈറ്റി) |
| 33 | സൂപ്രണ്ട്, ഗവൺമെന്റ് ചിൽഡ്രൻസ് ഹോം, കാസർഗോഡ് |
| 34 | ഹോം മാനേജർ, വിമൺ ആന്റ് ചിൽഡ്രൻസ് ഹോം, കാസർഗോഡ് (മഹിളാ സമഖ്യ സൊസൈറ്റി) |
| 35 | ഹോം മാനേജർ, ശിശുവികാസ് ഭവൻ, തിരുവക്കോളി, കോട്ടിക്കുളം, കാസർഗോഡ് |
| 36 | ഹോം മാനേജർ, മഹിളാശിക്ഷാ കേന്ദ്രം, പടന്നക്കാട്, കാഞ്ഞങ്ങാട്, കാസർഗോഡ് |

***ബാലാവകാശ വാരാഘോഷം 2024***

കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷന്റെ നേതൃത്വത്തിൽ ബാലാവകാശ വാരാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളുടെയും നേതൃത്വത്തിൽ 'പ്രകൃതി ദുരന്തങ്ങളും കുട്ടികളും' എന്ന വിഷയത്തെ

ആസ്പദമാക്കി ജില്ലകളിൽ ബോധവത്കരണ പരിപാടിയും, ചിത്രരചനാ മത്സരം, തെരുവ് നാടകങ്ങൾ, ക്വിസ് മത്സരങ്ങൾ, ലോഗോ പ്രകാശനം, റീൽസ് കോംപറ്റീഷൻ, ഏകദിന ക്യാമ്പ്, ബൈക്ക് റാലികൾ എന്നീ പരിപാടികൾ സ്കൂൾ വിദ്യാർത്ഥികൾക്കായി ജില്ലകളിൽ സംഘടിപ്പിച്ചു.

### *ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിചരണം, പുനരധിവാസം എന്നിവ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SOP) കരട് തയ്യാറാക്കി*

ഭിന്നശേഷി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് നിയമങ്ങളും നയങ്ങളും നിലവിലുണ്ടെങ്കിലും, അവ നടപ്പാക്കുന്നത് പലപ്പോഴും ദുർബലമായാണ്. സേവന വിതരണങ്ങളിലെ വിടവുകൾ വിവിധ വിഷമതകൾ കുട്ടികൾക്കും മാതാപിതാക്കൾക്കും ഉണ്ടാക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിചരണവും സ്ഥിരതയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഏകീകൃത മാർഗ്ഗനിർദ്ദേശസംഹിത തയ്യാറാക്കേണ്ടതുണ്ട്. ആയതിന്റെ ഭാഗമായി കേരളത്തിലെ ഭിന്നശേഷിക്കാരായ കുട്ടികളുടെ നേരത്തെയുള്ള തിരിച്ചറിയൽ (Early Identification), രോഗനിർണയം (Diagnosis), ചികിത്സ (Treatment), പരിശീലനം (Training), ഉൾചേർന്ന വിദ്യാഭ്യാസം (Inclusive Education), ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം (Home Based Education), പുനരധിവാസം (Rehabilitation) എന്നിവയ്ക്കായി സമഗ്രമായ ഒരു ചട്ടക്കൂട് നൽകുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SOP) കരട് തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

### *ബാലസൗഹൃദ രക്ഷാകർതൃത്വം "സുരക്ഷിത ബാല്യം സുന്ദരഭവനം" പദ്ധതിയുടെ സമാപനസമ്മേളനം സംഘടിപ്പിച്ചു*


ബാലസൗഹൃദ രക്ഷാകർതൃത്വം — "സുരക്ഷിത ബാല്യം സുന്ദരഭവനം" എന്ന ബൃഹത്ത് പദ്ധതിയുടെ ഭാഗമായി കേരളത്തിലുടനീളം സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടിയുടെ സമാപന സമ്മേളനം ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി യിൽവച്ച് സംഘടിപ്പിച്ചു. കുടുംബങ്ങളിലും സമൂഹത്തിലും കുട്ടികൾക്കെതിരെ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സമൂഹത്തിൽ ബാലാവകാശ സാക്ഷരത അനിവാര്യമാണ്. ബാലാവകാശങ്ങൾ നിഷേധിക്കപ്പെട്ട് മയക്കുമരുന്നുൾ പ്പെടെയുള്ള ചൂഷണങ്ങൾക്ക് കുട്ടികൾ വിധേയമാകുന്നത് ഗൗരവമായി കാണുകയും, കുട്ടികളെ സംബന്ധിക്കുന്ന വിഷയങ്ങളിൽ അവരുടെ അഭിപ്രായവും കൂടി ആരായുന്ന ജനാധിപത്യ സമീപനം പുലർത്തുകയും വേണം. ജനാധിപത്യ വിരുദ്ധമായ അടിച്ചമർത്തലുകളുടെ ഇരകളായി കുട്ടികളെ മാറ്റാൻ പാടില്ല. മാതാപിതാക്കൾ കുട്ടികളെ വളർത്തുകയല്ല അവർ വളരാനുള്ള സാഹചര്യമാണ് ഒരുക്കേണ്ടതെന്നും സമാപന സമ്മേളനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എം. ബി. രാജേഷ് പറഞ്ഞു. ചടങ്ങിൽ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ.വി. മനോജ്കുമാർ അധ്യക്ഷത വഹിച്ചു. കമ്മീഷൻ അംഗം ശ്രീമതി എൻ. സുനന്ദ സ്വാഗതവും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ശ്രീ. ജി. രമേഷ് ആശംസയും കുടുംബശ്രീ ജില്ലാ മിഷൻ പ്രോഗ്രാം മാനേജർ ശ്രീമതി സ്വാതി എസ്. നന്ദി ആശംസിക്കുകയും ചെയ്തു.




### *ചൈൽഡ് വെൽഫെയർ കമ്മിറ്റി 2024*

2024-ൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ വിവിധ ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റികളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ 14783 കേസുകളാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ റിപ്പോർട്ട് ചെയ്തത്. ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.


### *2024-ൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ഉത്ഭവിച്ചിട്ടുള്ള കേസുകൾ*



മേൽ സൂചിപ്പിച്ചത് പ്രകാരം 1645 കേസുകൾ തിരുവനന്തപുരം ജില്ലയിലും, 2437 കേസുകൾ കൊല്ലം ജില്ലയിലും, 607 കേസുകൾ പത്തനംതിട്ട ജില്ലയിലും, 976 കേസുകൾ ആലപ്പുഴ ജില്ലയിലും, 751 കേസുകൾ കോട്ടയം ജില്ലയിലും, 952 കേസുകൾ ഇടുക്കി ജില്ലയിലും, 1183 കേസുകൾ എറണാകുളം ജില്ലയിലും, 1265 കേസുകൾ തൃശ്ശൂർ ജില്ലയിലും, 781 കേസുകൾ പാലക്കാട് ജില്ലയിലും, 970 കേസുകൾ മലപ്പുറം ജില്ലയിലും, 1353 കേസുകൾ കോഴിക്കോട് ജില്ലയിലും, 503 കേസുകൾ വയനാട് ജില്ലയിലും, 788 കേസുകൾ കണ്ണൂർ ജില്ലയിലും, 572 കേസുകൾ കാസർഗോഡ് ജില്ലയിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2024-ൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് മുമ്പാകെ കേരളത്തിൽ റിപ്പോർട്ട് ചെയ്ത 14783 കേസുകളിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 13418 കേസുകൾ തീർപ്പാക്കിയതായാണ് റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നത്. ആയവയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

***2024-ൽ തീർപ്പാക്കിയ കേസുകൾ***





മേൽ സൂചിപ്പിച്ചത് പ്രകാരം മുൻവർഷങ്ങളിലേതുൾപ്പെടെ 1535 കേസുകൾ തിരുവനന്തപുരം ജില്ലയിലും, 2420 കേസുകൾ കൊല്ലം ജില്ലയിലും, 74 കേസുകൾ പത്തനംതിട്ട ജില്ലയിലും, 929 കേസുകൾ ആലപ്പുഴ ജില്ലയിലും, 280 കേസുകൾ കോട്ടയം ജില്ലയിലും, 431 കേസുകൾ ഇടുക്കി ജില്ലയിലും, 930 കേസുകൾ എറണാകുളം ജില്ലയിലും, 1557 കേസുകൾ തൃശൂർ ജില്ലയിലും, 478 കേസുകൾ പാലക്കാട് ജില്ലയിലും,

മലപ്പുറം ജില്ലയിൽ 1011 കേസുകളും, 2133 കേസുകൾ കോഴിക്കോട് ജില്ലയിലും, 498 കേസുകൾ വയനാട് ജില്ലയിലും, 936 കേസുകൾ കണ്ണൂർ ജില്ലയിലും, 206 കേസുകൾ കാസർഗോഡ് ജില്ലയിലും തീർപ്പാക്കിയിട്ടുള്ളതാണ് .

ബാലനീതി ആക്റ്റ് പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ റിപ്പോർട്ട് ചെയ്യുന്ന വിഷയങ്ങളിൽ സാമൂഹിക പശ്ചാത്തല റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലാണ് കുട്ടിയുടെ പുനരേകീകരണമോ പുനരധിവാസ പ്രക്രിയയോ നടപ്പിലാക്കേണ്ടത്. എന്നാൽ ജില്ലകളിൽ നിന്ന് ലഭിച്ച വിവരപ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായി വരുന്ന കുട്ടികളുടെ സാമൂഹിക പശ്ചാത്തല റിപ്പോർട്ട് അടിസ്ഥാനമാക്കാതെ തന്നെ കുട്ടികളെ പുനരേകീകരണമോ പുനരധിവാസ പ്രക്രിയയോ നടപ്പാക്കുന്നതായിട്ടാണ് റിപ്പോർട്ടിൽ നിന്ന് മനസിലാകുന്നത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

***2024-ൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളും സാമൂഹിക പശ്ചാത്തല റിപ്പോർട്ടുകളുടെ തൽസ്ഥിതിയും***





മേൽ സൂചിപ്പിച്ചത് പ്രകാരം 1645 കേസുകൾ തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 363 എണ്ണത്തിനും, 2437 കേസുകൾ കൊല്ലം ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 123 എണ്ണത്തിനും, 607 കേസുകൾ പത്തനംതിട്ട ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 19 എണ്ണത്തിനും, 976 കേസുകൾ ആലപ്പുഴ ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 193 എണ്ണത്തിനും, കോട്ടയം ജില്ലയിൽ 751 കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 59 എണ്ണത്തിനും, ഇടുക്കി ജില്ലയിൽ 952 കേസുകൾ റിപ്പോർട്ട് ചെയ്തതതിൽ 406 എണ്ണത്തിനും, 1183 കേസുകൾ എറണാകുളം ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 489 എണ്ണത്തിനും, 1265 കേസുകൾ തൃശ്ശൂർ ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ

280 എണ്ണത്തിനും, 781 കേസുകൾ പാലക്കാട് ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 354 എണ്ണത്തിനും, 970 കേസുകൾ മലപ്പുറം ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 472 എണ്ണത്തിനും, 1353 കേസുകൾ കോഴിക്കോട് ജില്ലയിൽ റിപ്പോർട്ട് ചെയ്തതിൽ 310 എണ്ണത്തിനും, വയനാട് ജില്ലയിൽ റിപ്പോർട്ട് ചെയ്ത 503 കേസുകളിൽ 92 എണ്ണത്തിനും, കണ്ണൂർ ജില്ലയിൽ റിപ്പോർട്ട് ചെയ്ത 788 കേസുകളിൽ 58 എണ്ണത്തിനും, 572 കേസുകൾ റിപ്പോർട്ട് ചെയ്ത കാസർഗോഡ് ജില്ലയിൽ 10 എണ്ണത്തിനും സാമൂഹികപശ്ചാത്തല റിപ്പോർട്ട് ലഭിച്ചതായി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു, കുട്ടികളുടെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിന് സാമൂഹിക പശ്ചാത്തല റിപ്പോർട്ട് അടിസ്ഥാനമാക്കി മാത്രമേ കുട്ടികളുടെ പുനരേകീകരണമോ പുനരധിവാസ പ്രക്രിയയോ നടപ്പിലാക്കാവൂ എന്ന് ബാലനീതി ആക്റ്റ് 2015 (വകുപ്പ് 37) പരാമർശിച്ചിരിക്കുന്നു.

ബാലനീതി നിയമപ്രകാരം തീർപ്പാക്കുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെ കേസുകളിൽ, കൃത്യമായ ഇടവേളകളിൽ കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി അവലോകനം ചെയ്യേണ്ടതും, കുട്ടിയുടെ ഉന്നമനം ശരിയായ രീതിയിൽ തന്നെയാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. എന്നാൽ 2024 വർഷത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം തീർപ്പാക്കുന്ന കേസുകളിൽ അപൂർവ്വമായി മാത്രമാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ വ്യക്തിഗത ശ്രദ്ധാ പദ്ധതി റിപ്പോർട്ട് അവലോകനം ചെയ്തതായി മനസ്സിലാക്കുന്നത്.


***ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:***



മേൽ സൂചിപ്പിച്ചത് പ്രകാരം 1535 കേസുകൾ തിരുവനന്തപുരം ജില്ലയിൽ തീർപ്പാക്കിയവയിൽ 693 എണ്ണത്തിനും, 2420 കേസുകൾ കൊല്ലം ജില്ലയിൽ തീർപ്പാക്കിയവയിൽ 20 എണ്ണത്തിനും, 74 കേസുകൾ പത്തനംതിട്ട ജില്ലയിൽ തീർപ്പാക്കിയവയിൽ 72 എണ്ണത്തിനും, 929 കേസുകൾ ആലപ്പുഴ ജില്ലയിൽ തീർപ്പാക്കിയവയിൽ ഭാഗികമായി മാത്രമേ 'കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി' തയ്യാറാക്കിയിട്ടുള്ളൂ, 280 കേസുകൾ കോട്ടയം ജില്ലയിൽ തീർപ്പാക്കിയവയിൽ 'കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി'-യുടെ എണ്ണം ലഭ്യമല്ല, 431 കേസുകൾ ഇടുക്കി ജില്ലയിൽ തീർപ്പാക്കിയവയിൽ 275 എണ്ണത്തിനും, 930 കേസുകൾ എറണാകുളം ജില്ലയിൽ തീർപ്പാക്കിയവയിൽ 118 എണ്ണത്തിനും, 1557 കേസുകൾ തൃശൂർ ജില്ലയിൽ തീർപ്പാക്കിയവയിൽ 118 എണ്ണത്തിനും, 478 കേസുകൾ പാലക്കാട് ജില്ലയിൽ തീർപ്പാക്കിയവയിൽ 65 എണ്ണത്തിനും, 1011 കേസുകൾ മലപ്പുറം ജില്ലയിൽ തീർപ്പാക്കിയവയിൽ 334 എണ്ണത്തിനും, 2133 കേസുകൾ കോഴിക്കോട് ജില്ലയിൽ തീർപ്പാക്കിയവയിൽ 159 എണ്ണത്തിനും, 498 കേസുകൾ വയനാട് ജില്ലയിൽ തീർപ്പാക്കിയവയിൽ 65 എണ്ണത്തിനും, 936 കേസുകൾ കണ്ണൂർ ജില്ലയിൽ തീർപ്പാക്കിയവയിൽ ഭാഗികമായി മാത്രമേ 'കുട്ടികളുടെ വ്യക്തിഗത ശ്രദ്ധാപദ്ധതി' തയ്യാറാക്കിയിട്ടുള്ളൂ. 206 കേസുകൾ കാസർഗോഡ് ജില്ലയിൽ തീർപ്പാക്കിയവയിൽ വ്യക്തിഗത ശ്രദ്ധാപദ്ധതി അനുസരിച്ചല്ല കുട്ടികളുടെ പുനരധിവാസ അവലോകനം നടത്തിയത് എന്ന് മനസ്സിലാക്കുന്നു. കുട്ടികളുടെ പുനരധിവാസ പ്രക്രിയ കൃത്യമായ ഇടവേളകളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റി അവലോകനം നടത്താത്തത് കുട്ടികൾ വീണ്ടും പഴയ സാഹചര്യത്തിലേക്ക് എത്തിപ്പെടുന്നതിന് വഴി തെളിച്ചേക്കാം. ആയതിനാൽ ബാലനീതി ആക്റ്റ് പ്രകാരമുള്ള കുട്ടികളുടെ പുനരധിവാസത്തിനാവശ്യമായ നടപടികൾ ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ കൈക്കൊള്ളേണ്ടത് അനിവാര്യമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു.


***ജുവനൈൽ ജസ്റ്റിസ് ബോർഡ് റിപ്പോർട്ട് 2024***

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് ബോർഡുകളിൽ നിന്ന് 2024-ൽ ശേഖരിച്ച വിവരങ്ങൾ പ്രകാരം ജുവനൈൽ ജസ്റ്റിസ് ബോർഡിനു മുമ്പാകെ 2220 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആയതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.




ഗ്രാഫ് (1)-ൽ സൂചിപ്പിച്ചത് പ്രകാരം 2024-ൽ തിരുവനന്തപുരം ജില്ലയിൽ 167 കേസുകളും, കൊല്ലം ജില്ലയിൽ 247 കേസുകളും, പത്തനംതിട്ട ജില്ലയിൽ 116 കേസുകളും, ആലപ്പുഴ ജില്ലയിൽ 194 കേസുകളും, കോട്ടയം ജില്ലയിൽ 135 കേസുകളും, ഇടുക്കി ജില്ലയിൽ 90 കേസുകളും, എറണാകുളം ജില്ലയിൽ 225 കേസുകളും, തൃശൂർ ജില്ലയിൽ 136 കേസുകളും, പാലക്കാട് ജില്ലയിൽ 57 കേസുകളും, മലപ്പുറം ജില്ലയിൽ 365 കേസുകളും, കോഴിക്കോട് ജില്ലയിൽ 210 കേസുകളും, വയനാട് ജില്ലയിൽ 53 കേസുകളും, കണ്ണൂർ ജില്ലയിൽ 123 കേസുകളും, കാസർഗോഡ് ജില്ലയിൽ 102 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.


2024-ൽ സംസ്ഥാനത്ത് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ 2183 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. ആയതിൽ തിരുവനന്തപുരം ജില്ലയിൽ 176 കേസുകളും, കൊല്ലം ജില്ലയിൽ 156 കേസുകളും, പത്തനംതിട്ട ജില്ലയിൽ 14 കേസുകളും, ആലപ്പുഴ ജില്ലയിൽ 182 കേസുകളും, കോട്ടയം ജില്ലയിൽ 123 കേസുകളും, ഇടുക്കി ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 97 കേസുകളും, എറണാകുളം ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 291 കേസുകളും, തൃശ്ശൂർ ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 168 കേസുകളും, പാലക്കാട് ജില്ലയിൽ 53 കേസുകളും, മലപ്പുറം ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 430 കേസുകളും, കോഴിക്കോട് ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 231 കേസുകളും, വയനാട് ജില്ലയിൽ 49 കേസുകളും, കണ്ണൂർ ജില്ലയിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 144 കേസുകളും, കാസർഗോഡ് ജില്ലയിൽ 69 കേസുകളും തീർപ്പാക്കിയിരുന്നു. തീർപ്പാക്കിയ കേസുകളുടെ ഗ്രാഫ് ചുവടെ ചേർക്കുന്നു.




2024-ൽ ജില്ലകളിലെ ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ രജിസ്റ്റർ ചെയ്ത നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ 2183 കേസുകൾ തീർപ്പാക്കിയതിൽ പ്ലേയ്സ് ഓഫ് സേഫ്റ്റിയിലേക്ക് അയച്ച 33 കുട്ടികളും, സ്പെഷ്യൽ ഹോമിൽ അയച്ച 3 കുട്ടികളും, ഒബ്സർവേഷൻ ഹോമിൽ അയച്ച 348 കുട്ടികളും, കുറ്റം ചെയ്തിട്ടില്ലെന്ന് കണ്ടെത്തിയ 289 കേസുകളും, നിഷ്ഠൂരമായ കുറ്റകൃത്യങ്ങളുടെ പ്രാഥമിക വിലയിരുത്തൽ നടത്തിയശേഷം കുട്ടികളുടെ കോടതിയിലേക്ക് ട്രാൻസ്ഫർ ചെയ്ത 9 കേസുകളും, കൗൺസിലിംഗ് നൽകിയതിനുശേഷം വീട്ടിലേക്ക് പോകാൻ അനുവദിച്ചുകൊണ്ട് ഉത്തരവ് നൽകിയ മുൻവർഷത്തെ കേസുകൾ ഉൾപ്പെടെ 929 കേസുകളും, ഗ്രൂപ്പ് കൗൺസിലിംഗിനോ അനുബന്ധ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ ഉത്തരവ് നൽകിയ 41 കേസുകളും, കമ്മ്യൂണിറ്റി സർവ്വീസിനായി അയച്ച 290 കേസുകളും, കുട്ടിയുടെ മാതാപിതാക്കളോ/രക്ഷകർത്താവോ/കുട്ടിയോ പിഴ അടയ്ക്കാൻ ഉത്തരവ് നൽകിയ മുൻവർഷത്തെ കേസുകൾ ഉൾപ്പെടെ 1083 കേസുകളും, നല്ല പെരുമാറ്റത്തിന്റെ അടിസ്ഥാനത്തിൽ കുട്ടിയെ ഫിറ്റ് പേഴ്സൺ/രക്ഷിതാക്കൾ/മാതാപിതാക്കളുടെ സംരക്ഷണത്തിൽ വിട്ടയയ്ക്കാൻ ഉത്തരവ് നൽകിയ 303 കേസുകളും, മറ്റ് സാഹചര്യത്തിൽ കേസ് തീർപ്പ് കൽപ്പിച്ചത് 17 എണ്ണവും ഭാരതീയ നാഗരിക് സുരക്ഷ സൻഹിത സെക്ഷൻ 320(8) പ്രകാരം തീർപ്പാക്കിയ 373 കേസുകളും ഹൈക്കോടതി ക്വാഷ് ചെയ്ത 17 കേസുകളുമാണ് എന്ന് റിപ്പോർട്ട് ക്രോഡീകരിച്ചതിൽ നിന്ന് മനസ്സിലാക്കുന്നു. 1552 കേസുകൾ ഇനിയും തീർപ്പാക്കപ്പെടേണ്ടതായി ഉണ്ടെന്ന് കാണപ്പെടുന്നു.

***തീർപ്പാക്കിയ കേസുകളുടെ വിശദാംശങ്ങളുടെ ഗ്രാഫ് ചുവടെ ചേർക്കുന്നു***

**ജെ.ജെ.ബി. പുറപ്പെടുവിച്ച ഉത്തരവുകളുടെ വിശദാംശങ്ങൾ**





2024-ൽ സംസ്ഥാനത്തെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കേസുകളിൽ 4 മാസത്തിനുള്ളിൽ വിചാരണ പൂർത്തീകരിച്ച് തീർപ്പാക്കിയ 683 കേസുകളിൽ തിരുവനന്തപുരം ജില്ലയിൽ 7 കേസുകളും, കൊല്ലം ജില്ലയിൽ 90 കേസുകളും, പത്തനംതിട്ട ജില്ലയിൽ 11 കേസുകളും, ആലപ്പുഴ ജില്ലയിൽ 24 കേസുകളും, കോട്ടയം ജില്ലയിൽ 41 കേസുകളും എറണാകുളം ജില്ലയിൽ 26 കേസുകളും, ഇടുക്കി ജില്ലയിൽ 38 കേസുകളും, തൃശൂർ ജില്ലയിൽ 28 കേസുകളും, പാലക്കാട് ജില്ലയിൽ 23 കേസുകളും, മലപ്പുറം ജില്ലയിൽ 237 കേസുകളും, കോഴിക്കോട് ജില്ലയിൽ 107 കേസുകളും, വയനാട് ജില്ലയിൽ 6 കേസുകളും കണ്ണൂർ ജില്ലയിൽ 38 കേസുകളും, കാസർഗോഡ് ജില്ലയിൽ 7 കേസുകളും നാല് മാസത്തിനുള്ളിൽ തീർപ്പാക്കിയിതായും, റിപ്പോർട്ടുകളിൽ നിന്നും മനസിലാക്കുന്നു. 6 മാസത്തിനുള്ളിൽ വിചാരണ പൂർത്തീകരിച്ച് തീർപ്പാക്കിയ 418 കേസുകളിൽ തിരുവനന്തപുരം ജില്ലയിൽ 7 കേസുകളും, കൊല്ലം ജില്ലയിൽ 132 കേസുകളും, പത്തനംതിട്ട ജില്ലയിൽ 15 കേസുകളും, ആലപ്പുഴ ജില്ലയിൽ 20 കേസുകളും, കോട്ടയം ജില്ലയിൽ 31 കേസുകളും, എറണാകുളം ജില്ലയിൽ 38 കേസുകളും ഇടുക്കി ജില്ലയിൽ 22 കേസുകളും, തൃശൂർ ജില്ലയിൽ 24 കേസുകളും, പാലക്കാട് ജില്ലയിൽ 25 കേസുകളും, മലപ്പുറം ജില്ലയിൽ 64 കേസുകളും, കോഴിക്കോട് ജില്ലയിൽ 26 കേസുകളും, വയനാട് ജില്ലയിൽ 5 കേസുകളും കണ്ണൂർ ജില്ലയിൽ 3 കേസുകളും, കാസർഗോഡ് ജില്ലയിൽ 6 കേസുകളും വിചാരണ പൂർത്തിയാക്കിയതായി റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നു. കൂടാതെ 6 മാസത്തിനു മുകളിൽ വിചാരണ പൂർത്തീകരിച്ച് തീർപ്പാക്കിയ 901 കേസുകളിൽ ജില്ലാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ 20 കേസുകളും, കൊല്ലം ജില്ലയിൽ 25 കേസുകളും, പത്തനംതിട്ട ജില്ലയിൽ 90 കേസുകളും, ആലപ്പുഴ ജില്ലയിൽ 138 കേസുകളും, കോട്ടയം ജില്ലയിൽ 62 കേസുകളും, ഇടുക്കി ജില്ലയിൽ 30 കേസുകളും, എറണാകുളം ജില്ലയിൽ

98 കേസുകളും തൃശൂർ ജില്ലയിൽ 116 കേസുകളും, പാലക്കാട് ജില്ലയിൽ 21 കേസുകളും, കോഴിക്കോട് ജില്ലയിൽ 107 കേസുകളും, മലപ്പുറം ജില്ലയിൽ 129 കേസുകളും, വയനാട് ജില്ലയിൽ 37 കേസുകളും കണ്ണൂർ ജില്ലയിൽ 4 കേസുകളും, കാസർഗോഡ് ജില്ലയിൽ 23 കേസുകളും തീർപ്പാക്കിയതായി റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ജില്ല* | *4 മാസത്തിനുള്ളിൽ* | *6 മാസത്തിനുള്ളിൽ* | *6 മാസത്തിനു മുകളിൽ* |
|---|---|---|---|
| തിരുവനന്തപുരം | 7 | 7 | 20 |
| കൊല്ലം | 90 | 132 | 25 |
| പത്തനംതിട്ട | 11 | 15 | 90 |
| ആലപ്പുഴ | 24 | 20 | 138 |
| കോട്ടയം | 41 | 31 | 62 |
| ഇടുക്കി | 38 | 22 | 30 |
| എറണാകുളം | 26 | 38 | 98 |
| തൃശ്ശൂർ | 28 | 24 | 116 |
| പാലക്കാട് | 23 | 25 | 21 |
| മലപ്പുറം | 237 | 64 | 129 |
| കോഴിക്കോട് | 107 | 26 | 107 |
| വയനാട് | 6 | 5 | 38 |
| കണ്ണൂർ | 38 | 3 | 4 |
| കാസർഗോഡ് | 7 | 6 | 23 |
| ***ആകെ*** | **683** | **418** | **901** |

2024-ൽ സംസ്ഥാനത്ത് നിയമവുമായി പൊരുത്തപ്പെടാതെ ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കിയ 2220 കുട്ടികളുടെ കേസുകളിൽ സോഷ്യൽ ഇൻവേസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത് 473 കേസുകളിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

***ജെ.ജെ.ബി. കൈകാര്യം ചെയ്ത കേസുകളുടെ എണ്ണവും***
***15 ദിവസത്തിനകം സമർപ്പിച്ച സാമൂഹിക പശ്ചാത്തല റിപ്പോർട്ട്***



മേൽ സൂചിപ്പിച്ചത് പ്രകാരം കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ഒരു സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പോലും സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല എന്ന് മനസ്സിലാകുന്നു. തിരുവനന്തപുരം ജില്ലയിലെ ആകെയുള്ള 167 കേസുകളിൽ മുൻവർഷങ്ങളിലെ കേസുകൾ ഉൾപ്പെടെ 190 എണ്ണത്തിനും, പത്തനംതിട്ട ജില്ലയിലെ ആകെയുള്ള 116 കേസുകളിൽ 22 എണ്ണത്തിനും, കോട്ടയം ജില്ലയിലെ ആകെയുള്ള 135 കേസുകളിൽ 6 എണ്ണത്തിനും, ഇടുക്കി ജില്ലയിലെ ആകെയുള്ള 90 കേസുകളിൽ 49 എണ്ണത്തിനും, മലപ്പുറം ജില്ലയിലെ ആകെയുള്ള 365 കേസുകളിൽ 140 എണ്ണത്തിനും വയനാട് ജില്ലയിലെ ആകെയുള്ള 53 കേസുകളിൽ 30 എണ്ണത്തിനും കണ്ണൂർ ജില്ലയിൽ ആകെയുള്ള 123 കേസുകളിൽ 24 എണ്ണത്തിനും, കാസർഗോഡ് ജില്ലയിൽ ആകെയുള്ള 102 കേസുകളിൽ 42 എണ്ണത്തിനും മാത്രമാണ് സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിച്ചത്.

## ആർ.റ്റി.ഇ., പോക്സോ, ജെ.ജെ. കർത്തവ്യവാഹകരുടെ സംസ്ഥാനതല കൂടിയാലോചനായോഗം സംഘടിപ്പിച്ചു

ആർ.റ്റി.ഇ., പോക്സോ, ജെ.ജെ. നിയമ നടത്തിപ്പിന്റെയും നിരീക്ഷണത്തിന്റെയും ഭാഗമായി ജില്ലാതല കർത്തവ്യവാഹകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും സംസ്ഥാനതലത്തിലുള്ള വിലയിരുത്തൽ നടത്തുന്നതിനും വേണ്ടി കമ്മീഷൻ പ്രസ്തുത നിയമങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർത്തവ്യവാഹകരെ ഉൾപ്പെടുത്തിയുള്ള സംസ്ഥാനതല അവലോകന യോഗം 2024 ഓഗസ്റ്റ് 30-ാം തീയതി വെള്ളയമ്പലം ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ വെച്ച് സംഘടിപ്പിച്ചു. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി യോഗത്തിന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ്കുമാർ യോഗത്തിൽ അധ്യക്ഷനായി. കമ്മീഷൻ മെമ്പർമാരായ ശ്രീമതി എൻ. സുനന്ദ, ശ്രീമതി ടി. സി. ജലജമോൾ, ശ്രീമതി സിസിലി ജോസഫ്, ഡോ. വിൽസൺ എഫ്., ശ്രീ. കെ. കെ. ഷാജു, ശ്രീ. ബി. മോഹൻ കുമാർ, കമ്മീഷൻ സെക്രട്ടറി ശ്രീമതി ഷൈനി ജോർജ്ജ്, വിവിധ വകുപ്പു മേധാവികൾ, കമ്മീഷൻ ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.




ആർ.റ്റി.ഇ. ആക്റ്റിലെ 31-ാം വകുപ്പ് പ്രകാരം സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം സംബന്ധിച്ച നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനുള്ള അധികാരം ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്. കമ്മീഷനിൽ ലഭ്യമായ പരാതികളുടെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുള്ള നിയമനടപടികൾ ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ ഭാഗത്തുനിന്ന് ഉണ്ടാവുന്നുണ്ടെങ്കിലും കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങളും അവകാശലംഘനങ്ങളും ദിനംപ്രതി വർദ്ധിച്ചുവരുന്നു. കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങളുടെ വർദ്ധനവ് ഭയാനകമാണെന്നും പോക്സോ ആക്റ്റ് അതിജീവിതയ്ക്ക് സംരക്ഷണം നൽകുന്നുണ്ടെങ്കിലും ഇതിന്റെ ഫലം ഉറപ്പാക്കുവാൻ എല്ലാതലങ്ങളിലും തുടർച്ചയായ സംവാദങ്ങളും, വിശകലനങ്ങളും, അഭിപ്രായ രൂപീകരണവും ആവശ്യമാണ്. ജെ.ജെ. ആക്റ്റ് 2015, മാതൃകാചട്ടം 2016 പ്രകാരം ഡിസ്ട്രിക്റ്റ് ജുവനൈൽ ജസ്റ്റിസ് കമ്മിറ്റി, ഡിസ്ട്രിക്ട് ജുവനൈൽ ജസ്റ്റിസ് ബോർഡ്, സി.ഡബ്ല്യൂ.സി., ഡി.സി.പി.യു., സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ചൈൽഡ് ഹെൽപ്പ് ലൈൻ, കൂടാതെ ബാലസംരക്ഷണ സമിതികൾ എന്നീ സംവിധാനങ്ങൾ ബാലാവകാശങ്ങൾ ഫലപ്രദമായി സംരക്ഷിക്കേണ്ടതിന്റെ പ്രസക്തി യോഗം ചർച്ച ചെയ്തു. ബാലാവകാശ നിഷേധങ്ങളിൽ ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ കുട്ടികൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും, ബന്ധപ്പെട്ട ഓരോ കർത്തവ്യവാഹകരും വഹിക്കേണ്ട ജെ.ജെ. മാതൃകാചട്ടപ്രകാരം നിക്ഷിപ്തമായിരിക്കുന്ന ചുമതലകളെപ്പറ്റി ബോധവാന്മാരായിരിക്കുവാനും, ശിശുസൗഹാർദ്ദ പരമായും നിയമപരമായും അവ നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കുട്ടികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകർ നേരിടുന്ന പ്രശ്നങ്ങളും, മുന്നോട്ടുവയ്ക്കാനുള്ള വിഷയങ്ങളും കമ്മീഷൻ മുമ്പാകെ

അവതരിപ്പിക്കുവാനും, അവ സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കി, പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടിയാണ് അവലോകനയോഗം സംസ്ഥാനതലത്തിൽ സംഘടിപ്പിച്ചത്. പ്രസ്തുത ആക്റ്റുകളുടെ കൃത്യമായ നടത്തിപ്പിനും കുട്ടികൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ സംബന്ധിച്ചും ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചന യോഗം നടത്തുകയും റിപ്പോർട്ടും ശുപാർശകളും വകുപ്പുകളിലേക്ക് തുടർ നടപടികൾക്കായി കമ്മീഷൻ സമർപ്പിച്ചു.

***കർത്തവ്യവാഹകരുടെ ജില്ലാതല അവലോകന യോഗം***

ബാലാവകാശ സംരക്ഷണ കമ്മീഷന്റെ 3-1-2025-ൽ ചേർന്ന നാലാം കമ്മീഷന്റെ പതിനേഴാമത് യോഗതീരുമാനപ്രകാരം, കേരളത്തിലെ 14 ജില്ലകളിലും ആർ.റ്റി.ഇ., പോക്സോ, ജെ.ജെ. എന്നീ നിയമങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ അവലോകനയോഗം സംഘടിപ്പിക്കാൻ തീരുമാനിച്ചു. ചൈൽഡ് വെൽഫെയർ കമ്മിറ്റി, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ്, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശുസംരക്ഷണ യൂണിറ്റ്, ശിശുസംരക്ഷണ സ്ഥാപനങ്ങൾ, എക്സൈസ്, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, പോലീസ്, സംയോജിത ശിശുസംരക്ഷണ പദ്ധതി, ചൈൽഡ് വെൽഫെയർ സൊസൈറ്റി തുടങ്ങിയ വകുപ്പുകളിൽ നിന്നുള്ള വിവരശേഖരണം നടത്തുകയുണ്ടായി.

ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ.വി.മനോജ് കുമാർ, കമ്മീഷൻ അംഗങ്ങളായ ശ്രീമതി എൻ.സുനന്ദ, ശ്രീമതി ജലജാമോൾ റ്റി.സി., ശ്രീമതി സിസിലി ജോസഫ്, ഡോ. വിൽസൺ എഫ്., ശ്രീ. മോഹൻകുമാർ ബി., ശ്രീ. കെ. കെ. ഷാജു എന്നിവർ ഈ അവലോകന യോഗങ്ങൾക്ക് നേതൃത്വം നൽകി. അഡീഷണൽ ജില്ലാ കളക്ടർമാർ, ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ഉദ്യോഗസ്ഥർ, ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങൾ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റിലെ അംഗങ്ങൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ്, ജില്ലാ ശിശു സംരക്ഷണ യൂണിറ്റ്, ചൈൽഡ് ഹെൽപ് ലൈൻ, ശിശുസംരക്ഷണ സ്ഥാപന സൂപ്രണ്ടുമാർ, വിദ്യാഭ്യാസ വകുപ്പ്, ലേബർ ഓഫീസർമാർ, ട്രൈബൽ ഓഫീസർമാർ, എക്സൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, സാമൂഹിക നീതി വകുപ്പ് ഓഫീസ്, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾ,തദ്ദേശ സ്വയംഭരണ വകുപ്പ് മറ്റ് കർത്തവ്യവാഹകർ എന്നിവർ അതാത് ജില്ലകളിൽ അവലോകനയോഗത്തിൽ പങ്കെടുക്കുകയും ചെയ്തു. ആർ.റ്റി.ഇ., പോക്സോ, ജെ.ജെ. ആക്റ്റുകളുടെ കൃത്യമായ നടത്തിപ്പ് ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ ഓരോ ഘട്ടത്തിലുമുള്ള കർത്തവ്യവാഹകരുടെ കൂട്ടായ ചർച്ചയും വിശകലനവും അഭിപ്രായ രൂപീകരണവും അനിവാര്യമാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിയമങ്ങളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിൽ ഏകോപിപ്പിച്ച് തുടർപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 14 ജില്ലകളിലെയും ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ അവലോകനയോഗങ്ങൾ സംഘടിപ്പിച്ചത്.

ആർ.റ്റി.ഇ., പോക്സോ, ജെ.ജെ.-യുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ജില്ലാതലത്തിൽ കർത്തവ്യവാഹകർ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രസ്തുത നിയമങ്ങളുടെ സുഗമമായ നടത്തിപ്പിനും, അതിജീവിതരായ കുട്ടികൾക്ക് കാലതാമസം കൂടാതെ നീതി ഉറപ്പാക്കുന്നതിനും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും കൃത്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ ജില്ലകളിലെയും കർത്തവ്യവാഹകരുടെ അവലോകന യോഗങ്ങൾ 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ സംഘടിപ്പിച്ചു. കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ കർത്തവ്യവാഹകർ നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ചർച്ച ചെയ്യുകയും ആയത് പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു.

| *നമ്പർ* | *ജില്ല* | *സ്ഥലം* | *തീയതി* |
|---|---|---|---|
| 1 | തിരുവനന്തപുരം | വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ് കോൺഫറൻസ് ഹാൾ | 20-1-2025 |
| 2 | കൊല്ലം | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 27-2-2025 |
| 3 | പത്തനംതിട്ട | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 24-1-2025 |
| 4 | ആലപ്പുഴ | ഗവ. ഗസ്റ്റ് ഹൗസ് | 22-1-2025 |
| 5 | കോട്ടയം | കളക്ടറേറ്റ് തൂലിക കോൺഫറൻസ് ഹാൾ | 23-1-2025 |
| 6 | ഇടുക്കി | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 14-2-2025 |
| 7 | എറണാകുളം | ഗവ. ഗസ്റ്റ് ഹൗസ് | 21-1-2025 |
| 8 | തൃശ്ശൂർ | കളക്ടറേറ്റ് അനക്സ് ഹാൾ | 25-1-2025 |
| 9 | പാലക്കാട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 6-2-2025 |
| 10 | മലപ്പുറം | KSTA ഹാൾ | 23-1-2025 |
| 11 | കോഴിക്കോട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 30-1-2025 |
| 12 | വയനാട് | കളക്ടറേറ്റ് കോൺഫറൻസ് ഹാൾ | 22-1-2025 |
| 13 | കണ്ണൂർ | കളക്ടറേറ്റ് ഓഡിറ്റോറിയം | 28-1-2025 |
| 14 | കാസർഗോഡ് | പി.ആർ.ഡി. കളക്ടറേറ്റ് കോമ്പൗണ്ട് | 13-2-2025 |

## പബ്ലിക് റിലേഷൻസ്

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിലെ പബ്ലിക് റിലേഷൻസ് വിഭാഗം മികവാർന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കമ്മീഷന്റെ പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിക്കുന്നതിനും, പൊതുജനാഭിപ്രായങ്ങളും മാധ്യമവാർത്തകളും ക്രോഡീകരിച്ച് ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്ന

തിനും പബ്ലിക് റിലേഷൻസ് വിഭാഗത്തിന് സാധിച്ചിട്ടുണ്ട്. ബാലാവകാശ ലംഘനങ്ങളും പിഴവുകളും സംബന്ധിച്ച മാധ്യമവാർത്തകൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതും കമ്മീഷൻ സ്വീകരിക്കുന്ന നടപടികൾ പത്രക്കുറിപ്പുകളായും സോഷ്യൽ മീഡിയയിലൂടെയും ഫോണിലൂടെയും പൊതുജനങ്ങളെയും മാധ്യമങ്ങളെയും അറിയിക്കുന്നത് കമ്മീഷനിലെ പബ്ലിക് റിലേഷൻസ് വിഭാഗമാണ്.

### *മാധ്യമങ്ങൾക്ക് നൽകിയ വാർത്തകൾ*

കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള പ്രധാന ഉത്തരവുകൾ, കമ്മീഷൻ നടത്തിയ സിറ്റിങ്ങുകൾ, സന്ദർശനങ്ങൾ, കമ്മീഷൻ സ്വമേധയ നടപടി സ്വീകരിച്ചവ, കമ്മീഷന്റെ വിവിധ പരിപാടികൾ, കൂടിയാലോചനായോഗങ്ങൾ, വിവിധ ഏജൻസികൾ നൽകിയ നടപടി റിപ്പോർട്ടുകൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ 2024 ഏപ്രിൽ ഒന്നു മുതൽ 2025 മാർച്ച് വരെ പത്രക്കുറിപ്പുകളും ചിത്രങ്ങളും നൽകിയിട്ടുണ്ട്. മാധ്യമങ്ങളിലൂടെ മികച്ച പ്രചാരമാണ് കമ്മീഷന്റെ വാർത്താക്കുറിപ്പുകൾക്ക് ലഭിക്കുന്നത്. ബാലസൗഹൃദ കേരളം ലക്ഷ്യമിട്ട് കമ്മീഷൻ നിർമ്മിച്ച പരസ്യ ചിത്രം ക്യൂബ് സിനിമ നെറ്റ്‌വർക്ക്, യു.എഫ്.ഒ. സിനി മീഡിയ നെറ്റ്‌വർക്ക് എന്നിവ വഴി 200 തീയേറ്ററുകളിൽ പ്രദർശിപ്പിച്ചു.

### *വിവിധ പരിപാടികളുടെ ഫണ്ട് വിനിയോഗം, കണക്കുകൾ ക്രമീകരിക്കൽ*

ശിശു കേന്ദ്രീകൃത ദുരന്തനിവാരണം, കൂടിയാലോചനായോഗം, ജെ.ജെ./പോക്സോ/ ആർ.റ്റി.ഇ. കർത്തവ്യവാഹകരുടെ സംസ്ഥാനതല ബാലവേല-ബാലവിവാഹ മുക്ത സംസ്ഥാനം കൂടിയാലോചനാ യോഗം, കുടുംബശ്രീ പ്രവർത്തകർക്കുള്ള പരിശീലനം, കുട്ടികളുടെ അവകാശവുമായി ബന്ധപ്പെട്ട പരസ്യചിത്ര പ്രദർശനം, കുടുംബശ്രീ പ്രവർത്തകർക്കുള്ള പരിശീലനം, ഇന്റർനെറ്റ് റേഡിയോ പദ്ധതി, ജില്ലകളിലെ ക്യാമ്പ് സിറ്റിങ്, പോക്സോ നിയമം, മെഡിക്കോ ലീഗൽ പ്രോട്ടോകോൾ - മേഖലാതല പരിശീലനം, ശിശുദിനവാരാഘോഷം, ബാലനീതി, പോക്സോ, ആർ.റ്റി.ഇ. കർത്തവ്യവാഹകരുടെ അവലോകന യോഗം, ചിൽഡ്രൻസ് കോൺക്ലേവ് 2025, ഡിജിറ്റൽ യുഗത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ യുണീസെഫുമായി സഹകരിച്ച് കമ്മീഷൻ സംഘടിപ്പിച്ച സംസ്ഥാനതല കൺസൾട്ടേഷൻ, യുണീസെഫുമായി സഹകരിച്ച് കമ്മീഷൻ സംഘടിപ്പിച്ച നിയമസഭാസാമാജികരുടെയും നയരൂപീകരണത്തെ സ്വാധീനിക്കുന്നവരുടെയും സംസ്ഥാനതല കൂടിയാലോചനായോഗം, "സന്തോഷകരമായ ഗർഭധാരണവും മാതൃ മാനസികാരോഗ്യവും" എന്ന വിഷയം സംബന്ധിച്ച് യുണീസെഫുമായി സഹകരിച്ച് കമ്മീഷൻ സംഘടിപ്പിച്ച സംസ്ഥാനതല കൂടിയാലോചനായോഗം, കുട്ടികളുടെ പ്രശ്നങ്ങളും കുടുംബകോടതി സാഹചര്യങ്ങളും പഠന റിപ്പോർട്ട്, വാർഷിക റിപ്പോർട്ട് 2023-24 ബാലസൗഹൃദ രക്ഷാകർതൃത്വം – പരിശീലകർക്കായുള്ള കൈപ്പുസ്തകം എന്നിവ പ്രസിദ്ധീകരിച്ചു. വിവരാവകാശ ആക്റ്റ് പ്രകാരം ലഭിച്ച 156 അപേക്ഷകൾ സമയബന്ധിതമായി പരിഗണിക്കുകയും തീർപ്പാക്കുകയും ചെയ്തു.

## കമ്മീഷൻ സംഘടിപ്പിച്ച മറ്റുപരിപാടികൾ

### *"ഡിജിറ്റൽ യുഗത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക്" — സംസ്ഥാനതല ശില്പശാല*

കുട്ടികളുടെ മൗലികാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനായി, അവരുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഴത്തിൽ അവലോകനം ചെയ്യുന്നതിനും, മാറുന്ന സാമൂഹ്യ സാഹചര്യങ്ങൾ പരിഗണിച്ച് പുതിയ മാധ്യമ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതും റിപ്പോർട്ടിങ്ങിൽ കുട്ടികളുടെ അവകാശങ്ങളെ പ്രോൽസാഹിപ്പിക്കുന്ന രീതിയിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിനുമായി കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ യൂണിസെഫിന്റെ സഹകരണ ത്തോടെ "ഡിജിറ്റൽ യുഗത്തിൽ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക്" എന്ന വിഷയത്തിൽ സംസ്ഥാനതല ശില്പശാല 2024 സെപ്റ്റംബർ 24-ന് സംഘടിപ്പിക്കുകയുണ്ടായി. ബഹു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ശ്രീ. ജി. ആർ. അനിൽ ഉദ്ഘാടന കർമ്മം നിർവഹിച്ചു.




ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ്കുമാർ അധ്യക്ഷത വഹിച്ചു. യൂണിസെഫ് ചീഫ് ഓഫ് സോഷ്യൽ പോളിസി ശ്രീ. കെ. ഐ. റാവു മുഖ്യ പ്രഭാഷണം നടത്തി. വനിതാശിശു വികസന വകുപ്പ് ഡയറക്ടർ ശ്രീമതി ഹരിത വി. കുമാർ മുഖ്യാതിഥി ആയിരുന്നു. ബഹു. കമ്മീഷൻ മെമ്പർമാരായ ശ്രീമതി എൻ. സുനന്ദ, ഡോ. വിൽസൺ എഫ്., ശ്രീ. കെ. കെ. ഷാജു, ശ്രീ. മോഹൻകുമാർ ബി., സെക്രട്ടറി ശ്രീമതി ഷൈനി ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. ചലച്ചിത്ര സംവിധായകൻ ശ്രീ. ഷാജി എൻ. കരുൺ, മുഖ്യമന്ത്രിയുടെ പ്രസ്സ് സെക്രട്ടറി ശ്രീ. പി. എം. മനോജ്, ശ്രീ. കെ. കെ. സുബൈർ അരിക്കുളം എന്നിവർ ചർച്ചയ്ക്ക് നേതൃത്വം നൽകി. കമ്മീഷൻ ഉദ്യോഗസ്ഥർ വിവിധ മാധ്യമ സ്ഥാപനങ്ങളിലെ മുതിർന്ന പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

### *നിയമസഭാ സാമാജികരുടെയും നയരൂപീകരണത്തെ സ്വാധീനിക്കുന്നവരുടെയും സംസ്ഥാനതല കൂടിയാലോചനായോഗം*

കേരളത്തിലെ ഓരോ കുട്ടിയുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അത്തരം സമീപനങ്ങളെ പ്രോത്സാഹിപ്പിക്കാനും 2024 ഒക്ടോബർ 23-ന് തിരുവനന്തപുരം ഹോട്ടൽ വിവാന്തയിൽ വച്ച് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും യൂണിസെഫും സംയുക്തമായി ബാലാവകാശ സംരക്ഷണം സംബന്ധിച്ച നിയമസഭാ സാമാജികരുടെയും നയരൂപീകരണത്തെ സ്വാധീനിക്കുന്നവരുടെയും സംസ്ഥാനതല കൂടിയാലോചനായോഗം സംഘടിപ്പിച്ചു. വൈവിധ്യവും വൈദഗ്ധ്യവുമായ വിവരങ്ങൾ ശേഖരിക്കുന്നതിലൂടെ, കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി കൂടുതൽ ഫലപ്രദമായ ഒരു ചട്ടക്കൂട് സൃഷ്ടിക്കാൻ ബാലാവകാശ സംരക്ഷണ കമ്മീഷനും യൂണിസെഫും ലക്ഷ്യമിടുന്നു. പ്രാദേശിക സർക്കാരുകൾ കുട്ടികളുടെ ക്ഷേമം, വിദ്യാഭ്യാസം, വികസനം, ആരോഗ്യം, സംരക്ഷണം, പങ്കാളിത്തം ഉൾപ്പെടെയുള്ള അവകാശങ്ങൾ, ആവശ്യങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നുവെന്ന് ഉറപ്പാക്കുകയും തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ അവരെ സജീവമായി ഉൾപ്പെടുത്തുകയും ചെയ്യുക വഴി അവരുടെ താല്പര്യങ്ങൾ പരിഗണിക്കുകയും അനിവാര്യമായവ നിറവേറ്റപ്പെടുകയും ചെയ്യുന്ന ഒരു ശിശു സൗഹൃദ ഭരണ മാതൃക ഉറപ്പാക്കുക എന്നതാണ് കമ്മീഷന്റെ ലക്ഷ്യം. ബഹു. ടൂറിസം വകുപ്പ് മന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് യോഗത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.



പരിപാടിയിൽ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ മുഖ്യാതിഥി ആയിരുന്നു. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ്കുമാർ അധ്യക്ഷത വഹിച്ച യോഗത്തിൽ കമ്മീഷൻ അംഗം ഡോ. എഫ്. വിൽസൺ ഏവരെയും സ്വാഗതം ചെയ്തു. നിയമസഭയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമകാര്യ കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി യു. പ്രതിഭ എം.എൽ.എ. മുഖ്യ പ്രഭാഷണവും യൂണിസെഫ് ചീഫ് ഓഫ് സോഷ്യൽ പോളിസി ശ്രീ. കെ. എൽ. റാവു ആമുഖ പ്രഭാഷണവും നടത്തി. ചർച്ചയിൽ കമ്മീഷൻ അംഗം ശ്രീ. കെ. കെ. ഷാജു മോഡറേറ്റർ ആയിരുന്നു. കമ്മീഷൻ മെമ്പർമാരായ ശ്രീമതി എൻ. സുനന്ദ, ശ്രീമതി ടി. സി. ജലജമോൾ, ശ്രീ. മോഹൻ കുമാർ ബി., നിയമസഭാ സാമാജികർ, നയരൂപകർ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ, ബാലാവകാശ പ്രവർത്തകർ, വിദ്യാഭ്യാസ വിദഗ്ദ്ധർ, സാമൂഹ്യപ്രവർത്തകർ, സമൂഹത്തെ സ്വാധീനിക്കുന്നവർ, വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അദ്ധ്യാപകർ, കമ്മീഷൻ ഉദ്യോഗസ്ഥർ എന്നിവരും യോഗത്തിൽ പങ്കെടുത്തു. യോഗത്തിൽ കമ്മീഷൻ സെക്രട്ടറി ശ്രീമതി ഷൈനി ജോർജ്ജ് നന്ദി അർപ്പിച്ചു. ഉജ്ജ്വല ബാല്യ പുരസ്ക്കാര ജേതാക്കളായ യാസീന്റെയും സിദ്ധിവിനായകന്റെയും കലാപ്രകടനങ്ങൾക്കും യോഗം വേദിയായി.

### *കുട്ടികളുടെ സ്വകാര്യതയുടെ സംരക്ഷണം — മാധ്യമങ്ങൾ റിപ്പോർട്ടിംഗ് രംഗത്ത് പുലർത്തേണ്ട കാര്യങ്ങൾ — മാർഗ്ഗ നിർദ്ദേശങ്ങൾ അന്തിമമാക്കുന്നതുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച കൂടിയാലോചനായോഗം*

നിലവിലുള്ള നിയമചട്ടക്കൂടിനെ അടിസ്ഥാനമാക്കി കുട്ടികളെ സംബന്ധിച്ച വിഷയങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള മികച്ച മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനായി ബാലാവകാശ സംരക്ഷണ കമ്മീഷൻ, യൂണിസെഫിന്റെ സഹകരണത്തോടെ കൂടിയാലോചനായോഗം സംഘടിപ്പിക്കുകയുണ്ടായി. ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ് കുമാർ അദ്ധ്യക്ഷനായി, മെമ്പർമാരായ ശ്രീ. കെ. കെ. ഷാജു, ഡോ. എഫ്. വിൽസൺ, യൂണിസെഫ് കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ് (കേരള, തമിഴ്നാട്) ശ്രീ. സാം സുധീർ ബണ്ടി, കേരള കെമിക്കൽ എക്സാമിനേഷൻ ലാബ് അഡ്മിനിസട്രേറ്റീവ് ഓഫീസർ ശ്രീ. കെ. കെ. സുബൈർ, സൈക്യാട്രിസ്റ്റ് ഡോ. മോഹൻ റോയ്, മാതൃഭൂമി എക്സിക്യൂട്ടീവ് എഡിറ്റർ ശ്രീ. രാജീവ് ദേവരാജ്, ബാലാവകാശ കമ്മീഷൻ രജിസ്ട്രാർ ശ്രീമതി മിനി ഭാസ്കർ എന്നിവർ പങ്കെടുത്തു.

കുട്ടികളുടെ അവകാശ സംരക്ഷണത്തോടൊപ്പം നിയമവിരുദ്ധ പ്രവർത്തനങ്ങളിൽപെട്ട കുട്ടികളുടെയും (CCL), ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികളുടെയും (CNCP) സ്വകാര്യത സംരക്ഷിക്കുന്നതിന് അനുയോജ്യമായ മാധ്യമ മാർഗ്ഗരേഖ (കരട്) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തയ്യാറാക്കി. ഐക്യ രാഷ്ട്ര സഭയുടെ ബാലാവകാശ ഉടമ്പടി (UNCRC), വിവിധ അന്തർദേശീയ-ദേശീയ നിയമങ്ങൾ, സുപ്രീം കോടതി വിധികൾ, ദേശീയ-സംസ്ഥാന ബാലാവകാശ കമ്മീഷനുകൾ, NBDA, UNESCO, UNICEF തുടങ്ങിവയുടെ മാർഗ്ഗനിർദ്ദേശങ്ങൾ, മന്ത്രാലയങ്ങളുടെ നയങ്ങൾ എന്നിവയും കേരളത്തിന്റെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങളും പരിഗണിച്ചാണ് ഈ മാർഗ്ഗരേഖ തയ്യാറാക്കിയത്.

***സന്തോഷകരമായ ഗർഭധാരണവും മാതൃ മാനസികാരോഗ്യവും സംസ്ഥാനതല കൂടിയാലോചനായോഗം സംഘടിപ്പിച്ചു***

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും യൂണിസെഫും സന്തോഷകരമായ ഗർഭധാരണവും മാതൃ മാനസികാരോഗ്യവും എന്ന വിഷയത്തിൽ സംസ്ഥാനതല കൂടിയാലോചനായോഗം 2025 മാർച്ച് 26-ന് തിരുവനന്തപുരം ഹോട്ടൽ വിവാന്തയിൽ വച്ച് നടത്തി. പ്രസ്തുത കൂടിയാലോചനായോഗത്തിന്റെ ഉത്ഘാടനം ബഹു. ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ ശ്രീ. കെ. വി. മനോജ് കുമാർ നിർവ്വഹിച്ചു.




ഗർഭകാലത്ത് സന്തോഷകരമായ മാനസികാരോഗ്യ അനുഭവം അമ്മയുടേയും കുഞ്ഞിന്റെയും ആരോഗ്യത്തിന് അത്യാവശ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സന്തോഷകരമായ ഗർഭധാരണവും മാതൃ മാനസികാരോഗ്യവും എന്ന വിഷയവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ പരിശോധിക്കുക എന്നതാണ് കൂടിയാലോചനായോഗം ലക്ഷ്യമിടുന്നത്. കേരളത്തിലെ ആരോഗ്യ സേവനങ്ങൾ മാതൃകാപരമാണെങ്കിലും മാതൃ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ആരോഗ്യ സംരക്ഷകർക്കിടയിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഗർഭകാലത്തെ മാനസികാരോഗ്യ പ്രശ്നങ്ങൾ കുട്ടിയുടെ ശാരീരിക മാനസിക വികാസത്തെ ബാധിച്ചേക്കാം. മാതൃ മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെ കുറിച്ചും ഗർഭകാലഘട്ടത്തിലും ഗർഭാനന്തരവും കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വം സംബന്ധിച്ചും ആരോഗ്യ സംരക്ഷകരിൽ അവബോധം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ഗർഭിണികൾക്ക് മാനസികാരോഗ്യ ആശങ്കകൾ ചർച്ച ചെയ്യാൻ കഴിയുന്ന സുരക്ഷിതവും പിന്തുണയുള്ളതുമായ ഒരു അന്തരീക്ഷം വളർത്തിയെടുക്കേണ്ടതുണ്ട്. സാമൂഹിക സാമ്പത്തിക

സാഹചര്യങ്ങൾ കാരണം 15 ശതമാനത്തോളം ഗർഭിണികൾ സംസ്ഥാനത്ത് പ്രതിസന്ധികൾ നേരിടുന്നുണ്ടെന്നാണ് കണക്ക്. കൂടാതെ ശരിയായ പരിചരണത്തിനും രക്ഷാകർതൃത്വത്തിനും വേണ്ടി അമ്മമാരെ ബോധവൽക്കരിക്കേണ്ടതും ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. റീന കെ. ജെ. മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ യൂണിസെഫ് പ്രതിനിധി ശ്രീ. കൗഷിക് ഗാംഗുലി വിഷയാവതരണം നടത്തി. കമ്മീഷൻ അംഗം ശ്രീ. മോഹൻ കുമാർ ബി. അധ്യക്ഷനായി, ശ്രീ. കെ. കെ. ഷാജു സ്വാഗതവും ഡോ. എഫ്. വിൽസൺ നന്ദിയും പറഞ്ഞു. ഐ.എ.പി. പ്രസിഡന്റ് ഡോ. റിയാസ് ശിശുപരിചരണവും ഉത്തരവാദിത്വ രക്ഷാകർതൃത്വവും എന്ന വിഷയവും ഗൈനക്കോളജിസ്റ്റ് ഡോ. എൻ. ആർ. റീന ഗർഭകാലഘട്ടത്തിലെ പരിചരണവും സംരക്ഷണവും സംബന്ധിച്ച കുടുംബാഗങ്ങൾക്കുള്ള ബോധവൽക്കരണം എന്ന വിഷയവും അവതരിപ്പിച്ചു. സൈക്യാട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. മോഹൻറോയ് ഗർഭസ്ഥരായ സ്ത്രീകളുടെ മാനസികാരോഗ്യം എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് പൊതു ചർച്ചയും അവലോകനവും നടന്നു. കമ്മീഷൻ അംഗങ്ങളായ ശ്രീമതി എൻ. സുനന്ദ, ശ്രീമതി സിസിലി ജോസഫ്, ശ്രീമതി ജലജമോൾ ടി.സി. എന്നിവർ മോഡറേറ്റർമാരായി. സർക്കാർ മേഖലയിലെ ഗൈനക്കോളജിസ്റ്റുകൾ, മാനസികരോഗ വിദഗ്ദ്ധർ, ശിശു രോഗ വിദഗ്ദ്ധർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

***വയനാട് ഉരുൾപ്പൊട്ടൽ ദുരന്തത്തിൽപെട്ടവർക്ക് പ്രണാമം അർപ്പിക്കുന്നതിന് കമ്മീഷൻ ചെയർപേഴ്സൺ-ന്റെ നേതൃത്വത്തിൽ തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ സംഘടിപ്പിച്ച ഓർമപ്പൂക്കൾ പരിപാടിയിൽ വിദ്യാർത്ഥികൾ ദീപം തെളിയിക്കുന്നു***



## വിവാഹമോചന കേസ്

### *കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും കുടുംബകോടതി സാഹചര്യങ്ങളും പഠന റിപ്പോർട്ട് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചു*



വിവാഹമോചനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കുടുംബ കോടതികളിൽ കേസ് ഫയൽ ചെയ്തിട്ടുള്ളവരുടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും കുടുംബ കോടതികളിലെ സാഹചര്യങ്ങൾ സംബന്ധിച്ചും ബാലാവകാശ കമ്മീഷൻ പഠനം നടത്തി. കേരളത്തിലെ 35 കുടുംബ കോടതി സാഹചര്യങ്ങൾ സംബന്ധിച്ച് വിവരവിശകലനം ചെയ്ത്, കണ്ടെത്തലുകളും ശിപാർശകളും ഉൾപ്പെടുന്ന ഗവേഷണ റിപ്പോർട്ടാണ് ബാലാവകാശ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചത്.

## ബഡ്ജറ്റും ധനകാര്യവും

കമ്മീഷന്റെ 2024-25 വർഷത്തെ പദ്ധതി പദ്ധതിയേതര വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

***കമ്മീഷന്റെ 2024-25 വർഷത്തെ പദ്ധതി പദ്ധതിയേതര വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:***

| വിഹിതവും ചെലവും | | | | |
|---|---|---|---|---|
| പദ്ധതിയേതര വിഹിതം | | | | |
| *നമ്പർ* | *ശീർഷകം* | *ബഡ്ജറ്റ് വിഹിതം* | *ബഡ്ജറ്റ് വിഹിതം* (Revised) | *ചെലവ്* |
| (എ) | 2235-02-102-53-01-ശമ്പളം | | | |
| | 1.ശമ്പളം | 1,75,23,000 | 1,82,39,000 | 1,75,23,664 |
| | 2. ക്ഷാമബത്ത | 21,03,000 | 17,12,000 | 17,27,378 |
| | 3. വീട്ടുവാടക അലവൻസ് | 17,52,000 | 13,85,000 | 14,79,565 |
| | 4. മെഡിക്കൽ റീ-ഇംമ്പേഴ്സ്മെന്റ് | 10,000 | 45,000 | 21,494 |
| | 5. മറ്റു അലവൻസുകൾ | 1,01,000 | 96,000 | 91,949 |
| (ബി) | 02-വേതനം | | | |
| | 1. വേതനം | 1,80,000 | 2,18,000 | 2,30,524 |
| | 2. ക്ഷാമബത്ത | 22,000 | 21,000 | 22,147 |
| | 3. മറ്റ് അലവൻസുകൾ | 13,000 | 19,000 | 18,640 |
| | 4. നിശ്ചിത വേതനം | 1,50,10,000 | 1,61,18,000 | 20,54,958 |
| | 5. ദിവസവേതനം | 6,13,000 | 10,67,000 | 10,42,665 |
| (സി) | 04. യാത്രാ ചെലവുകൾ | | | |
| | 1. യാത്രാ ബത്ത | 1,75,000 | 1,00,000 | 1,17,244 |
| | 4. അവധി യാത്രാ ആനുകൂല്യം | 25,000 | 60,000 | 60,000 |
| (ഡി) | 05-ഓഫീസ് ചെലവുകൾ | | | |
| | 1. വെള്ളക്കരം | 79,000 | 50,000 | 30,795 |
| | 2. വൈദ്യുതി ചെലവ് | 3,81,000 | 3,17,000 | 3,14,015 |
| | 3. ടെലിഫോൺ ചെലവ് | 2,02,000 | 60,000 | 51,076 |
| | 4. മറ്റിനങ്ങൾ | 16,36,000 | 14,52,000 | 14,47,869 |

| | | | | |
|---|---|---|---|---|
| (ഇ) | 06-വാടക, കരം, നികുതി | 12,00,000 | 11,88,000 | 11,87,352 |
| (എഫ്) | 21-മോട്ടോർ വാഹനങ്ങൾ | | | |
| | 2. സംരക്ഷണവും അറ്റകുറ്റപണികളും | 60,000 | 12,000 | .. |
| (ജി) | 34-മറ്റു ചെലവുകൾ | | | |
| | 3. മറ്റിനം | 2,86,000 | 4,83,000 | 4,76,913 |
| (എച്ച്) | 45-പി.ഒ.എൽ. | 1,72,000 | 10,000 | .. |
| (ഐ) | 93. ട്രേഡ് അപ്രന്റീസുകളുടെ സ്റ്റൈപന്റ് | 1,000 | 3,09,000 | 1,64,388 |
| (ജെ) | 97-വാഹനങ്ങളുടെ വാടക | 15,00,000 | 15,00,000 | 14,90,403 |
| പ്ലാൻ (പദ്ധതി വിഹിതം) | 2235-02-102-53-34-മറ്റ് ചെലവുകൾ | | | |
| | 3-മറ്റിനം | 2,25,00,000 | 70,00,000 | 96,66,341 |
| | 97-വാഹനങ്ങളുടെ വാടക | 15,00,000 | 15,00,000 | 14,89,701 |

ബഡ്ജറ്റ് വിഹിതം .. 2,40,00,000 (പ്ലാൻ) + 4,30,44,000 (നോൺ പ്ലാൻ)

.. 6,70,44,000

ആകെ ചെലവ് .. 1,11,56,042 (പ്ലാൻ) + 4,75,53,039 (നോൺ പ്ലാൻ)

.. 5,87,09,081

റിപ്പോർട്ട് കാലയളവിൽ കുട്ടികളുടെ ഉത്തമതാല്പര്യം മുൻനിർത്തി ബാലാവകാശ സംരക്ഷണത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുവാൻ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. തുടർ വർഷത്തിലും കാര്യക്ഷമവും ശക്തവുമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിയുമെന്ന ഉറച്ച വിശ്വാസവും പ്രതീക്ഷയുമാണ് കമ്മീഷനുള്ളത്.

(ഒപ്പ്)
സിസിലി ജോസഫ്
*കമ്മീഷൻ അംഗം*

(ഒപ്പ്)
ഡോ. വിൽസൺ എഫ്.
*കമ്മീഷൻ അംഗം*

(ഒപ്പ്)
കെ. കെ. ഷാജു
*കമ്മീഷൻ അംഗം*

(ഒപ്പ്)
മോഹൻകുമാർ ബി.
*കമ്മീഷൻ അംഗം*

(ഒപ്പ്)
സുനന്ദ
*കമ്മീഷൻ അംഗം*

(ഒപ്പ്)
ജലജമോൾ റ്റി. സി.
*കമ്മീഷൻ അംഗം*

(ഒപ്പ്)
കെ. വി. മനോജ് കുമാർ
*ചെയർപേഴ്സൺ.*

<u>അനുബന്ധം - 1</u>

***റിപ്പോർട്ട് കാലയളവിലെ (2024-2025) കമ്മീഷൻ ചെയർപേഴ്സന്റെയും അംഗങ്ങളുടെയും പേരുവിവരം***

| | | | |
|---|---|---|---|
| 1. | ശ്രീ. മനോജ് കുമാർ കെ. വി. | .. | ചെയർപേഴ്സൺ (18-8-2023 മുതൽ) |
| 2. | ശ്രീമതി എൻ. സുനന്ദ | .. | അംഗം (25-8-2022 മുതൽ) |
| 3. | ശ്രീമതി ജലജമോൾ റ്റി. സി. | .. | അംഗം (25-8-2022 മുതൽ) |
| 4. | ശ്രീമതി സിസിലി ജോസഫ് | .. | അംഗം (7-3-2024 മുതൽ) |
| 5. | ഡോ. വിൽസൺ എഫ്. | .. | അംഗം (7-3-2024 മുതൽ) |
| 6. | ശ്രീ. കെ. കെ. ഷാജു | .. | അംഗം (7-3-2024 മുതൽ) |
| 7. | ശ്രീ. മോഹൻ കുമാർ ബി. | .. | അംഗം (7-3-2024 മുതൽ) |

<u>അനുബന്ധം - 2</u>

***റിപ്പോർട്ട് കാലയളവിലെ (2024-2025) കമ്മീഷൻ സെക്രട്ടറിയുടേയും മറ്റു ഉദ്യോഗസ്ഥരുടെയും പേരുവിവരം***

**കമ്മീഷന്റെ സെക്രട്ടറി**

1. ശ്രീമതി ജയശ്രീ റ്റി. കെ. - (8-7-2022 മുതൽ 7-7-2024 വരെ)
2. ശ്രീമതി ഷൈനി ജോർജ്ജ് - (9-8-2024 മുതൽ)

**കമ്മീഷന്റെ രജിസ്ട്രാർ**

ശ്രീമതി മിനി ഭാസ്കർ എസ്. - (5-8-2022 മുതൽ)

**മറ്റ് ഉദ്യോഗസ്ഥരും ജീവനക്കാരും**

1. ശ്രീമതി സിമി എ. എസ്. - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (16-10-2021 മുതൽ 5-6-2024 വരെ)
2. ശ്രീ. ഗോവിന്ദരാജ് കെ. - അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (6-6-2024 മുതൽ)
3. ശ്രീമതി സബീഹ പി. എം. - ഫിനാൻസ് ഓഫീസർ (8-12-2023 മുതൽ 7-12-2024 വരെ)
4. ശ്രീമതി രജനിമോൾ പി. റ്റി. - ഫിനാൻസ് ഓഫീസർ (29-1-2025 മുതൽ)
5. ശ്രീ. ശ്യാം കുമാർ പി. - പി.ആർ.ഒ. (1-9-2021 മുതൽ)
6. ശ്രീമതി ടെസ്സി ജോസ് - സെക്ഷൻ ഓഫീസർ, ഭരണ വിഭാഗം (11-8-2022 മുതൽ 20-5-2024 വരെ)
7. ശ്രീമതി ശ്രീലേഖ സി. കെ. - സെക്ഷൻ ഓഫീസർ, ഭരണ വിഭാഗം (11-6-2024 മുതൽ)
8. ശ്രീ. പ്രവീൺ പി. - സെക്ഷൻ ഓഫീസർ, പൊതു വിഭാഗം (22-7-2022 മുതൽ)
9. ശ്രീമതി ഷീബ വി. എസ്. - സെക്ഷൻ ഓഫീസർ, നിയമ വിഭാഗം (11-8-2022 മുതൽ 20-5-2024 വരെ)
10. ശ്രീ. പ്രിയലാൽ എം. - സെക്ഷൻ ഓഫീസർ, നിയമ വിഭാഗം (22-8-2024 മുതൽ)
11. ശ്രീമതി മേരി റേയിച്ചൽ - സെക്ഷൻ ഓഫീസർ, നിയമ വിഭാഗം (5-4-2023 മുതൽ)
12. ശ്രീ. ശരത് എ. എസ്. - ലീഗൽ അസിസ്റ്റന്റ്-2 (6-5-2023 മുതൽ)
13. ശ്രീ. മനു ബി. - ലീഗൽ അസിസ്റ്റന്റ് -2 (21-12-2023 മുതൽ)
14. ശ്രീ. രോഹിത് എച്ച്. എൽ. - അക്കൗണ്ടന്റ് (20-12-2023 മുതൽ 19-12-2024 വരെ)
15. ശ്രീമതി നസീറ ബീവി എ. എൻ. - അക്കൗണ്ടന്റ് (9-1-2025 മുതൽ)
16. ശ്രീമതി അനു വി. കെ. - ക്ലാർക്ക്-കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ (സി1) (4-11-2020 മുതൽ)

| | | | |
|---|---|---|---|
| 17. | ശ്രീമതി സനിൽ പ്രഭ വി. എം. | - | ക്ലാർക്ക്-കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എ1)<br>(4-1-2024 മുതൽ) |
| 18. | ശ്രീ. അൻവർ കെ. | - | ക്ലാർക്ക്-കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ (സി2)<br>(6-3-2024 മുതൽ) |
| 19. | ശ്രീമതി ജിനി എൽ. രാജ് | - | ക്ലാർക്ക്-കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എ3)<br>(17-6-2023 മുതൽ) |
| 20. | ശ്രീമതി ഷീബ ആർ. | - | ക്ലാർക്ക്-കം ഡാറ്റാ എൻട്രി ഓപ്പറേറ്റർ (എ2)<br>(5-8-2022 മുതൽ) |
| 21. | ശ്രീമതി ലീന എസ്. രാജ് | - | ഓഫീസ് അറ്റൻഡന്റ്<br>(5-1-2019 മുതൽ 4-1-2024 വരെ) |
| 22. | ശ്രീമതി ഷിജി കെ. ജോൺ | - | ഓഫീസ് അറ്റൻഡന്റ്<br>(11-10-2019 മുതൽ 10-10-2024 വരെ) |
| 23. | ശ്രീ. അരുൺ കുമാർ എസ്. | - | ഓഫീസ് അറ്റൻഡന്റ് (1-12-2021 മുതൽ) |
| 24. | ശ്രീമതി അനീഷ തിങ്കൾ | - | ഓഫീസ് അറ്റൻഡന്റ് (19-4-2024 മുതൽ) |
| 25. | ശ്രീമതി പ്രവീണ ചന്ദ്രൻ പി. | - | ഓഫീസ് അറ്റൻഡന്റ് (4-2-2025 മുതൽ) |
| 26. | ശ്രീമതി സൈഫുന്നിസ | - | പാർട്ട്-ടൈം-സ്വീപ്പർ (3-12-2015 മുതൽ) |